بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 3

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 18

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 മെയ് 03/ഹി:ശം:1397 ഹിജ്റത്ത് 03/ഹി:ഖ:1439 ശഅ്ബാൻ 16


## അല്ലാഹുവിന്റെ വചനം

يٰۤاَيُّهَا الَّذِيۡنَ اٰمَنُوۡا كُلُوۡا مِنۡ طَيِّبٰتِ مَا رَزَقۡنٰكُمۡ وَاشۡكُرُوۡا لِلّٰهِ اِنۡ كُنۡتُمۡ اِيَّاهُ تَعۡبُدُوۡنَ

(سورۃ البقرہ:173)

സത്യവിശ്വാസികളെ! നാം നിങ്ങൾക്ക് നല്കിയിട്ടുള്ള നല്ല വസ്തുക്കളിൽ നിന്ന് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക. അല്ലാഹുവിനോട് നിങ്ങൾ നന്ദികാണിക്കുകയും ചെയ്യു; അവനെതന്നെയാണ് നിങ്ങൾ ആരാധിക്കുന്നതെങ്കിൽ.

(2:173)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ദൈവം എന്നെ സംബോധന ചെയ്തുകൊണ്ടിപ്രകാരം പറഞ്ഞു:**
**"നീയും നിന്റെ ഭവനത്തിന്റെ നാലു കെട്ടിനുള്ളിലുള്ളവരും പൂർണമായ അനുസരണവും കീഴ്വണക്കവും കാണിക്കുന്നവരും സത്യഭക്തിയാൽ നിന്നിൽ ലീനരായിത്തീർന്നവരും പ്ലേഗിൽനിന്ന് സുരക്ഷിതരായിരിക്കും. ഒടുവിൽ ലോകം സാശ്ചര്യം ഏറ്റുപറയുമാറാകും, ദൈവത്തിന്റെ സഹായം ഈ സമൂഹത്തോടൊപ്പം ഉണ്ടായിരുന്നുവെന്നും ദൈവം അതുല്യവും അത്ഭുതാവഹവുമായ തരത്തിൽ ഇക്കൂട്ടരെ തന്റെ കാരുണ്യപ്രകർഷത്താൽ രക്ഷിക്കുകയുണ്ടായിയെന്നും!**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ലൻയ്യുസ്വീബനാ ഇല്ലാ മാ കതബല്ലാഹു ലനാ ഹുവ മൗലാനാ വ അലല്ലാഹി ഫൽയത്തവക്കലിൽ മുഅ്മിനൂൻ(9:51)**

അല്ലാഹു നമുക്കായി എഴുതിയിട്ടുള്ള ആപത്തല്ലാതെ ഒന്നും നമ്മെ ബാധിക്കുകയില്ല. അവൻതന്നെയാണ് നമ്മുടെ കാര്യങ്ങൾ നേരെ നടത്തുന്നവനും രക്ഷാധികാരിയും. വിശ്വാസികൾ അവനിൽത്തന്നെ എല്ലാ കാര്യങ്ങളും ഭരമേല്പിച്ചുകൊള്ളട്ടെ.

പ്രജകളിൽ കനിഞ്ഞ് പ്ലേഗിൽനിന്ന് രക്ഷപ്പെടാനു ള്ള കുത്തിവെപ്പ് നടത്തുന്നതിന് ഇംഗ്ലീഷ് സർക്കാർ വീണ്ടും തീരുമാനിച്ചിരിക്കുന്നത് തികച്ചും അഭിനന്ദനീയം തന്നെയാണ്. ദൈവത്തിന്റെ ദാസന്മാരുടെ ക്ഷേമത്തെ ലാക്കാക്കി എത്രയോ ലക്ഷം രൂപയുടെ ഈ ചെലവ് വഹിക്കുവാൻ സർക്കാർ തീർച്ചയാക്കിയതിനെ അഭിനന്ദിക്കേണ്ടത് വിവരമുള്ളവരുടെ ധർമമാണ്. കുത്തിവെപ്പിന്റെ കാര്യത്തിൽ അനിഷ്ടം കാണിക്കുന്നവർ അങ്ങേയറ്റം അവിവേകികളും ആത്മശത്രുക്കളുമത്രെ. കാരണം സൂക്ഷ്മതയുള്ള ഈ സർക്കാർ ഒരുപാട് നിരീക്ഷണങ്ങൾക്കുശേഷം യഥാർഥത്തിൽ ഫലപ്രദമെന്ന് കണ്ടാലല്ലാതെ ഏതെങ്കിലും പരീക്ഷണാത്മകമായ ചികിത്സ നടപ്പിൽ വരുത്താൻ ആഗ്രഹിക്കുന്നില്ല എന്നത് പലപ്പോഴും അനുഭവത്തിൽ വന്നുകഴിഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് സത്യാധിഷ്ഠിതമായ അഭ്യുദയകാംക്ഷയോടെ ലക്ഷക്കണക്കിന് രൂപ സർക്കാർ ചെലവഴിക്കുന്നതും ചെലവഴിച്ചുകഴിഞ്ഞതും അവരുടെ ഏതെങ്കിലും സ്വാർഥപരമായ നേട്ടത്തിനാണെന്ന് കരുതുന്നത് മനുഷ്യത്വത്തിന് നിരക്കാത്തതാണ്. ഇങ്ങനെ തെറ്റുധാരണ വെച്ചുപുലർത്തുന്നവർ ഭാഗ്യദോഷികളാണ്. ഈ ലോകത്ത് ഇന്നുവരെ ഈ സർക്കാർ കൈവരിച്ചിട്ടുള്ള ഫലപ്രദമായ ചികിത്സകളിൽ ഏറ്റവും വലുതും ഉന്നതവുമായ ചികിത്സ പ്രതിരോധകുത്തിവെപ്പാണെന്ന കാര്യത്തിൽ സംശയമില്ല. ഈ ചികിത്സ ഫലപ്രദമായി കണ്ടുവെന്നത് ഒരുവിധേനയും നിഷേധിക്കാനും പറ്റുകയില്ല. ഇതിനെ പ്രാവർത്തികമാക്കുകയും ഈ ലൗകിക മാർഗങ്ങൾ പ്രയോജനപ്പെടുത്തുകയും അങ്ങനെ ജനങ്ങളുടെ ജീവനെ സംബന്ധിച്ച് സർക്കാരിനുണ്ടായിട്ടുള്ള വിഷമം അകറ്റുകയും ചെയ്യേണ്ടത് എല്ലാ പൗരന്മാരുടേയും നിർബന്ധകടമയാകുന്നു. എന്നാൽ, അങ്ങേയറ്റം വിനയത്തോടുകൂടി ഞാൻ ഈ പ്രജാക്ഷേമതൽപരരായ സർക്കാർ സമക്ഷം ബോധിപ്പിച്ചുകൊള്ളട്ടെ; എന്നെ സംബന്ധിച്ചിടത്തോളം ദിവ്യമായ ഒരു തടസ്സം ഇല്ലായിരുന്നുവെങ്കിൽ പ്രജകളിൽ ആരേക്കാളും മുമ്പിൽ കുത്തിവെപ്പ് നടത്തുന്നത് ഞാനായിരുന്നേനെ! ആ ദിവ്യമായ തടസ്സം ഇതാകുന്നു: ഈ കാലത്ത് മനുഷ്യർക്കായ് സ്വർഗീയമായ ഒരനുഗ്രഹാടയാളം വെളിപ്പെടുത്താൻ ദൈവം ഇച്ഛിച്ചിരിക്കുന്നു. ദൈവം എന്നെ സംബോധന ചെയ്തുകൊണ്ടിപ്രകാരം പറഞ്ഞു: "നീയും നിന്റെ ഭവനത്തിന്റെ നാലു കെട്ടിനുള്ളിലുള്ളവരും പൂർണമായ അനുസരണവും കീഴ്വണക്കവും കാണിക്കുന്നവരും സത്യഭക്തിയാൽ നിന്നിൽ ലീനരായിത്തീർന്നവരും പ്ലേഗിൽനിന്ന് സുരക്ഷിതരായിരിക്കും. ഈ അന്ത്യനാളുകളിൽ സമുദായങ്ങളെ ഇപ്രകാരം വേർതിരിച്ചു കാണിക്കുകയെന്നതത്രെ ആ അത്ഭുതാടയാളം. എന്നാൽ, പൂർണമായും നിനക്ക് കീഴ്വണക്കം കാണിക്കാത്തവർ നിന്നിൽപ്പെട്ടവരല്ല. അവർക്കായി നീ വ്യാകുലപ്പെടരുത്. ഇത് ദൈവകല്പനയത്രെ. ഇക്കാരണത്താൽ എനിക്കും എന്റെ ഭവനത്തിന്റെ നാലുകെട്ടിനകത്തിരിക്കുന്നവർക്കും കുത്തിവെപ്പിന്റെ ഒരാവശ്യവുമില്ല. കാരണം നാം ഇപ്പോൾ പ്രസ്താവിച്ചതുപോലെ ഏതൊരുവന്റെ അറിവിൽനിന്നും നിയന്ത്രണത്തിൽനിന്നും ഒരു വസ്തുവും അതീതമായിട്ടില്ലയോ, ആകാശത്തിന്റേയും ഭൂമിയുടേയും ആ ദൈവം താൻ ഈ ഭവനത്തിന്റെ നാലുകെട്ടിനുള്ളിലുള്ള ഓരോ വ്യക്തിയേയും പ്ലേഗ് മരണത്തിൽനിന്ന് രക്ഷിക്കുന്നതാണ്" എന്ന് കുറേകാലം മുമ്പേ ദിവ്യവെളിപാടുമൂലം എന്നെ അറിയിച്ചിരുന്നു. എന്നാൽ, അവർ തങ്ങളുടെ എല്ലാ എതിർപ്രവർത്തനങ്ങളിൽനിന്നും ദുരുദ്ദേശ്യങ്ങളിൽനിന്നും തികച്ചും വിട്ടുനിന്ന് തികഞ്ഞ ആത്മാർഥതയോടും അനുസരണത്തോടും വിനയത്തോടും ഈ പ്രസ്ഥാനത്തിൽ ബയ്അത്ത് ചെയ്ത് പ്രവേശിക്കുകയും ദൈവത്തിന്റെ കല്പനകളുടേയും അവനാൽ നിയോഗിക്കപ്പെട്ട വ്യക്തിയുടേയും മുമ്പിൽ ഒരുവിധത്തിലുള്ള അഹങ്കാരവും ധിക്കാരവും ഗർവും അലംഭാവവും കാണിക്കാതിരിക്കുകയും വിശുദ്ധഖുർആനിന്റെ അധ്യാപനങ്ങളനുസരിച്ച് ജീവിതം നയിക്കുകയും ചെയ്യുന്നവരായിരിക്കണം. അവൻ എന്നെ സംബോധന ചെയ്തുകൊണ്ട് ഇപ്രകാരവും പറഞ്ഞു: പൊതുവെ ശ്വാക്കളെപ്പോലെ ചത്തൊടുങ്ങുകയും വ്യസനാതിരേകത്താൽ ഭ്രാന്ത് പിടിപെട്ടവരെപ്പോലെ ആയിത്തീരുകയും ചെയ്യുന്ന വിനാശകരമായ പ്ലേഗ് ഖാദിയാനിൽ വരുന്നതല്ല. ഈ ജമാഅത്തിലുള്ള സകലരും അവരെത്ര പേരായാലും ശത്രുക്കളെയപേക്ഷിച്ച് പ്ലേഗിൽനിന്ന് സുരക്ഷിതരായിരിക്കും. എന്നാൽ, തങ്ങളുടെ അനുസരണപ്രതിജ്ഞയിൽ പൂർണമായും നിലകൊള്ളാത്തവരിലും അല്ലെങ്കിൽ അല്ലാഹുവിന് മാത്രമറിയുന്ന ഏതെങ്കിലും നിഗൂഢമായ കാരണത്തിന് പാത്രീഭൂതരായിട്ടുള്ളവരിലും പ്ലേഗ് രോഗം ഉണ്ടാകാവുന്നതാണ്. ഒടുവിൽ ലോകം സാശ്ചര്യം ഏറ്റുപറയുമാറാകും, ദൈവത്തിന്റെ സഹായം ഈ സമൂഹത്തോടൊപ്പം ഉണ്ടായിരുന്നുവെന്നും ദൈവം അതുല്യവും അത്ഭുതാവഹവുമായ തരത്തിൽ ഇക്കൂട്ടരെ തന്റെ കാരുണ്യപ്രകർഷത്താൽ രക്ഷിക്കുകയുണ്ടായിയെന്നും! ഈ സംഗതികളെ ചൊല്ലി ചിലർ ഇളകിപ്പുറപ്പെടും. ചിലർ പരിഹസിച്ചു ചിരിക്കും. മറ്റുചിലർ എന്നെ ഭ്രാന്തനെന്നു വിളിക്കും. വേറെ ചിലർ അമ്പരപ്പെട്ടു ചോദിക്കും, എന്ത്? ഭൗതികമായ ഉപാധികളൊന്നും കൂടാതെ ഇത്തരത്തിൽ കാരുണ്യവർഷം ചെയ്യുന്ന ഒരു ദൈവമുണ്ടോ? എന്ന്! ഇതിനുള്ള ഉത്തരമിതാണ്: അതെ! അങ്ങനെയുള്ള സർവ്വശക്തനായൊരു ദൈവമുണ്ട്! അവനങ്ങനെയല്ലായിരുന്നെങ്കിൽ, അവനുമായി ബന്ധം വയ്ക്കുന്നവർ ജീവനോടെതന്നെ മരിച്ചുപോകുമായിരുന്നു. അവൻ അത്ഭുതകരമായ സർവ്വശക്തനാണ്. അവന്റെ പരിശുദ്ധ ശക്തിപ്രഭാവങ്ങൾ വിസ്മയകരമാണ്. ഒരു ഭാഗത്ത് അജ്ഞരായ എതിരാളികളെ തന്റെ സുഹൃത്തുക്കളുടെമേൽ ശ്വാക്കൾക്കെന്നപോലെ അധികാരം നല്കി വാഴിക്കുകയും മറുഭാഗത്ത് ആ സുഹൃത്തുക്കളെ സേവിക്കാൻ മലക്കുകൾക്ക് കല്പന കൊടുക്കുകയും ചെയ്യുന്നു. അപ്രകാരംതന്നെ ലോകത്തിനുമേൽ അവന്റെ ക്രോധം അതിക്രമിക്കുകയും അവന്റെ കോപം അക്രമികളുടെമേൽ അലതല്ലുകയും ചെയ്യുമ്പോൾ അവന്റെ സ്നേഹദൃഷ്ടി തന്റെ പ്രിയപ്പെട്ട ആളുകളെ സംരക്ഷിക്കുന്നു. അങ്ങനെയല്ലായിരുന്നുവെങ്കിൽ സത്യവാന്മാരുടെ പ്രവർത്തനശാല താറുമാറായിപ്പോകുമായിരുന്നു. അവരെ ആരും തിരിച്ചറിയുകയുമില്ലായിരുന്നു. അവന്റെ ശക്തിവിലാസങ്ങൾ സീമാതീതമാണ്. എന്നാൽ, വിശ്വാസത്തിന്നനുസൃതമായി അത് ജനങ്ങളിൽ പ്രത്യക്ഷമാകുന്നു. ആർക്കാണോ ദൃഢവിശ്വാസവും സ്നേഹവും അവനിലേക്കുള്ള വിച്ഛേദനവും നല്കപ്പെട്ടിരിക്കുന്നത്, ആരാണോ ഇന്ദ്രിയാശകളുടെ ശീലങ്ങളിൽനിന്ന് വെളിയിലാക്കപ്പെട്ടിരിക്കുന്നത്, അവർക്കായിട്ടാണ് അത്ഭുതകരമായ പ്രതിഭാസങ്ങൾ വെളിപ്പെടുന്നത്. ദൈവം ഇച്ഛിക്കുന്നത് ചെയ്യുന്നു. എന്നാൽ, ദൈവത്തിനുവേണ്ടി സ്വന്തം സമ്പ്രദായങ്ങളെ കീറിമുറിച്ചിടുന്നവർക്ക് അമാനുഷികമായ ശക്തിപ്രഭാവം കാണിക്കാൻ അവനുദ്ദേശിക്കുന്നു. ഇക്കാലത്ത് അവനെ അറിയുന്നവരും അവന്റെ അത്ഭുതകരമായ ശക്തിപ്രഭാവങ്ങളിൽ വിശ്വസിക്കുന്നവരും നന്നേ കുറവാണ്. എന്നല്ല ആ സർവ്വശക്തനായ ദൈവത്തിലൊട്ടും വിശ്വസിക്കാത്തവർ ധാരാളമുണ്ടുതാനും; അവന്റെ ശബ്ദം ഓരോ വസ്തുവും കേൾക്കുന്നുണ്ട്. അവന്റെ മുന്നിൽ മറഞ്ഞതായിട്ടൊന്നുമില്ല. ഇവിടെ ഓർക്കുക, പ്ലേഗ് തുടങ്ങിയ രോഗങ്ങൾക്ക് ചികിത്സ നടത്തുകയെന്നത് പാപമല്ല. എന്നുമാത്രമല്ല, 'അല്ലാഹു മരുന്ന് സൃഷ്ടിച്ചിട്ടില്ലാത്തതായ ഒരു രോഗവും ഇല്ല' എന്ന് ഒരു ഹദീഥിൽ വന്നിരിക്കുന്നു. പക്ഷേ, ഏതൊരു ദൃഷ്ടാന്തം അവൻ നമുക്കായി ഭൂമിയിൽ സ്പഷ്ടമായ രീതിയിൽ പ്രകടമാക്കാൻ ആഗ്രഹിക്കുന്നുവോ ആ ദൃഷ്ടാന്തത്തെ കുത്തിവെപ്പിലൂടെ സംശയാസ്പദമാക്കുന്നത് ഞാൻ പാപമായി ഗണിക്കുന്നു. അവന്റെ സത്യമായ ദൃഷ്ടാന്തത്തേയും വാഗ്ദാനത്തേയും അപമാനിച്ചുകൊണ്ട് കുത്തിവെപ്പിലേക്ക് മടങ്ങുവാൻ ഞാനാഗ്രഹിക്കുന്നില്ല. ഞാൻ അങ്ങനെ ചെയ്യുകയാണെങ്കിൽ എന്നോട് അല്ലാഹു ചെയ്ത വാഗ്ദാനത്തെ അവിശ്വസിച്ചതുകൊണ്ട് അത് സമാധാനം ബോധിപ്പിക്കേണ്ട കുറ്റമായിരിക്കുന്നതാണ്. അപ്പോൾ കുത്തിവെപ്പിനുള്ള ഈ മരുന്ന് കണ്ടുപിടിച്ച ഭിഷഗ്വരനോടായിരിക്കും ഞാൻ നന്ദിയുള്ളവനായിരിക്കുക, 'ഈ ഭവനത്തിന്റെ നാലുകെട്ടിനുള്ളിലുള്ളവരെ താൻ രക്ഷിക്കും' എന്ന് എന്നോട് വാഗ്ദാനം ചെയ്ത ആ അല്ലാഹുവിനോടായിരിക്കുകയില്ല. **(കശ്തിയെ നൂഹ് റൂഹാനീ ഖസാഇൻ വാല്യം 19 പേജ് 1)**


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഈദു ഖുത്ബ

**ഇന്ന് പെരുന്നാൾ ദിവസമാണ്. അത് സന്തോഷത്തിന്റെ ദിവസമാണ്. അല്ലാഹുവിന്റെ കല്പനയാൽ അവൻ മനുഷ്യപ്രകൃതിയെ മുന്നിൽ കണ്ടു കൊണ്ട് പെരുന്നാളിന്റെ സന്തോഷങ്ങൾ ആഘോഷിക്കാൻ ദിവസം നിശ്ചയിച്ചിട്ടുള്ളതുകൊണ്ടാണ് നമ്മൾ സന്തോഷമാഘോഷിക്കുന്നത്.ലോകത്ത് മറ്റു ജനതകളും മതങ്ങളും ഈ മനുഷ്യപ്രകൃതി അനുസരിച്ച് തങ്ങളുടെ സന്തോഷമാഘോഷിക്കാനുള്ള ദിനം നിശ്ചയിച്ചിട്ടുള്ളതായി നമ്മൾ കാണുന്നു. പക്ഷേ, ഇസ്‌ലാം സംഘടിക്കാൻ വെച്ചിട്ടുള്ള ആ വർണം ആ ജനതകളുടെ സന്തോഷത്തിന്റെ സമ്മേളന ദിനങ്ങളിൽ ഇല്ല. അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിന് നമ്മൾ സാധാരണദിവസങ്ങളിൽ ആരാധനകളിലേക്ക് ശ്രദ്ധിക്കാറുണ്ട്. നിർബന്ധമാക്കപ്പെട്ട അഞ്ചുനേര നമസ്കാരം അനുഷ്ഠിക്കുന്നു. പെരുന്നാൾ ദിവസം, ആ സന്തോഷം ആഘോഷിക്കുന്ന ദിവസത്തോടൊപ്പം നമ്മളിൽ 6 നമസ്കാരം നിർബന്ധമാക്കപ്പെടുന്നു.**

**ഒരു സാധാരണമനുഷ്യനെ അപേക്ഷിച്ച് മുസ്‌ലിം എന്ന നിലയിൽ, അല്ലാഹുവിനെ സ്തുതിക്കുകയും അവനോട് നന്ദികാണിക്കുകയും ചെയ്യേണ്ടത് നമുക്ക് കൂടുതൽ നിർബന്ധമാണ്. സ്വന്തം സഹോദരങ്ങളോടു നല്ലരീതിയിൽ പെരുമാറുക, ശാന്തിയുടേയും പ്രീതിയുടേയും സ്നേഹത്തിന്റേയും സന്ദേശം നാലുപാടും പ്രചരിപ്പിക്കുക, സമൂഹത്തിൽ സ്നേഹത്തോടും സന്തോഷത്തോടുംകൂടി താമസിക്കുക, പരസ്പരം കടമകൾ നിറവേറ്റിക്കൊണ്ട് താമസിക്കുക എന്നത് യഥാർഥമായ പെരുന്നാളിന്റെ സന്തോഷങ്ങളുടെ വാഹകരാക്കുന്നു. അതിനാൽ ഈ ഭാഗത്തേക്ക് നമുക്ക് നമ്മുടെ സന്തോഷത്തിന്റെ അടിസ്ഥാനത്തിൽ ശ്രമിക്കേണ്ടതാണ്. കേവലം വ്യക്തിപരമായ സന്തോഷമാകരുത് മറിച്ച് ചുറ്റുവട്ടത്തുള്ളവർക്കും നമ്മൾ എല്ലാതലങ്ങളിലും സന്തോഷങ്ങൾ പകരുന്നവരാകണം.**

**ദീനിന് രണ്ടേരണ്ട് സമ്പൂർണ ഭാഗമാണുള്ളത്. ഒന്ന് അല്ലാഹുവിനെ സ്നേഹിക്കുക. രണ്ടു മനുഷ്യകുലത്തെ എത്രത്തോളം സ്നേഹിക്കണമെന്നാൽ അവർക്കുണ്ടാകുന്ന വിപത്തുകൾ സ്വന്തം വിപത്തായി മനസിലാക്കുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുക.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ അല്ലാഹുവിനോടുള്ള കടമകളും മനുഷ്യരോടുള്ള കടമകളും നിറവേറ്റേണ്ടതിന്റെ വിവിധ സ്ഥാനങ്ങളുടെ ചർച്ച. പെരുന്നാളിന്റെ അവസരത്തിൽ ഈ രണ്ടു കടമകളും നിറവേറ്റണമെന്നുള്ള ഉപദേശം**

**അതിനാൽ നമുക്ക് എല്ലാ തലങ്ങളിലും സ്നേഹം, പ്രീതി, സാഹോദര്യവും കാണുക്കുന്നതിനും കടമകൾ നിറവേറ്റുന്നതിനും ശ്രമിക്കേണ്ടതാണ്. യഥാർഥത്തിൽ ഇക്കാര്യങ്ങളാണ് പെരുന്നാളിന്റെ യഥാർഥമായ സന്തോഷങ്ങൾ കരസ്ഥമാക്കുന്നവരാക്കുന്നത്. അല്ലാഹുവിനോടു നമ്മൾ യഥാർഥമായ നന്ദി കാണിക്കുന്നവരാകട്ടെ. അവനോടുള്ള ആരാധനയുടെ കടമകൾ നിറവേറ്റുന്നവരാകട്ടെ. അവന്റെ ദാസരോടുള്ള കടമകളും നിറവേറ്റുന്നവരാകട്ടെ.**

**ഈദു ഖുത്ബ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഈദു ഖുത്ബ: 2017 ജൂൺ 26/1396 ഇഹ്സാൻ 26**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ -
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ الرَّحۡمٰنِ الرَّحِیۡمِ
مٰلِکِ یَوۡمِ الدِّیۡنِ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ
اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ صِرَاطَ الَّذِیۡنَ
اَنۡعَمۡتَ عَلَیۡہِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ

ഇന്ന് പെരുന്നാൾ ദിവസമാണ്. അത് സന്തോഷത്തിന്റെ ദിവസമാണ്. അല്ലാഹുവിന്റെ കല്പനയാൽ അവൻ മനുഷ്യപ്രകൃതിയെ മുന്നിൽ കണ്ടുകൊണ്ട് പെരുന്നാളിന്റെ സന്തോഷങ്ങൾ ആഘോഷിക്കാൻ ദിവസം നിശ്ചയിച്ചിട്ടുള്ളതുകൊണ്ടാണ് നമ്മൾ സന്തോഷമാഘോഷിക്കുന്നത്; മനുഷ്യൻ തന്റെ ആളുകളോടും സുഹൃത്തുക്കളോടും ചേർന്നുകൊണ്ട് സന്തോഷമാഘോഷിക്കണമെന്നും ഇങ്ങനെ കൂടിച്ചേർന്ന് സന്തോഷമാഘോഷിക്കാനുള്ള അവസരം കിട്ടുന്നതിനുള്ള അവസരമുണ്ടാകണമെന്നുമാണ് മനുഷ്യപ്രകൃതി ആഗ്രഹിക്കുന്നത്. ലോകത്ത് മറ്റു ജനതകളും മതങ്ങളും ഈ മനുഷ്യപ്രകൃതി അനുസരിച്ച് തങ്ങളുടെ സന്തോഷമാഘോഷിക്കാനുള്ള ദിനം നിശ്ചയിച്ചിട്ടുള്ളതായി നമ്മൾ കാണുന്നു. പക്ഷേ, ഇസ്‌ലാം സംഘടിക്കാൻ വെച്ചിട്ടുള്ള ആ വർണം ആ ജനതകളുടെ സന്തോഷത്തിന്റെ സമ്മേളന ദിനങ്ങളിൽ ഇല്ല.

ഇപ്രകാരംതന്നെ ഇസ്‌ലാമിക പെരുന്നാളും സന്തോഷത്തിന്റെ ദിവസവും തമ്മിലുള്ള വ്യത്യാസം, ആ ദിവസം ഈദുപ്രഭാഷണവും ഈദു നമസ്കാരങ്ങളും കൂടുതലായി ഉണ്ടാകുന്നു എന്നതാണ്. നബി(സ) തിരുമേനി നമ്മളോടു ഈദുഖുത്ബ നിർവഹിച്ചുകൊണ്ടു പറഞ്ഞത്, ജനങ്ങൾ ഈദിന്റെ സന്തോഷം ആഘോഷിക്കുന്നതിനോടൊപ്പം അല്ലാഹുവിന്റേയും കാര്യങ്ങൾ കേൾക്കുകയും അവനെ ആരാധിക്കുന്നതിനുവേണ്ടി സംഘടിക്കുകയും ചെയ്യുക എന്നാണ്. അല്ലാഹു മനുഷ്യന്റെ ചുമതലയിലാക്കിയിട്ടുള്ള രണ്ട് ഉത്തരവാദിത്വം പ്രകടമാകണം. ആ ഉത്തരവാദങ്ങൾ എന്താണ്? അല്ലാഹുവിനോടുള്ള കടമ നിറവേറ്റുകയും അവന്റെ ദാസരോടുള്ള കടമ നിറവേറ്റലുമാണത്. ഇപ്പോൾ അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിന് നമ്മൾ സാധാരണദിവസങ്ങളിൽ ആരാധനകളിലേക്ക് ശ്രദ്ധിക്കാറുണ്ട്. നിർബന്ധമാക്കപ്പെട്ട അഞ്ചുനേര നമസ്കാരം അനുഷ്ഠിക്കുന്നു. പെരുന്നാൾ ദിവസം, ആ സന്തോഷം ആഘോഷിക്കുന്ന ദിവസത്തോടൊപ്പം നമ്മളിൽ 6 നമസ്കാരം നിർബന്ധമാക്കപ്പെടുന്നു. ഇതു നല്ല പെരുന്നാളാണെന്നും, ഇതിൽ സന്തോഷങ്ങളും കളിതമാശകളും ആസ്വദിക്കേണ്ടതിനുപകരം വീണ്ടും നമസ്കാരങ്ങൾ നിർബന്ധമാക്കിയെന്നും വീണ്ടും ആരാധനകളിലേക്ക് ശ്രദ്ധ ക്ഷണിച്ചുവെന്നും ലൗകികനായ ഒരാൾ പറയും. പക്ഷേ, അല്ലാഹുവിനെ ആരാധിക്കുന്നതിലും അവന് നന്ദി പറയുന്നതിലുമാണ് യഥാർഥ സന്തോഷമെന്നാണ് ഒരു മുഅ്മിൻ മനസ്സിലാക്കുന്നത്. തന്റെ ആരാധനയോടുള്ള കടമ നിറവേറ്റാനും തന്റെ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റാനും അവൻ നമുക്ക് അവസരം പ്രദാനം ചെയ്തു. സ്വന്തം സന്തോഷങ്ങളും സ്വന്തം സുഹൃത്തുക്കളോടൊപ്പം ചേർന്ന് ആഘോഷിക്കാനും പറഞ്ഞു.

ആ ദിവസം നമ്മളിൽ 6 നമസ്കാരം നിർബന്ധമായിത്തീരുന്നു. അതിനോടൊപ്പം നമ്മൾ അറിയുന്നതുപോലെ സൂറഃ ഫാതിഹായും കൂടുതൽ ഓതുന്നു. എല്ലാ നമസ്കാരത്തിലും സൂറഃ ഫാത്തിഹ ഓതേണ്ടത് നിർബന്ധമാണ്. ഓരോ റക്അത്തിലും ഓതേണ്ടത് നിർബന്ധമാണ്. സൂറഃഫാത്തിഹായിൽ നമ്മൾ അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ എന്ന് ഓതുമ്പോൾ, അല്ലാഹുവിനു നന്ദി പറയുമ്പോൾ ഇത് അല്ലാഹുവിനെ പ്രശംസിക്കലാണ്; തസ്ബീഹാണ്, തഹ്മീദാണ്. സാധാരണ ദിനങ്ങളിൽ നിർബന്ധനമസ്കാരങ്ങളിലും സൂറത്തുകളിലും നമ്മൾ 32 പ്രാവശ്യം സൂറഃ ഫാത്തിഹ ഓതുന്നുണ്ട്; അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ പറയുന്നു. അല്ലാഹുവിനോടുള്ള നന്ദി പ്രകടിപ്പിക്കുന്നു. പെരുന്നാൾ ദിവസം 34 പ്രാവശ്യം അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ ഓതിക്കൊണ്ട് അല്ലാഹുവിനോടു നന്ദി പറയുന്നു. ഐച്ഛിക നമസ്കാരങ്ങളനുഷ്ഠിക്കുന്നവർ ഇതിനെക്കാൾ കൂടുതൽ ഓതാറുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "മുസ്‌ലിംകളോടു അവരുടെ ആരാധ്യൻ ആരാണെന്ന് ചോദിക്കുമ്പോൾ അവർ നിർബന്ധമായും തന്റെ ആരാധ്യൻ, സർവസ്തുതിക്കും അർഹനും സർവശക്തനും എല്ലാത്തിനും കഴിവുള്ളവനുമാണെന്ന മറുപടി നല്കണമെന്ന പാഠമാണ് അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ എന്ന വാക്കുകളിൽ നല്കപ്പെട്ടിട്ടുള്ളത്." (തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ), വാല്യം 1, പേജ് 82, അടിക്കുറിപ്പ്) അതായത് എല്ലാതരത്തിലുള്ള സമ്പൂർണതയും സർവശക്തിയും അല്ലാഹുവിൽ മാത്രം സ്ഥാപിതമാണ്, അവന് മാത്രമുള്ളതാണ്.

അൽഹംദുലില്ലാഹ് എന്നതിനെ കൂടുതൽ വിശദീകരിച്ചുകൊണ്ട് ഒരിടത്ത് സൂറഃഫാത്തിഹായെക്കുറിച്ച് അവിടന്ന് പറയുന്നു: "അൽഹംദുലില്ലാഹ്. ഇതിന്റെ അർഥം എല്ലാ ഓരോ സ്തുതിയും പ്രശംസയും അല്ലാഹുവിനാകുന്നു എന്നാണ്. ഈ വാക്യം അൽഹംദുലില്ലാഹ് എന്നതുകൊണ്ട് ആരംഭിക്കപ്പെട്ടിട്ടുള്ളതിന്റെ യഥാർഥ ഉദ്ദേശ്യം, അല്ലാഹുവിനെ ആരാധിക്കുക എന്നത് ആത്മാവിന്റെ ആവേശത്തോടും സ്വാഭാവികമായ ആകർഷണത്തോടുമായിരിക്കണമെന്നതാണ്." വെറും ബാഹ്യമായതും തലയിൽനിന്നിറക്കിവെക്കുന്നതുമാകരുത് ആരാധന. പ്രത്യുത ആത്മാവിന്റെ ഉത്സാഹത്തോടെയായിരിക്കണം ആരാധിക്കേണ്ടത്. ആരാധനയിലേക്ക് മനസ്സിൽ ഒരു ആകർഷണമുണ്ടാകണം. പറഞ്ഞു: "സ്നേഹംകൊണ്ടും പ്രേമവായ്പുകൊണ്ടും നിറഞ്ഞ ആകർഷണമായിരിക്കണം. സമ്പൂർണമായ സവിശേഷഗുണങ്ങളുടെ സമുച്ചയമാണെന്ന് സ്ഥാപിതമാകാത്തിടത്തോളം ഒരിക്കലും ആരെക്കുറിച്ചും അതുണ്ടാകുകയില്ല; അതു കാണുന്നതുകൊണ്ട് അനിയന്ത്രിതമായി മനസ് സ്തുതിക്കാൻ തുടങ്ങുന്നു." മനുഷ്യൻ ചിന്തിക്കുകയാണെങ്കിൽ അല്ലാഹുവിനുവേണ്ടി മാത്രമേ യഥാർഥമായ സ്തുതി പുറപ്പെടുകയുള്ളൂ. കാരണം അവൻ തന്നെയാണ് എല്ലാ സവിശേഷഗുണങ്ങളുടേയും സമുച്ചയം. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "സമ്പൂർണമായ സ്തുതി രണ്ടുതരത്തിലുള്ള സവിശേഷഗുണങ്ങൾക്കാണുള്ളതെന്ന് പ്രകടമാണ്. ഒന്ന് സമ്പൂർണ സൗന്ദര്യം ഒന്ന് സമ്പൂർണമായ ഉപകാരം." ഈ രണ്ടു കാര്യങ്ങൾ ആരിലെങ്കിലുമുണ്ടെങ്കിൽ അവനെ സ്തുതിക്കാവുന്നതാണ്. ഒന്ന് അവന്റെ സൗന്ദര്യവും മനോഹാരിതയും, രണ്ടാമത്തേത് അവന്റെ ഉപകാരങ്ങൾ. അതുകാണുമ്പോഴാണ് മനുഷ്യൻ സ്തുതിക്കുന്നത്. നന്ദി കാണിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: "ആരിലെങ്കിലും ഈ രണ്ടു സവിശേഷഗുണങ്ങൾ സമ്മേളിച്ചിട്ടുണ്ടെങ്കിൽ, അവനുവേണ്ടി മനസ് ആസക്തമാകുകയും അനുരക്തമാകുകയും ചെയ്യു

(ശേഷം പേജ് 7ൽ)

# ഖുത്‌ബ ജുമുഅ

## ഹദ്‌റത്ത് ജാബിറുബ്നു അബ്ദില്ലാ(റ)യോട് നബി(സ)തിരുമേനി കാണിച്ച വാത്സല്യത്തിന്റെ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളുടെ ചർച്ച

## നബി(സ)തിരുമേനിയുടെ ദുആകൊണ്ട് അദ്ദേഹത്തിന്റെ കൃഷിത്തോട്ടത്തിൽ അസാധാരണമായ അനുഗ്രഹമുണ്ടായതും കടംവീട്ടിയതുമായ അത്ഭുത സംഭവം.

## സിറിയയിലെ ബിലാൽ അദ്‌ലബി സാഹിബിന്റേയും കറാച്ചി ലജ്ന ഇമാഇല്ലാഹ് മുൻ സ്വദർ സലീമ മീർസാഹിബയുടേയും മരണവും പരേതാത്മാക്കളുടെ അനുസ്മരണവും ജനാസ ഗാഇബും

ഖുത്‌ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്

ഖുത്‌ബ ജുമുഅ 2018 മാർച്ച് 30/1397 അമാൻ 30
മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- اَلرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

നബി(സ)തിരുമേനിയുടെ ഒരു സ്വഹാബിയായിരുന്നു ഹദ്‌റത്ത് ജാബിറുബ്നു അബ്ദില്ല(റ). അദ്ദേഹം ഹദ്‌റത്ത് അബ്ദുല്ലാഹിബ്നു അംരിബ്നു ഹറാംമിന്റെ മകനായിരുന്നു. ഈ അബ്ദുല്ലാഹിബ്നു അംരിബ്നു ഹറാംമിനെ കുറിച്ച് കുറച്ചു ജുമുഅ മുമ്പേ ഞാൻ പറഞ്ഞിരുന്നു. അദ്ദേഹം ശഹീദായതിനുശേഷം നബി(സ) തിരുമേനി പറഞ്ഞു: 'നിന്റെ ആഗ്രഹമെന്താണെന്ന് പറയുക, ഞാൻ പൂർത്തിയാക്കിത്തരാം' എന്ന് അല്ലാഹു അദ്ദേഹത്തോടു പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവേ! എന്റെ ആഗ്രഹം നീ എന്നെ വീണ്ടും ലോകത്തേക്ക് അയക്കണമെന്നും ഞാൻ വീണ്ടും നിന്റെ മാർഗത്തിൽ ശഹീദായി നിന്റെയടുക്കൽ തിരിച്ചുവരണമെന്നുമാണ്.' ഇത് തന്റെ മുൻ വിധികൾക്ക് വിരുദ്ധമായതുകൊണ്ട് അത് നടക്കുകയില്ലെന്ന് അല്ലാഹു അദ്ദേഹത്തോടു പറഞ്ഞു. കാരണം മരിച്ചവർ വീണ്ടും ഇഹലോകത്തേക്ക് തിരിച്ചയക്കപ്പെടുകയില്ല. (സുനനുത്തുർമുദി, അബ്‌വാബുത്തഫ്സീറുൽ ഖുർആൻ, ബാബു മിൻസൂറത്തി ആലുഇംറാൻ ഹദീഥ് 3010) അതിനു പുറമെ എന്തെങ്കിലും ആഗ്രഹമുണ്ടെങ്കിൽ പറയുക എന്ന് അല്ലാഹു പറഞ്ഞു! എന്തായാലും ഇതിൽനിന്ന് അദ്ദേഹത്തിന്റെ ത്യാഗത്തിന്റെ നിലവാരവും അദ്ദേഹത്തോടുള്ള അല്ലാഹുവിന്റെ അപാരമായ പെരുമാറ്റവും അറിയാൻ കഴിയുന്നു.

ഹദ്‌റത്ത് ജാബിറുബ്നു അബ്ദില്ല(റ) ഉന്നതസ്ഥാനമുള്ള സ്വഹാബിയായ തന്റെ പിതാവിന്റെ മകനായിരുന്നു. ഹദ്‌റത്ത് ജാബിറുബ്നു അബ്ദില്ല(റ)കുട്ടിക്കാലത്തുതന്നെ 'രണ്ടാം ബയ്അത്തുൽ അഖ്ബാ'യിൽ ബയ്അത്തു ചെയ്തിരുന്നു.(അസദുൽഗാബ വാല്യം 1 പേജ് 492, ജാബിറുബ്നു അബ്ദില്ലാഹിബ്നു ഹറാം, ദാറുൽഇൽമിയ്യ ബേറൂത്ത്)

ഹദ്‌റത്ത് അബ്ദുല്ലാഹിബ്നു അംരിബ്നു ഹറാമിന്റെ സംഭവവിവരണത്തിൽ അദ്ദേഹം തന്റെ മകനോടു തന്റെ ശഹാദത്തിനുശേഷം തോട്ടത്തിലെ വിളവുകൾവിറ്റ് താൻ യഹൂദിയിൽനിന്ന് വാങ്ങിയ കടം വീട്ടണമെന്ന് പറഞ്ഞ കാര്യവും പറഞ്ഞിരുന്നു. (സ്വഹീഹുൽ ബുഖാരി കിതാബുൽ ജനാഇസ് ഹദീഥ് 1351)

നിവേദനമനുസരിച്ച് അദ്ദേഹം ആ കടം വീട്ടി. അക്കാലഘട്ടത്തിൽ തോട്ടങ്ങൾക്കും ധാന്യങ്ങൾക്കും പകരം കടം വാങ്ങുന്ന സമ്പ്രദായമുണ്ടായിരുന്നു. ഹദ്‌റത്ത് ജാബിറും തന്റെ ചെലവ് നിറവേറ്റുന്നതിന് കടം വാങ്ങാറുണ്ടായിരുന്നു. എങ്ങനെയാണ് അവിടന്ന് കടം തിരിച്ചുകൊടുക്കേണ്ട നേരത്ത് യഹൂദിയോടു സംസാരിച്ചതെന്നും മറ്റുമുള്ള അതിന്റെ വിശദമായ ഒരു സംഭവ വിവരണം ലഭിക്കുന്നുണ്ട്. തോട്ടത്തിലെ ഫലം കുറവായതുകൊണ്ട് വരുമാനം കുറവായിരുന്നു. അതിനാൽ കടം വീട്ടാൻ അല്പം സൗകര്യം ചെയ്തുതരണമെന്നും ഇപ്പോൾ കുറച്ചു തരാമെന്നും ബാക്കി അടുത്ത വർഷം വാങ്ങിക്കൊള്ളുകയെന്നും അദ്ദേഹം യഹൂദിയോടു പറഞ്ഞു, പക്ഷേ, ആ യഹൂദി ഒന്നിനും തയ്യാറല്ലായിരുന്നു. ഈ പ്രതിസന്ധി ഘട്ടത്തിൽ ഹദ്‌റത്ത് ജാബിറുബ്നു അബ്ദില്ല(റ)വീണ്ടും നബി(സ) തിരുമേനിയുടെ അടുക്കൽ ഹാജരാകുകയോ അല്ലെങ്കിൽ നബി(സ)തിരുമേനിക്ക് ഇക്കാര്യം അറിയാൻ കഴിയുകയോ ചെയ്തു. നബി(സ) യഹൂദിയോട് ശിപാർശ ചെയ്തെങ്കിലും അയാൾ അംഗീകരിച്ചില്ല. പിന്നീട് നബി(സ) തിരുമേനി എങ്ങനെയാണ് തന്റെ സ്വഹാബിയുടെ കടം വീട്ടുന്നതിനുവേണ്ടി അനുകമ്പയോടെ പെരുമാറിയത്. പ്രാർഥിച്ചത്. എങ്ങനെയാണ് പിന്നീട് അല്ലാഹു അനുഗ്രഹം ചെയ്തത്. അതിനെ സംബന്ധിച്ച് നിവേദനങ്ങളിൽനിന്ന് വിവരം കിട്ടുന്നുണ്ട്. ഇവിടെ ഇതും കൂടെ പറയട്ടെ. ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ അംറ് അതായത് ഹദ്‌റത്ത് ജാബിറിന്റെ പിതാവ് അദ്ദേഹത്തിന്റെ കടംവീട്ടലിനെ സംബന്ധിച്ചുള്ള സംഭവം വിവരിക്കുന്നുണ്ട്. അദ്ദേഹം തന്റെ മകനോട് കടം വീട്ടണമെന്ന് ഉപദേശിച്ചിരുന്നു. എന്തായാലും ആ സമയത്ത് വിളവ് കുറവാണുണ്ടായത്. അതുകൊണ്ട് ആ കടംവീട്ടൽ പ്രയാസകരമായി. പിന്നീട് ഞാൻ പറഞ്ഞതുപോലെ നബി(സ) വരെ കാര്യങ്ങൾ എത്തി. പക്ഷേ, സ്വഹീഹ് ബുഖാരിയിൽ ഒരു നിവേദനം ലഭിക്കുന്നുണ്ട്. അതിൽനിന്ന് തോന്നുന്നത് ഇത് പിന്നീടുണ്ടായ ഏതോ സമയത്തെ സംഭവമാണെന്നാണ്. എന്തായാലും നബി(സ) തിരുമേനിയുടെ തന്റെ അനുയായികളോടുള്ള വാത്സല്യവും നബിയുടെ ദുആ സ്വീകാര്യതയുടെ ദിവ്യാത്ഭുതവും എങ്ങനെയൊക്കെ വിവരിച്ചാലും അതിൽനിന്ന് പ്രകടമാകുന്നുണ്ട്.

ഹദ്‌റത്ത് ജാബിറുബ്നു അബ്ദില്ല(റ) നിവേദനം. മദീനയിൽ ഒരു യഹൂദി ഉണ്ടായിരുന്നു. എന്റെ ഈന്തപ്പനത്തോട്ടത്തിൽ പുതിയ ഫലം വിളയുന്നതുവരെ എനിക്ക് അയാൾ കടം തരാറുണ്ടായിരുന്നു. എന്റെ ഈ കൃഷിസ്ഥലം റോമ എന്നുപേരുള്ള കിണർ നിലകൊള്ളുന്ന വഴിയിലാണുണ്ടായിരുന്നത്. ഒരു പ്രാവശ്യം വർഷം കഴിഞ്ഞുപോയി. എന്നാൽ, ഫലസമ്പത്ത് കുറവായിരുന്നു. പൂർണമായും വിളഞ്ഞിട്ടുമില്ലായിരുന്നു. വിളവെടുക്കുന്ന കാലമായപ്പോൾ ആ യഹൂദി പതിവനുസരിച്ച് തന്നിൽനിന്ന് കടം വാങ്ങിയ തുക ചോദിക്കാൻ വന്നു. ഞാനാണെങ്കിൽ ആ വർഷം ഫലമൊന്നും അറുത്തിരുന്നില്ല. ഞാൻ അയാളോടു ഒരു വർഷംകൂടി നീട്ടിത്തരണമെന്ന് പറഞ്ഞു. പക്ഷേ, അയാൾ നിഷേധിച്ചു. അങ്ങനെ ഈ മുഴുവൻ തോട്ടവും തന്റെ കൈയിൽവരുമെന്ന ഉദ്ദേശ്യമായിരിക്കാം അയാൾക്കുണ്ടായിരുന്നത്. ഈ വിവരം നബി(സ)തിരുമേനി അറിഞ്ഞു. അപ്പോൾ അവിടന്ന് സ്വഹാബത്തിനോടു പറഞ്ഞു: 'വരിക! നമുക്ക് യഹൂദിയോടു ജാബിറിനു കാലാവധി നീട്ടികൊടുക്കാൻ പറയാം.' നബി(സ)തിരുമേനി, കുറച്ചു സ്വഹാബത്തിനോടൊപ്പം എന്റെ കൃഷിത്തോട്ടത്തിൽവന്നു. യഹൂദിയോടു സംസാരിച്ചു. പക്ഷേ, യഹൂദി പറഞ്ഞു:'അബുൽ ഖാസിമേ! ഞാൻ അയാൾക്ക് കാലാവധി നീട്ടികൊടുക്കുകയില്ല.' യഹൂദിയുടെ ഈ പെരുമാറ്റംകണ്ട് നബി(സ)തിരുമേനി ഈത്തപ്പനകൾക്കിടയിൽ ചുറ്റി നടന്ന് ഫലസമൃദ്ധിക്കായി പ്രാർഥിച്ചു. പിന്നീട് വന്ന് യഹൂദിയോടു സംസാരിച്ചു. പക്ഷേ, അയാൾ വീണ്ടും നിഷേധിച്ചു. ജാബിർ(റ) പറയുന്നു: ഇതിന്നിടയിൽ ഞാൻ കൃഷിത്തോട്ടത്തിൽനിന്ന് കുറച്ച് ഈത്തപ്പഴം അറുത്ത് നബി(സ)തിരുമേനിക്ക് നല്കി. അത് അവിടന്ന് ഭക്ഷിച്ചു. എന്നിട്ട് പറഞ്ഞു: 'ജാബിർ, താങ്കളുടെ തോട്ടത്തിൽ കുടിലുണ്ടല്ലോ, അതെവിടെയാണ്?' ഞാൻ അത് പറഞ്ഞുകൊടുത്തപ്പോൾ അവിടന്ന് പറഞ്ഞു: 'അവിടെ പായ വിരിക്കുക. ഞാൻ അല്പം വിശ്രമിക്കട്ടെ.' അദ്ദേഹം പറയുന്നു: ഞാൻ നബി(സ)തിരുമേനി പറഞ്ഞതുപോലെ ചെയ്തു. അവിടന്ന് അവിടെ ഉറങ്ങി. ഉണർന്നപ്പോൾ ഞാൻ ഒരുപിടി ഈത്തപ്പഴം കൊണ്ടുവന്നു. അതിൽനിന്ന് അവിടന്ന് കുറച്ചു തിന്നു. എന്നിട്ട് എഴുന്നേറ്റുനിന്നു. യഹൂദിയുമായി വീണ്ടും സംസാരിച്ചെങ്കിലും അയാൾ അത് സമ്മതിച്ചില്ല. അവിടന്ന് വീണ്ടും ഈത്തപ്പനകൾക്കിടയിൽ ചുറ്റി നടന്നു. എന്നോടു പറഞ്ഞു, 'ജാബിർ ഈത്തപ്പനകുലകൾ അറുത്തിടാൻ തുടങ്ങുക. യഹൂദിയുടെ കടം വീട്ടുക.' ഞാൻ ഈത്തപ്പഴം അറുത്തിടാൻ തുടങ്ങി. ആ നേരത്ത് അവിടന്ന് ഈത്തപ്പനകൾക്കിടയിൽ നില്ക്കുകയായിരുന്നു. ജാബിർ(റ) പറയുന്നു: ഞാൻ ഈത്തപ്പനക്കുലകൾ അറുത്ത് യഹൂദിയുടെ കടം മുഴുവൻ വീട്ടി. കുറച്ചു ഈത്തപ്പഴം ബാക്കിയായി. ഞാൻ നബി(സ)തിരുമേനിയോടു ഈ സന്തോഷവാർത്ത പറഞ്ഞപ്പോൾ അവിടന്ന് അരുൾചെയ്തു: 'ഞാൻ അല്ലാഹു

വിന്റെ റസൂലാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു.'(സ്വഹീഹുൽ ബുഖാരി കിതാബുൽ അത്അമ ഹദീഥ് 5443). അതായത് ഏതൊരു ദിവ്യദൃഷ്ടാന്തമാണോ ഉണ്ടായത് അതൊരു അസാധാരണമായ സംഭവമായിരുന്നു. അല്ലാഹു എന്റെ ദുആകൾ സ്വീകരിക്കുകയും എന്റെ ജോലികളിൽ അനുഗ്രഹമിടുകയും ചെയ്യുന്നു!

ഇതിൽ നബി(സ)തിരുമേനിയുടെ വാത്സല്യവും ദുആയും കാരണത്താൽ കൃഷിഫലത്തിൽ ബർക്കത്തുണ്ടായ സംഭവം നാം നോക്കിക്കാണുമ്പോൾ അവിടെ കടം വീട്ടാൻ കഴിയാത്തതിലുള്ള സ്വഹാബത്തിന്റെ അസ്വസ്ഥതയും കാണാൻ കഴിയുന്നുണ്ട്. ഒരു യഥാർഥ മുഅ്മിനിന്റെ പ്രത്യേകം എടുത്തു പറയാവുന്ന ആത്മാവ് ഇതായിരിക്കേണ്ടതാണ്.

എന്നാൽ, ചില സന്ദർഭങ്ങളിൽ നമുക്കിവിടെ സമൂഹത്തിൽ ചിലർ അഹ്മദി എന്നു പറഞ്ഞിട്ട് കടം വീട്ടുന്ന കാര്യം ശ്രദ്ധിക്കാത്തത് കാണാൻ കഴിയുന്നു. കടംവീട്ടുന്ന കാര്യത്തിൽ അതും ഇതും പറഞ്ഞ് കളിപ്പിക്കുന്നു. വർഷങ്ങൾ കഴിഞ്ഞുപോകുന്നു. കേസും വഴക്കും നടക്കുന്നു. അതിനാൽ 'എന്റെ ബയ്അത്തിൽ വന്നതിനുശേഷം സ്വഹാബാക്കളുടെ മാതൃകകൾ നിങ്ങളുടെമേൽ നടപ്പിൽ വരുത്തുമ്പോഴാണ് മഹ്ദിയും മസീഹും വന്നതിനുശേഷമുള്ള ആ മനോഹരമായ സമൂഹം നിലവിൽ വരുന്നത്' എന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകൾ നമ്മൾ എപ്പോഴും ഓർമവയ്ക്കേണ്ടതാണ്.(മൽഫൂദാത്ത് വാല്യം 7 പേജ് 413)

കടംവീട്ടേണ്ടതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ഹദ്റത്ത് ജാബിർ(റ)ൽ നിന്ന് ഒരു നിവേദനം വിവരിക്കപ്പെടുന്നുണ്ട്. പക്ഷേ, ഇതിനു മുമ്പേ ഒരു സംഭവം വിവരിക്കാം. ചില രിവായത്തുകളിൽ വന്നിരിക്കുന്നു. കടം വീട്ടിക്കഴിഞ്ഞു എന്ന് അറിഞ്ഞപ്പോൾ ഹദ്റത്ത് ഉമറും അവിടെ എത്തി. ഹദ്റത്ത് ഉമറിനോട് നബി(സ) പറഞ്ഞു: 'എന്താണ് സംഭവിച്ചതെന്ന് അയാളോടു ചോദിക്കുക.' ഹദ്റത്ത് ഉമർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! എനിക്ക് ചോദിക്കേണ്ട ആവശ്യമില്ല. കാരണം അങ്ങ് തോട്ടത്തിൽ ചുറ്റി നടന്നപ്പോൾത്തന്നെ ഈ കടം വീട്ടുമെന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ടായിരുന്നു. രണ്ടാമത് കറങ്ങിവന്നപ്പോൾ ആ വിശ്വാസം അധികമായി.' (സ്വഹീഹ് ബുഖാരി, ഹദീദ് നമ്പർ 2396) ഞാൻ പറഞ്ഞതുപോലെ കടംവീട്ടേണ്ടതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ഹദ്റത്ത് ജാബിർ(റ)ൽ നിന്ന് ഒരു നിവേദനം വിവരിക്കപ്പെടുന്നുണ്ട്. ഒരു സ്വഹാബിക്ക് രണ്ടു ദീനാർ കടമുണ്ടായിരുന്നു. അദ്ദേഹം മരിച്ചുപോയി. അയാളുടെ ജനാസ നമസ്കരിക്കാൻ നബി(സ)തിരുമേനി വിസമ്മതിച്ചു. അപ്പോൾ മറ്റൊരു സ്വഹാബി അദ്ദേഹത്തിന്റെ കടം വീട്ടാനുള്ള ഉത്തരവാദിത്വം ഏറ്റെടുത്തു. അപ്പോഴാണ് നബി(സ)തിരുമേനി അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചത്. അടുത്ത ദിവസം ആ ഉത്തരവാദിത്വം ഏറ്റെടുത്ത വ്യക്തിയോടു, താങ്കൾ ഏറ്റെടുത്ത രണ്ടു ദീനാർ കടം വീട്ടിയോ എന്നു നബി(സ) തിരുമേനി ചോദിച്ചു.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാല്യം 5 പേജ് 104-105 ഹദീഥ് 14590)

കടംവീട്ടേണ്ടതിന്റെ പ്രാധാന്യമിതാണ്. ഈ ചിന്ത ഉണ്ടായിരിക്കേണ്ടതാണ്. പക്ഷേ, ഹദ്റത്ത് ജാബിറിൽനിന്ന് ഇങ്ങനേയും ഒരു രിവായത്ത് ലഭിക്കുന്നുണ്ട്. നബി(സ)തിരുമേനി പറഞ്ഞു:'ഏതെങ്കിലും മുഅ്മിൻ ധനം ഉപേക്ഷിച്ചു മരിച്ചുപോകുകയാണെങ്കിൽ അത് അയാളുടെ കുടുംബക്കാർക്ക് ലഭിക്കുന്നു; സ്വത്തുവകകൾ എന്തു അയാൾ ഉപേക്ഷിച്ചുപോയാലും! ആരെങ്കിലും കടംവീട്ടാതെ മരിച്ചുപോകുകയും സ്വത്തുണ്ടെങ്കിലും മുഴുവൻ കടവും വീട്ടാൻ തികയാതെ വരികയോ നിരാശ്രയരായ കുട്ടികളെ ഉപേക്ഷിച്ചുപോകുകയോ ചെയ്താൽ അയാളുടെ നിരാശ്രയരായ കുട്ടികളെ സംരക്ഷിക്കാനും കടം വീട്ടാനുമുള്ള ഏർപാടു ചെയ്യുന്നതായിരിക്കും.'(സ്വഹീഹ് മുസ്ലിം കിതാബുൽ ജുമുഅ ഹദീഥ് 2005) അതായത് ഭരണകൂടം അത് ചെയ്യുന്നതായിരിക്കും. ഉത്തരവാദപ്പെട്ടവർ അതു ചെയ്യുന്നതായിരിക്കും. അനാഥരെ സംരക്ഷിക്കാനും അവരുടെ ചെലവുകൾക്കുള്ള ഏർപാടു ചെയ്യാനും ഇസ്ലാമിൽ ധാരാളം ഉപദേശങ്ങൾ നല്കപ്പെട്ടിരിക്കുന്നു. ഇക്കാരണത്താലായിരിക്കണം അത് സർക്കാറിന്റെ ഉത്തരവാദിത്വമാണെന്ന് അവിടന്ന് പറഞ്ഞത്. ഇത് വിഭിന്നങ്ങളായ രണ്ട് നിവേദനങ്ങളാണ്. ഒരുഭാഗത്ത് അവിടന്ന് രണ്ടുദീനാർ കടംവീട്ടാനുള്ള ഒരാളുടെ ജനാസ നമസ്കരിക്കാൻ വിസമ്മതിച്ചു. രണ്ടാമത്തെ തവണ അവിടന്ന് ഇത് സർക്കാറിന്റെ ഉത്തരവാദിത്വമാണെന്ന് പറഞ്ഞു. ഇത് വിവിധ അവസരങ്ങളിൽ നടന്നതാണെന്ന് തോന്നുന്നു. ഒന്നാമത്തേത് കാരണമില്ലാതെ കടം വാങ്ങുന്നവർക്ക് കടംവീട്ടേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കാനും അവരുടെ ബന്ധുക്കളും അടുത്തവരും കടംവീട്ടേണ്ട ഉത്തരവാദിത്വം നിറവേറ്റണമെന്ന് പറയാനും വേണ്ടിയാണ്. രണ്ടാമത്തെ അവസരത്തിൽ അനാഥമക്കളെ പോറ്റാനും അവരുടെ കടംവീട്ടാനുമുള്ള ചുമതല സർക്കാറിനെ ഏല്പിച്ചിരിക്കുന്നു എന്നതാണ്. ഇതാണ് ഇസ്ലാമിക ഭരണകൂടങ്ങൾക്കുള്ള ഒരു പാഠം. എങ്ങനെയാണ് ഇസ്ലാമികഭരണകൂടങ്ങൾ തങ്ങളുടെ പ്രജകളെ ശ്രദ്ധിക്കേണ്ടതെന്ന് നബി(സ)തിരുമേനി നമുക്ക് പറഞ്ഞുതന്നിരിക്കുന്നു. പക്ഷേ, ദൗർഭാഗ്യവശാൽ ഏറ്റവും കൂടുതൽ പ്രജകളുടെ അവകാശങ്ങൾ കൊള്ളയടിക്കപ്പെടുന്നത് ഇസ്ലാമിക രാഷ്ട്രങ്ങളിലാണ്!

നബി(സ)തിരുമേനി ഹദ്റത്ത് ജാബിറിനോടു വാത്സല്യത്തോടെ പെരുമാറിയ മറ്റൊരു സംഭവം ലഭിക്കുന്നുണ്ട്. നിവേദകൻ പറയുന്നു: ഞാൻ ഹദ്റത്ത് ജാബിറുബ്നു അബ്ദില്ല അൻസ്വാരിയുടെ അടുക്കൽ വന്നു. താങ്കൾ നബി(സ)തിരുമേനിയിൽനിന്ന് കേട്ട കാര്യം വിവരിക്കാൻ അദ്ദേഹത്തോടു പറഞ്ഞു. ഹദ്റത്ത് ജാബിർ(റ) പറഞ്ഞു: ഞാൻ ഒരു യാത്രയിൽ നബി(സ)തിരുമേനിയോടൊപ്പമുണ്ടായിരുന്നു. നിവേദകൻ പറയുന്നു: അത് യുദ്ധത്തിനു പോയതാണോ അതോ ഉംറയ്ക്കുപോയതാണോ എന്നെനിക്കറിയില്ല. എന്തായാലും ഞങ്ങൾ മദീനയിലേക്ക് മടങ്ങിയപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'തങ്ങളുടെ വീട്ടുകാരുടെയടുക്കൽ വേഗം പോകാനാഗ്രഹിക്കുന്നവർക്ക് പോകാവുന്നതാണ്.' ഹദ്റത്ത് ജാബിർ പറയുന്നു: ഇതുകേട്ട് ഞങ്ങൾ വേഗം വേഗം പോയി. ഞാൻ ഒട്ടകപ്പുറത്തായിരുന്നു. അതിന് ചാരനിറമായിരുന്നു. ഒരു കല പോലും അതിലുണ്ടായിരുന്നില്ല. ആളുകൾ എന്റെ പിന്നാലെ ഉണ്ടായിരുന്നു. ഞാൻ അങ്ങനെ പൊയ്ക്കൊണ്ടിരിക്കുമ്പോൾ ഒട്ടകം നിന്നുകളഞ്ഞു. ഞാൻ ഓടിച്ചിട്ടും അത് മുന്നോട്ടു നീങ്ങിയില്ല. നബി(സ)തിരുമേനി അത് കണ്ടു. അവിടന്ന് നല്ലവണ്ണം പിടിച്ചിരിക്കാൻ എന്നോടു പറഞ്ഞു. ഇതു പറഞ്ഞുകൊണ്ട് നബി(സ) തിരുമേനി തന്റെ ചാട്ടവാർകൊണ്ട് ഒന്നടിച്ചു. അപ്പോൾ ഒട്ടകം തന്റെ സ്ഥലത്തുനിന്ന് ചാടി, വേഗത്തിൽ നടക്കാൻ തുടങ്ങി. നബി(സ) തിരുമേനി ചോദിച്ചു: 'ഈ ഒട്ടകത്തെ വില്ക്കുന്നുവോ?' വില്ക്കുന്നുവെന്ന് ഞാൻ പറഞ്ഞു. മദീനയിലെത്തി നബി(സ)തിരുമേനി പല സ്വഹാബാക്കളോടുമൊപ്പം മസ്ജിദിൽ പ്രവേശിച്ചപ്പോൾ ഞാനും നബിയോടൊപ്പം പോയി. ആ ഒട്ടകത്തെ മസ്ജിദിന്നടുത്ത് കൽത്തറയുടെ ഒരു മൂലയിൽ കെട്ടി. ഞാൻ നബി(സ)തിരുമേനിയോടു ഇത് അങ്ങയുടെ ഒട്ടകമാണെന്ന് പറഞ്ഞു. അവിടന്ന് വെളിയിൽ വന്നു. ആ ഒട്ടകത്തിനു ചുറ്റും നടന്നു. പറഞ്ഞു: 'ഈ ഒട്ടകം നമ്മുടെ ഒട്ടകമാണ്.' നബി(സ)തിരുമേനി സ്വർണത്തിന്റെ ധാരാളം ഔഖിയകൾ എടുത്തുകൊണ്ട് ഇത് ജാബിറിന് കൊടുക്കാൻ പറഞ്ഞു. പിന്നീട് അവിടന്ന് 'താങ്കൾ വില മുഴുവനുമെടുത്തോ?' എന്ന് ചോദിച്ചു. എടുത്തുവെന്ന് ഞാൻ പറഞ്ഞു. അവിടന്ന് പറഞ്ഞു: 'ഈ വിലയും ഈ ഒട്ടകവും താങ്കളുടേതാണ്.' (സ്വഹീഹുൽ ബുഖാരി, കിതാബുൽ ജിഹാദ് ഹദീഥ് 2861). നബി(സ)തിരുമേനി വാത്സല്യം കാണിച്ചുകൊണ്ട് ആ ഒട്ടകത്തേയും അദ്ദേഹത്തിനു നല്കി; വിലയും കൊടുത്തു. ഒരു നിവേദനത്തിൽ ഇങ്ങനേയും വിവരം ലഭിക്കുന്നുണ്ട്. അതും കാരണമാകാം. വെള്ളം കൊണ്ടുവരുന്നതിനുവേണ്ടി ഈ ഒട്ടകത്തെ ഉപയോഗിച്ചിരുന്നത് ഹദ്റത്ത് ജാബിറിന്റെ മാതുലനും ബന്ധുവുമായിരുന്നു. നീ എന്തിനാണ് അതിനെ വിറ്റതെന്നും ഇനി എങ്ങനെയാണ് നമ്മൾ വെള്ളം കൊണ്ടുവരിക? എന്നും പറഞ്ഞ് അവർ ജാബിറിനെ ആക്ഷേപിക്കുകയും ചെയതിട്ടുണ്ടാകാം(സ്വഹീഹ് ബുഖാരി, കിതാബുൽ ജിഹാദ്, ഹദീഥ് 29-67)

സ്വഹാബാക്കളോടും അവരുടെ മക്കളോടുമുള്ള നബി(സ)തിരുമേനിയുടെ വാത്സല്യമായിരുന്നു ഇത്. അല്ലാഹു ആ സ്വഹാബാക്കളുടെ പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ നന്മകൾ തുടർന്നുകൊണ്ടുപോകാനും നമ്മുടെമേൽ നടപ്പിൽ വരുത്താനും നമുക്കും തൗഫീഖ് നല്കുമാറാകട്ടെ.

ഈ ഹ്രസ്വമായ ഖുത്ബയ്ക്കുശേഷം ഇനി ഞാൻ സാത്വികരായ രണ്ടുപേരുടെ നന്മകൾ അനുസ്മരിക്കുന്നതാണ്. ആദ്യത്തേത് സിറിയയിലെ ബിലാൽ അദ്‌ലബി സാഹിബിന്റേതാണ്. കഴിഞ്ഞ ദിവസം കാറപകടത്തിൽ അദ്ദേഹത്തിന് ഗുരുതരമായി പരിക്കേല്ക്കുകയും 2018 മാർച്ച് 17 ന് രാത്രി ഒന്നരമണിക്ക് ഹൃദയസ്തംഭനത്താൽ വഫാത്താകുകയും ചെയ്തു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ. ബിലാൽ സാഹിബ് 1978-ൽ ജനിച്ചു. അദ്ദേഹത്തിന് 17 വയസായപ്പോൾ അദ്ദേ


**"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."**
**(ഖുത്ബ ജുമുഅ, 2017 മെയ് 5)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

**"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

ഹത്തിന്റെ അഹ്മദി സഹോദരൻ അദ്ദേഹത്തെ ഡോക്ടർ മുസല്ലംദ്ദറൂബി സാഹിബിന്റെ കമ്പനിയിൽ ജോലി വാങ്ങിക്കൊടുത്തു. അവിടെ നിന്നാണ് അദ്ദേഹത്തിന് ജമാഅത്തിനെ കുറിച്ച് പരിചയപ്പെടാൻ കഴിഞ്ഞത്. കുറച്ചു കാലത്തിനു ശേഷം അദ്ദേഹം ബയ്അത്തു ചെയ്തു. ഡോക്ടർ സാഹിബ് പറയുന്നു: സിറിയയിൽ 2010ൽ ഞങ്ങൾ വിവിധ അഹ്മദികളുടെ വീടുകളിലാണ് നമസ്കാരം അനുഷ്ഠിച്ചിരുന്നത്. ഈ വർഷം ഞങ്ങൾ ഖാദിയാനിൽനിന്ന് മടങ്ങിയപ്പോൾ ബിലാൽ സാഹിബിന്റെ വീട്ടിൽ ജമാഅത്തായി നമസ്കരിക്കാൻ തുടങ്ങി. ഇക്കാരണത്താൽ അദ്ദേഹം ഞാൻ മുഖേന ബയ്അത്ത് ചെയ്തു. അദ്ദേഹം വളരെ ആവേശത്തോടെ എന്നെ വരവേറ്റു. ആതിഥ്യമരുളി. അത് അദ്ദേഹത്തിന്റെ ശീലമായിരുന്നു. പക്ഷേ, താങ്കൾ കാരണത്താലാണ് തനിക്ക് അഹ്മദിയ്യത്തിന്റെ വഴി കിട്ടിയതെന്ന് പറഞ്ഞ് അദ്ദേഹം എന്നോടു നന്ദി കാണിക്കുമായിരുന്നു. വളരെ പ്രശംസിക്കുകയും ചെയ്യുമായിരുന്നു.

സിറിയ ജമാഅത്തിന്റെ പ്രസിഡന്റ് എഴുതുന്നു: ബിലാൽ സാഹിബിന്റേത് സ്പോർട്ട്സ് ഗാർമെന്റ്സിന്റെ കടയായിരുന്നു. ഇദ്ദേഹം എല്ലാ ആശ്രിത സഹോദരങ്ങളേയും വസ്ത്രങ്ങൾ കൊടുത്ത് സഹായിച്ചിരുന്നു. ഇദ്ദേഹത്തിന്റെ കടയിൽ വസ്ത്രങ്ങൾ ഇല്ലെങ്കിൽ എവിടെന്നെങ്കിലും വാങ്ങി അവർക്ക് കൊടുക്കുമായിരുന്നു. വലിയ ധാർമികരോഷമുള്ള ആളായിരുന്നു. വസ്ത്രം ധരിക്കാൻ ഉടുതുണിയ്ക്ക് വകയില്ലാത്ത ഒരു അഹ്മദിപോലും ഉണ്ടാകരുതെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. അവർക്കെന്തെങ്കിലും ഞെരുക്കം അനുഭവപ്പെട്ടാൽ അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാൻ ശ്രമിച്ചിരുന്നു. തന്റെ കുട്ടികളേയും വളരെ ശ്രദ്ധിച്ചു വളർത്തുന്ന ദേഹമായിരുന്നു. അവരെ ഏറ്റവും നല്ല സ്കൂളുകളിൽ ചേർത്തു. അദ്ദേഹം പറയുന്നു: പരേതന്റെ മരണത്തിന് രണ്ട് ദിവസം മുമ്പേ ഞങ്ങൾ അദ്ദേഹത്തിന്റെ വീട്ടിൽ നമസ്കരിച്ചിരിക്കുമ്പോൾ സെക്രട്ടറി മാൽ സാഹിബ് പറഞ്ഞു: ഇദ്ദേഹം വസിയ്യത്ത് ചെയ്യുകയും തഹ്‌രീക്കെ ജദീദിന്റേയും വഖ്ഫെ ജദീദിന്റേയും എല്ലാ നിർബന്ധമായ ചന്ദകളും കൊടുക്കുകയും ചെയ്തു. എന്നല്ല, പുതിയ സ്ഥലം വാങ്ങിയിരുന്നു. അതും അദ്ദേഹം വസിയ്യത്തിൽ ചേർത്തിരിക്കുന്നു. കൃത്യമായി ചന്ദകളുടെ കണക്കുവെക്കുകയും അത് അടച്ചുതീർക്കുകയും സൃഷ്ടിസേവനം ചെയ്യുകയും നമസ്കാരങ്ങൾക്കും ആരാധനാകർമങ്ങൾക്കും പ്രത്യേകം ഏർപാടു ചെയ്യുകയും ചെയ്തിരുന്നു. ഖിലാഫത്തിനോടു അഗാധമായ ബന്ധമായിരുന്നു. എല്ലാ ഖുത്ബകളും കേട്ടിരുന്നു. പ്രസിഡന്റ് സാഹിബെഴുതുന്നു: ഞാൻ ഖുത്ബയുടെ സംഗ്രഹം അടുത്ത ജുമുഅയ്ക്ക് കേൾപ്പിക്കുമ്പോൾ ഇദ്ദേഹം മുഖംപൊത്തി കരയുമായിരുന്നു. തന്നെ കുറിച്ചാണ് കാലത്തിന്റെ ഖലീഫ ഖുത്ബ നല്കുന്നതെന്ന് എപ്പോഴും അദ്ദേഹം പറയുമായിരുന്നു; അല്ലെങ്കിൽ തന്നോടാണ് സംസാരിക്കുന്നതെന്ന്! സന്തപ്ത കുടുംബാംഗങ്ങളിൽ പതിനൊന്നുവയസുള്ള മകനും പന്ത്രണ്ടു വയസുള്ള മകളുമുണ്ട്. ജർമനിയിൽ അദ്ദേഹത്തിന്റെ മൂത്തസഹോദരൻ അഹ്മദിയാണ്. പക്ഷേ, രണ്ട് സഹോദരന്മാരും ഒരു സഹോദരിയും അഹ്മദിയല്ല. എതിർപ്പും ഒരുപാടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ജനാസ നമസ്കരിക്കേണ്ട സമയമായപ്പോൾ അല്ലാഹു ഒരു അത്ഭുതം കാണിച്ചു. അദ്ദേഹത്തിന്റെ സഹോദരൻ പറഞ്ഞു: നിങ്ങൾ അതായത് അഹ്മദികൾ ജനാസ നമസ്കരിച്ചുകൊള്ളുക. ഞങ്ങളുടെ മസ്ജിദിൽ വന്ന് നമസ്കരിച്ചുകൊള്ളുക. നിങ്ങൾക്കൊരു തടസവുമില്ല. പറയുന്നു: അല്ലാഹുവിന്റെ കൃപയാൽ ധാരാളമാളുകൾ നമ്മെ പിന്തുടർന്ന് അദ്ദേഹത്തിന്റെ ജനാസ നമസ്കരിച്ചു.

രണ്ടാമത്തെ അനുസ്മരണം അബ്ദുൽഖാദിർ ഡാർ സാഹിബിന്റെ ഭാര്യയും കറാച്ചി ലജ്ന ഇമാഇല്ലായുടെ മുൻസ്വദ്റുമായ സലീമ മീർ സാഹിബയെ കുറിച്ചാണ്. ഇവരും 2018 മാർച്ച് 17 ന് 90-ാം വയസ്സിൽ വഫാത്തായി. ഇവരുടെ പിതാവ് മീർ ഇലാഹീ ബഖ്ശ് സാഹിബ് സ്വഹാബിയായിരുന്നു. ഗുജ്റാത്ത് ജില്ലയിലെ ശേയ്ഖ്പൂരുമായിട്ടായിരുന്നു ബന്ധം. 1904 -ൽ ബയ്അത്ത് ചെയ്തു. അവരുടെ മാതാവ് മർയം ബീഗം സാഹിബ ഖാദിയാനിലെ വനിത മദ്രസയിൽ പഠിച്ചിരുന്നു. വിശുദ്ധ ഖുർആനിന്റെ ദർസുകളോടു അവർക്ക് പ്രത്യേകം പ്രതിപത്തിയായിരുന്നു.1946-ൽ സലീമാ മീർ സാഹിബയുടെ വിവാഹം നടന്നു. വിഭജനത്തിനുശേഷം അവർ കറാച്ചിയിൽ പോയി. 1961ൽ ഇവർ ഇറാനിലെത്തി. അവിടെ മൂന്നുനാല് അഹ്മദി വീടുകളുണ്ടായിരുന്നു. ഇവർക്കുവേണ്ടി ജുമുഅ നമസ്കരിക്കുന്നതിനും മീറ്റിംഗ് കൂടുന്നതിനുമൊക്കെ ഏർപ്പാടുണ്ടാക്കികൊടുത്തിരുന്നു. 1964-ൽ അവരുടെ ഭർത്താവ് മരണപ്പെട്ടു. അതിനുശേഷം ഇവർ തന്റെ സഹോദരൻ മീർ അമാനുല്ലാ സാഹിബിന്റെ അടുക്കൽ കറാച്ചിയിൽ വന്നു. 8 മക്കളുടെ പരിപാലനത്തോടൊപ്പം സ്വയം പഠിക്കാനും തുടങ്ങി. അങ്ങനെ ബി.എ വരെ പഠിച്ചു. അതിനോടൊപ്പം ലജ്നയുടെ ഓഫീസിൽ ജോലി ചെയ്യാനും തുടങ്ങി. കത്തുകൾക്കുള്ള മറുപടി കൊടുക്കുക എന്നതായിരുന്നു ജോലി. വിവിധ നിലകളിൽ അവർക്കു ലജ്നയുടെ പ്രവൃത്തിചെയ്യാൻ തൗഫീഖ് ലഭിച്ചു. 1981- ൽ സംഘാടകകമ്മിറ്റി നിലവിൽ വന്നപ്പോൾ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ്(റഹ്)അവരെ സംഘാടകകമ്മിറ്റിയുടെ സ്വദ്റായി നി ശ്ചയിച്ചു. സലീമ സാഹിബ പറയുന്നു: എന്നെ കമ്മിറ്റിയുടെ സ്വദ്റായി നിശ്ചയിക്കുകയും അത് വിളംബരം ചെയ്യുകയും ചെയ്തപ്പോൾ എന്റേതു വല്ലാത്തൊരു അവസ്ഥയായിരുന്നു. ഈ ഉത്തരവാദിത്വം എങ്ങനെ നിർവഹിക്കുമെന്നോർത്ത് ഞാനൊരു മായാലോകത്തായിരുന്നു; മറുഭാഗത്ത് എന്റെ വിവരക്കുറവും വിപുലമായ നിലയിൽ ജോലിചെയ്യാനുള്ള പരിചയക്കുറവും. അവർ പറയുന്നു: ഞാൻ ദുആ ചെയ്യാൻ തുടങ്ങി. വളരെ താണുകേണ് അല്ലാഹുവിനോടു സഹായം തേടി. പ്രവർത്തനം ആരംഭിച്ചു. മജ്ലിസെ ആമില മീറ്റിംഗുകൾ വിളിച്ചു ചേർത്തു. പര്യടനം ചെയ്തു. അവരെല്ലാവരോടും അനുസരണത്തെ കുറിച്ചും സംഘടനയുമായി ബന്ധപ്പെട്ടിരിക്കേണ്ടതിനെ സംബന്ധിച്ചും ഇസ്‌ലാമികമായ സ്വഭാവങ്ങൾ സ്വായത്തമാക്കുന്നതിനെ പറ്റിയും പറഞ്ഞു. അനാചാരങ്ങൾക്കെതിരെ ജിഹാദു ചെയ്യാനും അനാവശ്യമായ ആക്ഷേപങ്ങൾ വർജിക്കാനും സമ്മർദം ചെലുത്തി. ചിലർക്ക് ചില ശീലമുണ്ട്; സ്ത്രീകൾക്ക് പ്രത്യേകിച്ചും. ഇപ്പോൾ പുരുഷന്മാർക്ക് കൂടുതലായിട്ടുണ്ട്. അതായത് അകാരണമായി വ്യവസ്ഥിതിയുടെമേൽ ആക്ഷേപം ഉന്നയിക്കാൻ തുടങ്ങുന്നു. അവർ പറഞ്ഞു: നമ്മുടെ മജ്ലിസിൽ ഒരുതരത്തിലുള്ള ആക്ഷേപവും ഉണ്ടാകാൻ പാടില്ല. ധാരാളമായി ഇസ്തിഗ്ഫാർ ചെയ്യാൻ ആവർത്തിച്ചുപറഞ്ഞു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമന്റെ സന്നിധിയിൽ കത്തെഴുതാറുണ്ടായിരുന്നു. പറയുന്നു: അല്ലാഹുവിന്റെ നിയന്ത്രണംകൊണ്ട് കറാച്ചി ജമാഅത്തിന്റെ ലജ്നാ ഇമായില്ലാ ഇവർ മുഖേന അഭിവൃദ്ധിപ്പെടാൻ തുടങ്ങി. 1961 -ൽ അവർ ഇറാനിൽ ലജ്നയുടെ പ്രവർത്തനം ആരംഭിച്ചു; പിന്നീട് പാക്കിസ്താനിലും. 1986-ൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്) അവരെ കറാച്ചി ലജ്ന ഇമാഇല്ലായുടെ സ്വദ്റായി നിശ്ചയിച്ചു.1986 മുതൽ 1997 വരെ അവർ കറാച്ചി ലജ്ന സ്വദ്റായി പ്രവൃത്തിച്ചു. അവരുടെ കാലത്ത് കറാച്ചിയിലെ ലജ്ന പുസ്തക പ്രസിദ്ധീകരണ രംഗത്ത് വലിയ പ്രവർത്തനം കാഴ്ചവെക്കുകയുണ്ടായി. 60 ഗ്രന്ഥവും രണ്ട് മാഗസീനും അവരുടെ അധ്യക്ഷ കാലത്ത് പ്രസിദ്ധീകരിക്കുകയുണ്ടായി. അവരുടെ കാലത്ത് ദാഈ ഇലല്ലായുടെ ക്ലാസുകൾക്കും ആരംഭം കുറിച്ചു. അപ്പോൾ ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്) വളരെയേറെ സന്തോഷം പ്രകടിപ്പിച്ചു. ഹുദൂർ പറഞ്ഞു: 'താങ്കൾ അല്ലാഹുവിന്റെ കൃപയാൽ വളരെ നല്ല പ്രവർത്തനമാണ് ചെയ്തുകൊണ്ടിരിക്കുന്നത്; ഹൃദയത്തിൽനിന്ന് ദുആ പുറപ്പെടുന്നു. അല്ലാഹു നിങ്ങളുടെ ആയുസ്സിലും ആരോഗ്യത്തിലും സന്തോഷങ്ങളിലും അനുഗ്രഹം ചൊരിയുമാറാകട്ടെ. നിങ്ങളുടെ ആത്മാർഥരായ സഹപ്രവർത്തകർക്ക് ഇഹലോകത്തും പരലോകത്തും ഉദാത്തമായ പ്രതിഫലം നല്കുമാറാകട്ടെ.'

അവരുടെ പ്രവർത്തനത്തിന്റെ ഒരുപാടു സംഭവങ്ങളുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഉം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥും അവരുടെ സേവനങ്ങളെ വളരെയേറെ പ്രകീർത്തിച്ചു പറയുകയുണ്ടായി. ഒരു കത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് എഴുതി: 'നിങ്ങളിൽനിന്ന് കറാച്ചി ലജ്ന ഇമാഇല്ലായുടെ റിപ്പോർട്ടു ലഭിച്ചു. അങ്ങേയറ്റം ആത്മാർഥഭരിതമായ വിശ്വാസവികാരങ്ങളും കണ്ടു. ഞാൻ നിങ്ങളുടെ വിശ്വാസവികാരങ്ങളേയും ആത്മാർഥതയേയും ഹൃദയത്തിന്റെ ആഴത്തിൽനിന്ന് വിലമതിക്കുന്നു. നമ്മുടെ റബ്ബിൽ നിന്ന് എപ്പോഴും നിങ്ങൾക്കുവേണ്ടി നന്മ ചോദിച്ചുകൊണ്ടിരിക്കുന്നു. എനിക്ക് വളരെ പ്രിയങ്കരമായ ഓർമകളുടെ ആ ദിനങ്ങൾ മുമ്പത്തേതിനെക്കാൾ തേജോവിലാസത്തോടുകൂടി മടങ്ങിവരാനും ഞാൻ ദുആ ഇരന്നു കൊണ്ടിരിക്കുന്നു.'

സലീമ മീർ സാഹിബ 36-ാമത്തെ വയസിൽ വിധവയായി. അവരുടെ മകൾ പറയുന്നു:'പ

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."
(ഖുത്ബ ജുമുഅ,2017 മെയ് 5.)

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

ക്ഷേ, ഒരിക്കലും ഏതെങ്കിലും തരത്തിലുള്ള അക്ഷമയുടേയോ നന്ദികേടിന്റേയോ വാക്കുകൾ അവരുടെ നാവിൽനിന്ന് കേട്ടിട്ടില്ല. എപ്പോഴും ഏതു കാര്യത്തിനും അല്ലാഹുവിനോടു നന്ദി പ്രകടിപ്പിച്ചുകൊണ്ടിരുന്നു. എപ്പോഴും പോസിറ്റീവായിട്ടായിരുന്നു ചിന്തിച്ചിരുന്നത്. ഇക്കാര്യം കുട്ടികളിലും കാണാൻ ആഗ്രഹിച്ചിരുന്നു.' അവരുടെ ഒരു മകൾ പറയുന്നു:'എന്റെ ഭർത്താവിന് സുഖമില്ലാതായി. അദ്ദേഹത്തിന്റെ അന്തിമരോഗമായിരുന്നു അത്. എന്റെ മാതാവ് എന്റെ അടുത്തു വന്നിട്ടുണ്ടായിരുന്നു. ആദ്യം എനിക്ക് അവർ തന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മൽഫൂദാത്തായിരുന്നു. 'നിന്റെ അബ്ബാ വഫാത്തായതിനുശേഷം താനും മൽഫൂദാത്തിനോടൊപ്പമാണ് ജീവിതം കഴിച്ചിരുന്നതെന്ന് പറഞ്ഞു. എല്ലാം ഞാൻ അല്ലാഹുവിൽ അർപിച്ചു.' എല്ലാ സ്നേഹങ്ങളേയും വലയം ചെയ്യേണ്ടത് അല്ലാഹുവിന്റെ സ്നേഹമാണെന്ന് പറയാറുണ്ടായിരുന്നു. മകൾ പറയുന്നു: ഭർത്താവിന്റെ അവസാന സമയമായപ്പോൾ ഡോക്ടർ എന്നോടു ഒപ്പിടാൻ പറഞ്ഞു. എനിക്ക് സഹിക്കാൻ കഴിഞ്ഞില്ല. ഞാൻ കരായാൻ തുടങ്ങി. എന്റെ ശബ്ദം ഒച്ചത്തിലായി. എന്റെ ഉമ്മയും അതുകേട്ടു. മകൾ പറയുന്നു, ആ നേരത്ത് ഞാൻ അങ്ങേയറ്റം ബുദ്ധിമുട്ടിലായിരുന്നു. സലീമ മീർ സാഹിബ അവിടെ ഇരിപ്പുണ്ടായിരുന്നു. മകളുടെ ഭർത്താവ് വഫാത്താകുകയായിരുന്നു. മകൾ അങ്ങേയറ്റം വിഷമത്തിലായിരുന്നു. മകൾ പറയുന്നു: ഞാൻ ആശുപത്രിയിൽനിന്ന് പോകാനിറങ്ങുമ്പോൾ എന്റെ ഉമ്മയുടെ അടുക്കൽ നിന്നു. പക്ഷേ, അമ്മി അങ്ങേയറ്റം കഠിനമായ രീതിയിൽ പറഞ്ഞു: നീ എന്റെ മകളാണ്. എന്റെ മകൾ ഇത്രമാത്രം അക്ഷമയാകുകയില്ല. നിന്റെ കരച്ചിൽ ഇത്ര ഉറക്കെ എങ്ങനെയാണ് പുറത്തുവന്നത്. അവർ പറഞ്ഞു, ആദ്യഘട്ടത്തിൽ ക്ഷമിക്കുന്നതാണ് യഥാർഥ ക്ഷമ. പിന്നീട് എല്ലാവർക്കും ക്ഷമവരികതന്നെ ചെയ്യും. മകൾ പറയുന്നു: എന്നെ ഉപദേശിച്ചു, നിന്റെ ഭർത്താവ് അല്ലാഹുവിന്റെ അമാനത്തായിരുന്നു. അവൻ തന്നിരുന്നതാണ്. അവന്റെ മുതലായിരുന്നു. അവൻ തിരിച്ചെടുത്തു.

നാലു പെൺമക്കൾക്കുശേഷം ആദ്യത്തെ ആൺകുട്ടി പിറന്നു. കുറച്ചുകാലത്തിനുശേഷം വഫാത്താകുകയും ചെയ്തു. അല്ലാഹുവിന്റെ അമാനത്തായിരുന്നു, അവനെടുത്തുവെന്ന് വലിയ സഹനത്തോടും ക്ഷമയോടുംകൂടി പറയുമായിരുന്നു. എപ്പോഴും ദുആ ചെയ്തുകൊണ്ടിരിക്കുമായിരുന്നു. കുട്ടികൾ പറയുന്നു: ഖലീഫയുടെ കോന്തല ഒരിക്കലും വിട്ടുകളയരുതെന്ന് എപ്പോഴും ഞങ്ങളെ അമ്മി ഉപദേശിക്കുമായിരുന്നു. ഖിലാഫത്തുമായി എപ്പോഴും ബന്ധപ്പെട്ടുകൊണ്ടിരിക്കണം. പർദ വളരെ നിഷ്കർഷതയോടെ പാലിച്ചിരുന്നു. എവിടെയെങ്കിലും പർദയിൽ ബലഹീനത കണ്ടാൽ മറ്റുള്ളവർക്ക് വിഷമമുണ്ടാക്കാത്തവിധം വളരെ നല്ല നിലയിൽ മനസ്സിലാക്കിക്കൊടുക്കുമായിരുന്നു. അവരുടെ ഒരു മകൾ പറയുന്നു:എന്റെ ഇളയ സഹോദരിക്ക് വിവാഹാലോചന വന്നു. ആദ്യം താൻ പെൺകുട്ടിയെ കണ്ടതിനു ശേഷമായിരിക്കും മുന്നോട്ടുള്ള കാര്യങ്ങളെന്ന് ആൺകുട്ടി പറഞ്ഞു. പർദയ്ക്കുപകരം ഇന്ന് സ്കാർഫ് ഇടുവിക്കാമെന്ന് ഞങ്ങൾ ഉമ്മയോടു പറഞ്ഞു. സ്വന്തം മകളുടെ ബന്ധമാണ് ! അപ്പോൾ ഉടനെ ഉമ്മ പറഞ്ഞു: ബന്ധം നടക്കുന്നെങ്കിൽ നടക്കട്ടെ. എന്തായാലും പർദയില്ലാതെ കാണാൻ പോകുകയില്ല. ഒരു മകളുടെ ലണ്ടനിൽ ഡ്രൈവിംഗ് ലൈസൻസിനു വേണ്ടിയുള്ള ടെസ്റ്റായിരുന്നു. ഇൻസ്ട്രക്ടർ പുരുഷനായിരുന്നു. പുരുഷന്റെ മുമ്പിൽ നിന്നെ തനിച്ചുവിടില്ലെന്ന് പറഞ്ഞ് മകളോടൊപ്പം പോയി. ആളുകൾ കളിയാക്കുകയും ചെയ്തു. പക്ഷേ, അവർ ലോകത്തെ ഒട്ടും വകവെച്ചില്ല. തലയിൽ സ്കാർഫ് ഇടുന്നതിനോ പർദ ധരിക്കുന്നതിനോ എപ്പോഴും പറയുമായിരുന്നു. എല്ലാ ഖലീഫമാരുടേയും ഉപദേശങ്ങളടങ്ങിയ ഗ്രന്ഥം ലജ്ന പ്രസിദ്ധീകരിച്ചിരുന്നു. അതിന്റെ പേര് ഊഡ്നീ വാലിയോം കേലിയേ ഫൂൽ എന്നായിരുന്നു. പൂവ് വാങ്ങാനാഗ്രഹിക്കുന്നെങ്കിൽ പുതപ്പ് എടുക്കേണ്ടിവരുമെന്ന് അവർ പറയാറുണ്ടായിരുന്നു. പർദ ധരിക്കുന്നവർക്കുവേണ്ടിയാണ് പുഷ്പമുള്ളത്. ഒരു ദൗഹിത്രി പറയുന്നു: എന്റെ വിവാഹം നടക്കാൻ പോകുമ്പോൾ ഹദ്റത്ത് മുബാറക്ക ബീഗം സാഹിബയുടെ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ള വധുവിനെ വീട്ടിൽനിന്നിറക്കിക്കൊണ്ടുപോകുമ്പോഴുള്ള അവസരത്തിൽ നല്കിയ ഉപദേശങ്ങൾ അണ്ടർലൈൻ ചെയ്ത് എനിക്കുതന്നു. അതാവർത്തിച്ച് വായിക്കണമെന്ന് പറഞ്ഞു.

പാതിരാത്രിവരെ കുമാരികളുടെ ഫംഗ്ഷനുകളിൽ പങ്കെടുക്കുക എന്നത് അവർ ഇഷ്ടപ്പെട്ടിരുന്നില്ല. കോളേജിൽ പഠിക്കുന്ന കാലത്ത് ഞങ്ങളുടെ സഹപാഠികളുടെ വീട്ടിൽ എന്തെങ്കിലും ഫംഗ്ഷനുണ്ടെങ്കിൽ കൂടെ വരുമായിരുന്നു.

ഇന്നും ധാരാളം പെൺകുട്ടികൾ പാതിരാത്രിവരെ കഴിച്ചുകൂട്ടുന്നതിന് അല്ലെങ്കിൽ Night Spend നു വേണ്ടി എഴുതാറുണ്ട്. ഇത് തികച്ചും തെറ്റായ വഴിയാണ്. നമ്മുടെ പെൺകുട്ടികൾ ഇതിൽനിന്ന് വിട്ടു നില്ക്കേണ്ടതാണ്.

പറയുന്നു, ഞങ്ങളുടെ സുബ്ഹി നമസ്കാരം വിട്ടുപോയാൽ പകൽ മുഴുവൻ ഞങ്ങളോടു സംസാരിക്കുമായിരുന്നില്ല. ഞങ്ങൾക്കുള്ള വളരെ വലിയ ശിക്ഷയായിരുന്നു അത്. ഒരിക്കൽ ഇവിടെ അമേരിക്കയിലെ ഷിക്കാഗോയിൽ വന്നിരുന്നു. ഒരു പരിപാടിയിൽ ഏതോ ഒരു സ്ത്രീ മ്യൂസിക്കിട്ടു. നൃത്തം ചെയ്യുന്ന രീതിയിൽ എഴുന്നേറ്റ് പിന്നാലെ ചെന്ന് അവരെ പിടിച്ച് മ്യൂസിക് നിറുത്താൻ പറഞ്ഞു. നൃത്തം ചെയ്യുന്നവരെ എന്താണ് പറയുന്നതെന്ന് നിനക്കറിയില്ലേ? എന്ന് ചോദിച്ചു.

ഒരു ക്രൈസ്തവ പെൺകുട്ടിയെ എടുത്തു വളർത്തിയിരുന്നു. അവളെ ദുആകൾ പഠിപ്പിച്ചു. ധാർമികമായ വിവിധ കാര്യങ്ങൾ പഠിപ്പിച്ചു. താൻ പകുതി അഹ്മദിയായി കഴിഞ്ഞിരുന്നുവെന്ന് അവൾ പറയുമായിരുന്നു.

അമത്തുൽ ബാരി നാസിർ സാഹിബ പറയുന്നു: അല്ലാഹു ആപാ സലീമ മീർ സാഹിബയിൽനിന്ന് ലജ്ന കറാച്ചിക്കുവേണ്ടി ദീർഘമായ സേവനമെടുത്തു. അവർ ഇന്ന് ഈ ലോകത്തില്ല. പക്ഷേ, അവർ തർബിയ്യത്തുകൊടുത്ത് തയ്യാറാക്കിയെടുത്ത അംഗങ്ങൾ ലോകത്തിലെ മുക്കിലും മൂലയിലും ലജ്നയുടെ പ്രവർത്തനം ചെയ്തുകൊണ്ട് അവരുടെ പേരും പ്രവൃത്തിയും ജീവസുറ്റതാക്കി നിലനിറുത്തുന്നു. അവർ ലജ്നയ്ക്ക് പരിരക്ഷ നല്കുമായിരുന്നു. ജോലികൾ പഠിപ്പിക്കുമായിരുന്നു. തന്റെ പേര് വരണമെന്ന ആഗ്രഹമൊന്നുമുണ്ടായിരുന്നില്ല. പക്ഷേ, കൂടേ പ്രവർത്തിക്കുന്നവർക്ക് എന്തെങ്കിലും പ്രയോജനപ്പെടണമെന്ന ആഗ്രഹമുണ്ടായിരുന്നു. ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ തുടങ്ങിയപ്പോഴും അവർ തന്റെ ടീമിനെ വലിയ Encourage ചെയ്തു. അവസാന കാലത്ത് അധികവും രാജ്യത്തിനു വെളിയിൽ പോകേണ്ടി വന്നിരുന്നു. ജമാഅത്തിന്റെ പ്രവർത്തനത്തെ ബാധിക്കാതിരിക്കാൻ എപ്പോഴും കേന്ദ്രത്തിനോടു ആവശ്യപ്പെട്ട് മറ്റൊരു സ്വദ്റിന്റെ അനുവാദം വാങ്ങുകയും മനോഹരമായ നിലയിൽ മീറ്റിംഗ് വിളിക്കുകയും അവരെ പൂമാല അണിയിക്കുകയും ചെയ്തു. മിസിസ് ഭട്ടി സാഹിബയെ സ്വദ്റിന്റെ കസേരയിലിരുത്തി അവരുടെ സേവനത്തെ കുറിച്ച് ഹൃദയഹാരിയായ നിലയിൽ പ്രസംഗിച്ചു. അനുസരണത്തെ കുറിച്ച് ഉപദേശിച്ചു. വളരെ മാന്യമായ നിലയിൽ തന്റെ ഉത്തരവാദിത്വത്തിൽനിന്ന് വിരമിച്ചു. ഇവർ എഴുതുന്നു, അധികാരത്തിന് അങ്ങനേയും മരണം സംഭവിക്കാറുണ്ട്.

ചിലയാളുകളുണ്ട്. അവരെ ജമാഅത്തിന്റെ സേവനങ്ങളിൽനിന്ന് നീക്കിയാൽ അല്ലെങ്കിൽ പ്രവർത്തനാനുമതി നല്കാതിരുന്നാൽ വലിയ ആക്ഷേപം ഉന്നയിക്കാൻ തുടങ്ങുന്നു. അവർക്കിതിൽ പാഠമുണ്ട്. ജോലി കിട്ടിയാൽ അൽഹംദുലില്ലാഹ്. കിട്ടിയിലില്ലെങ്കിലോ അപ്പോഴും അല്ലാഹുവിനോടു നന്ദി കാണിക്കണം. ജോലി ചെയ്യുന്നതിന്, ജമാഅത്തിന് സേവനം ചെയ്യുന്നതിന് മറ്റു വഴികൾ തേടുക. ഭാരവാഹിത്വം കിട്ടിയെങ്കിലെ ജോലിയെടുക്കാൻ പറ്റുകയുള്ളു എന്ന നിലപാട് ശരിയല്ല.

ഇവർ പറയുന്നു:എല്ലാ ജോലിയും യുക്തിസഹമായ രീതിയിൽ ചെയ്യുന്നവരായിരുന്നു. മനസ്സിലെ കാര്യം പറഞ്ഞ് അതെങ്ങനെയെങ്കിലും പുറത്താകുമോ എന്ന് ആശങ്കപ്പെടുമായിരുന്നു. വളരെ രഹസ്യം സൂക്ഷിക്കുന്നവരായിരുന്നു. അമത്തുൽബാരി നാസിർ സാഹിബ എഴുതുന്നു: എങ്ങനെയാണ് ഇത്രയധികം രഹസ്യമായ കാര്യങ്ങൾ മനസ്സിൽ മറച്ചുവെച്ചിരുന്നതെന്ന് അറിയുകയില്ല. ഇതു വളരെ വലിയ പ്രത്യേകതയാണ്. ഇതിന്റെ കുറവ് ഇക്കാലത്ത് പുരുഷന്മാരിലുമുണ്ട്.

അമത്തുന്നൂർ സാഹിബ കറാച്ചിയിൽനിന്നെഴുതുന്നു: സലീമ നൂർ സാഹിബ അങ്ങേയറ്റം സ്നേഹിക്കുന്നവരും നിസ്വാർഥയും നല്ലരീതിയിൽ പെരുമാറുന്നവരും സ്വയംപിന്നിൽനിന്നുകൊണ്ട് മറ്റുള്ളവരുടെ പ്രവൃത്തികളെ അങ്ങേയറ്റം അനുമോദിക്കുന്നവരും മന്ദസ്മിത വദനയുമായിരുന്നു. അല്ലാഹു അവർക്ക് മനോഹരവും മൃദുലവുമായ ഒരു മനസ്സും നല്കിയിരുന്നു. അവർ പറയുന്നു: എന്നെ സ്വദ്ർ ആക്കിയപ്പോൾ ഞാൻ പറഞ്ഞു, ഈ പ്രദേശം വളരെ വിശാലമാണ്. എനിക്കാണെങ്കിൽ പരിചയവുമില്ല. യാത്രാവാഹനവും എന്റെ കൈയിലില്ല.

**കലാമുൽ ഇമാം:-**

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
**കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)**

**കലാമുൽ ഇമാം:-**

**"ഇസ്‌ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)**

അവർ പറഞ്ഞു, അത് സാരമില്ല. നിങ്ങളുടെ അടുത്തുതന്നെയാണ് എന്റെ മകൾ താമസിക്കുന്നത്. ആവശ്യമുള്ളപ്പോൾ, പര്യടനം നടത്തേണ്ടി വരുമ്പോൾ അവളോടു പറയുക. അവൾ കാർ സംഘടിപ്പിച്ചു തരുന്നതാണ്. അല്ലെങ്കിൽ എന്നോടു പറയുക. ഞാൻ എന്റെ കാർ അയച്ചുതരുന്നതാണ്. അതിനെ കുറിച്ച് ചിന്തിക്കേണ്ട ആവശ്യമില്ല. അവരിൽ അങ്ങേയറ്റം വിനയമുണ്ടായിരുന്നു. പ്രവർത്തകമാരോടൊപ്പമിരുന്ന് ജോലി ചെയ്യിക്കുമായിരുന്നു.

കറാച്ചി ലജ്ന ഇശാഅത്ത് സെക്രട്ടറി എഴുതുന്നു: ആപാ സലീമ മീർ സാഹിബയോടൊപ്പം 1986 മുതൽ പ്രവർത്തിക്കാനുള്ള അവസരം കിട്ടി. ഞാൻ അവരെ ദീനരുടെ രക്ഷകയും വിനയാനതയുമായി കണ്ടു. ഒരു അവസരത്തിൽ കറാച്ചിയിലെ ആവേശഭരിതയായ സേവക ഏതോ കാരണത്താൽ ജമാഅത്തിൽനിന്ന് പിന്നാക്കംപോയി. അവർക്ക് കഠിനമായ രോഗം ബാധിച്ചിരിക്കുന്നുവെന്ന് അറിയാൻ കഴിഞ്ഞു. അവരുടെ കൈയിൽ ജമാഅത്തിന്റെ കുറച്ച് അപൂർവ വസ്തുക്കൾ ഉണ്ടായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്ന്റെ ദുആകളോടും മാർഗദർശനത്തോടും കൂടി സലീമ സാഹിബയുടെ നേതൃത്വത്തിൽ വളരെ യുക്തിപൂർവം അവരുമായി ബന്ധപ്പെട്ടു. എന്നാൽ, എന്തെങ്കിലും കിട്ടുന്നതിനുമുമ്പേ അവർ വഫാത്തായി. ഇങ്ങനെ എന്തെങ്കിലും വസ്തുക്കളുണ്ടെങ്കിൽ ഞങ്ങൾക്കു തരണമെന്നും അതിനു പണം തരാമെന്നും അവരുടെ ഒരു ബന്ധുവിനോടു പറഞ്ഞു. അങ്ങനെ ഒരു പെട്ടി കിട്ടി. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധ കൈകൊണ്ടെഴുതിയ കത്തുകളും ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വലിന്റെ എഴുത്തുകളുമുണ്ടായിരുന്നു. ആ പെട്ടിയും ചരിത്രപ്രാധാന്യമുള്ളതായിരുന്നു. അത് വളരെ യുക്തിയോടുകൂടി അവർ വാങ്ങി. പിന്നാക്കംപോയ സ്ത്രീയുടെ ചികിത്സയും അവർ തന്നെയാണ് നത്തിയിരുന്നത്.

വലിയ ഗാംഭീര്യമുള്ളവരും സഹിഷ്ണുതയുള്ളവരും ക്ഷമയും സഹനശക്തിയും പ്രകടിപ്പിക്കുന്നവരും ഖിലാഫത്തുമായി ബന്ധപ്പെട്ടിരുന്നവരും ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കാൻ ഉപദേശിക്കുന്നവരും നന്മയിൽനിലകൊള്ളുന്നവരും നന്മ ചെയ്യാൻ ഉപദേശിക്കുന്നവരും സ്വന്തക്കാരേയും അന്യരേയും ഉപദേശിക്കുന്നവരുമായിരുന്നുവെന്ന് എല്ലാവരും എഴുതിയിട്ടുണ്ട്. അല്ലാഹുവിലുള്ള സമർപണം വളരെ അധികമായിരുന്നു. അല്ലാഹുവിന്റെ തൃപ്തിയിൽ എപ്പോഴും തൃപ്തയായിരുന്നു. അല്ലാഹു അവരുടെ ദർജകൾ ഉയർത്തുമാറാകട്ടെ. അവരുടെ മക്കൾക്കും അവരുടെ പെൺമക്കൾക്കും അവരുടെ നന്മ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ. നമസ്കാരത്തിനു ശേഷം ഇപ്പോൾ ഞാൻ രണ്ടുപേരുടേയും ജനാസഗാഇബ് നമസ്കരിപ്പിക്കുന്നതാണ്.

## അടിയന്തര സർക്കുലർ

കടലാസിന്റെ വിലയും അച്ചടിയും പോസ്റ്റിംഗും മറ്റു ചെലവുകളും വർധിച്ച കാരണത്താൽ സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുയുടെ അനുവാദത്തോടെ ബദ്ർ വീക്കിലിയുടെ വാർഷിക വരിസംഖ്യയിൽ വർധന വരുത്താൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. പുതുക്കിയ വരിസംഖ്യ 500 രൂപയായിരിക്കുമെന്ന് അറിയിക്കുന്നു. 2018 ഏപ്രിൽ മാസം മുതൽ പുതുക്കിയ നിരക്കനുസരിച്ച് വരിസംഖ്യ കൊടുക്കാൻ വായനക്കാരോട് അപേക്ഷിക്കുകയാണ്. ഇതനുസരിച്ച് തുടർന്ന് വരിസംഖ്യ പിരിക്കാൻ ബദ്ർ പ്രതിനിധികളോടും അപേക്ഷിക്കുന്നു.

**(മാനേജർ ബദ്ർ വീക്കിലി, ഖാദിയാൻ)**

**(പേജ് 2ൽ നിന്ന്)**

ന്നു. വിശുദ്ധഖുർആനിന്റെ വലിയ ഉദ്ദേശ്യം, അതുല്യനും സമാനത ഇല്ലാത്തവനുമായവനിലേക്ക് ജനങ്ങൾ ആകർഷിക്കപ്പെടാൻ രണ്ടുതരത്തിലുള്ള സവിശേഷഗുണങ്ങൾ സത്യാന്വേഷികളുടെമേൽ പ്രകടമാകണമെന്നാണ്." അതായത് ജനങ്ങൾ അല്ലാഹുവിലേക്ക് ഒരു പ്രത്യേക ആകർഷണത്തോടും ആവേശത്തോടും സ്നേഹത്തോടും കൂടി വരാൻ അല്ലാഹുവിന്റെ സൗന്ദര്യത്തിന്റേയും ഉപകാരത്തിന്റേയും ഈ സവിശേഷഗുണങ്ങൾ സത്യാന്വേഷികളുടെമേൽ പ്രകടമാകണമെന്നാണ് വിശുദ്ധഖുർആൻ ആഗ്രഹിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "ആത്മാവിന്റെ ആവേശവും ആകർഷണവുംകൊണ്ട് അവനുമായി ബന്ധം സ്ഥാപിക്കാനാണിത്." (അയ്യാമുസുൽഹ്, റൂഹാനീ ഖസാഇൻ, വാല്യം 14, പേജ് 247).

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "കാരണം അല്ലാഹു സമ്പൂർണമായ എല്ലാ സവിശേഷഗുണങ്ങളുടേയും സമുച്ചയമാണ്. അതുകൊണ്ട് എല്ലാതരത്തിലുള്ള സവിശേഷഗുണങ്ങളും അവനിലുണ്ട്. അതുമുഖേന അവന്റെ സൗന്ദര്യം പ്രകടമായി." കാരണം എല്ലാ സവിശേഷഗുണങ്ങളും അവനിലുണ്ട്. അതുകൊണ്ടാണ് അവന്റെ സൗന്ദര്യം പ്രകടമായത്. എല്ലാ സവിശേഷഗുണങ്ങളും അവനിൽ സമ്മേളിച്ചിരിക്കുന്നുവെന്നത് മനുഷ്യൻ അറിഞ്ഞാലും വേണ്ടില്ല അറിഞ്ഞില്ലെങ്കിലും വേണ്ടില്ല. ആ സവിശേഷഗുണങ്ങൾ അവനിൽ സമ്മേളിച്ചിരിക്കുന്നതുകൊണ്ടാണ് അവന്റെ സൗന്ദര്യം പ്രകടമായത്. "ഉപകാരത്തെ സംബന്ധിച്ചിടത്തോളം അവന്റെ ഉപകാരത്തിന്റെ ഏറ്റവുമധികം ഫലം മനുഷ്യനാണുണ്ടാകുന്നത്. കാരണം അല്ലാഹുവിന്റെ എല്ലാ സൃഷ്ടികളിൽനിന്നും മനുഷ്യൻ ഫലമെടുക്കുന്നു. (അയ്യാമുസുൽഹ് റൂഹാനീ ഖസാഇൻ, വാല്യം 14, പേജ് 247-248) മനുഷ്യന്റെമേൽ അല്ലാഹുവിന്റെ ഉപകാരമുണ്ട്. ഏതേതെല്ലാം സൃഷ്ടികളാണോ അല്ലാഹു ഉണ്ടാക്കിയിട്ടുള്ളത് അതെല്ലാം മനുഷ്യന്റെ ഗുണത്തിനുവേണ്ടിയാണ്. മനുഷ്യൻ ആഗ്രഹിക്കുമ്പോൾ അതിൽനിന്ന് അവന് ഫലമെടുക്കാൻ കഴിയും. സൗന്ദര്യത്തിന്റെ രൂപത്തിൽ വെളിപ്പെടുന്ന സവിശേഷഗുണങ്ങളിൽനിന്നും ലോകത്തിലെ ഓരോ വസ്തുവിലും ഗുണത്തിന്റെ രൂപത്തിൽ വെളിപ്പെട്ടിരിക്കുന്ന അവന്റെ ഉപകാരത്തിൽനിന്നും ഏറ്റവുമധികം ഫലമെടുക്കുന്നത് മനുഷ്യനാണ്. അവയുടെ ഫലം ഏറ്റവും കൂടുതൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത് മനുഷ്യനാണ്.

നമ്മൾ സന്തോഷത്തോടെ അവന്റെ ദാസത്വത്തിന്റെ കടമ നിറവേറ്റുക എന്നത് നമ്മുടെ നിർബന്ധകടമയാണ്. ഇക്കാര്യങ്ങൾ അവനെ ശരിയായ നിലയിൽ ആരാധിക്കണമെന്നും നമ്മളോടു വിളിച്ചോതുന്നു. അവന്റെ കല്പനകളനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരാകണം. ഒരു സാധാരണമനുഷ്യനെ അപേക്ഷിച്ച് മുസ്ലിം എന്ന നിലയിൽ, അല്ലാഹുവിനെ സ്തുതിക്കുകയും അവനോട് നന്ദികാണിക്കുകയും ചെയ്യേണ്ടത് നമുക്ക് കൂടുതൽ നിർബന്ധമാണ്. അല്ലാഹു തന്നോടുള്ള കടമകൾ നിർവഹിക്കുന്നതിനോടൊപ്പം മുസ്ലിം എന്ന നിലയിൽ, നമ്മൾ മനുഷ്യരോടുള്ള കടമ നിർവഹിക്കേണ്ടതും നമ്മളിൽ നിർബന്ധമാക്കിയിരിക്കുന്നു. അല്ലാഹുവിന്റെ ഈ സൗന്ദര്യത്തിന്റേയും ഔദാര്യത്തിന്റേയും പ്രകടനം അവൻ തന്റെ ദാസരെ കൊണ്ടാണ് ചെയ്യിക്കുന്നത്. അല്ലാഹുവിനോടു നന്ദി കാണിക്കുന്നതിന് നമ്മൾ അല്ലാഹുവിന്റെ സൃഷ്ടികളോടും നമ്മുടെ കഴിവനുസരിച്ച് സൗന്ദര്യത്തോടും ഉപകാരത്തോടുംകൂടി പെരുമാറേണ്ടതാണ്. നമ്മൾ ഇതു ചെയ്യുകയാണെങ്കിൽ, അപ്പോഴാണ് അൽഹംദുലില്ലാഹി റബ്ബിൽ ആലമീന്റെ ശരിയായ ഗ്രാഹ്യം കരസ്ഥമാക്കുന്നതും പിന്നീട് അതിനെ നമ്മുടെ അവസ്ഥകളിലൂടെ പ്രകടിപ്പിക്കുന്നവരാകുന്നതും. അവിടെ ആരാധനയുടെ കടമ നിറവേറ്റുന്നതോടൊപ്പം അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമയും നിറവേറ്റുന്നവരായിരിക്കും. സ്വന്തം സഹോദരങ്ങളോടു നല്ലരീതിയിൽ പെരുമാറുക, ശാന്തിയുടേയും പ്രീതിയുടേയും സ്നേഹത്തിന്റേയും സന്ദേശം നാലുപാടും പ്രചരിപ്പിക്കുക, സമൂഹത്തിൽ സ്നേഹത്തോടും സന്തോഷത്തോടുംകൂടി താമസിക്കുക, പരസ്പരം കടമകൾ നിറവേറ്റിക്കൊണ്ട് താമസിക്കുക എന്നത് യഥാർഥമായ പെരുന്നാളിന്റെ സന്തോഷങ്ങളുടെ വാഹകരാക്കുന്നു.

അതിനാൽ ഈ ഭാഗത്തേക്ക് നമുക്ക് നമ്മുടെ സന്തോഷത്തിന്റെ അടിസ്ഥാനത്തിൽ ശ്രമിക്കേണ്ടതാണ്. കേവലം വ്യക്തിപരമായ സന്തോഷമാകരുത് മറിച്ച് ചുറ്റുവട്ടത്തുള്ളവർക്കും നമ്മൾ എല്ലാ തലങ്ങളിലും സന്തോഷങ്ങൾ പകരുന്നവരാകണം.

ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ധാരാളം നിർദ്ദേശങ്ങളുണ്ട്. അവയിൽ ചിലത് സമർപിക്കുകയാണ്. സൗന്ദര്യത്തിന്റേയും ഉപകാരത്തിന്റേയും കയറ്റം നമുക്ക് നമ്മുടെ കഴിവനുസരിച്ച് എങ്ങനെ കരസ്ഥമാക്കാൻ കഴിയുമെന്ന് അത് നമുക്ക് പറഞ്ഞുതരുന്നു. ഒരാൾക്ക് എത്രയെത്ര കഴിവുകളുണ്ടോ അവൻ അതനുസരിച്ച് കർമങ്ങൾ ചെയ്യേണ്ടതാണ്. കാരണം യഥാർഥമായ പെരുന്നാളിന്റെ സന്തോഷങ്ങൾ നമുക്ക് കരസ്ഥമാക്കാൻ കഴിയുന്നത് നമ്മൾ ആ നിലവാരങ്ങൾ കരസ്ഥമാക്കാൻ ശ്രമിക്കുമ്പോഴാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: "അല്ലാഹുവുമായി പരിശുദ്ധമായ ബന്ധങ്ങൾ സ്ഥാപിക്കുക എന്നതാണ് നന്മ. അവനോടുള്ള വ്യക്തിപരമായ സ്നേഹം നാഡി ഞരമ്പുകളിൽ പ്രവഹിക്കുക. *ഇന്നല്ലാഹ യഅ്മുറു ബിൽഅദ്ലി വൽഇഹ്സാനി വ ഈത്താഇദിൻ ഖുർബാ* (16:91) എന്ന് അല്ലാഹു പറഞ്ഞതുപോലെ. അല്ലാഹുവിനോടുള്ള നീതി എന്നത് അവന്റെ നിഅ്മത്തുകളെ സ്മരിച്ചുകൊണ്ട് അവനെ അനുസരിക്കുക എന്നതാണ്." (അല്ലാഹുവിന്റെ നിരവധി അനുഗ്രഹങ്ങളുണ്ട്. അവയെ ഓർമിക്കുക. പിന്നീട് അല്ലാഹുവിനോടു നന്ദി കാണിക്കുകയും അവനെ അനുസരിക്കുകയും ചെയ്യുക. അവന്റെ കല്പനകളനുസരിച്ച് നടക്കുക. ഇതാണ് അല്ലാഹുവിനോടുള്ള നീതി).

"മറ്റാരേയും അവന് പങ്കാളിയാക്കാതിരിക്കുക. അവനെ തിരിച്ചറിയുക.(അല്ലാഹുവിനെ ശരിയായ നിലയിൽ തിരിച്ചറിയണം. അവന്റെ സ്ഥാനം തിരിച്ചറിയണം). "അതിൽ അഭിവൃദ്ധിപ്പെടാൻ ആഗ്രഹിക്കുന്നെങ്കിൽ (അതിന്റെ അടുത്ത പടി പറയുകയാണ്) ഉപകാരത്തിന്റെ പദവിയാണ്." (അല്ലാഹുവിന് മനുഷ്യൻ എന്ത് ഉപകാരം ചെയ്യാനാണ്). ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:"അത് എന്താണെന്നാൽ, അവനെ കാണുന്നു എന്നപോലെ അവനിൽ ദൃഢമായി വിശ്വസിക്കുക."

(അല്ലാഹുവിന്റെ സത്തയിൽ താൻ എപ്പോഴും അല്ലാഹുവിനെ കണ്ടുകൊണ്ടിരിക്കുന്നു എന്ന നിലയിൽ മനുഷ്യൻ ദൃഢമായും വിശ്വസിക്കണം). "നിങ്ങളോട് സൽപെരുമാറ്റം കാണിക്കാത്തവരോട് സൽപെരുമാറ്റം കാണിക്കുക. അതിനേക്കാളുപരി പെരുമാറാൻ ആഗ്രഹിക്കുന്നെങ്കിൽ നന്മയുടെ മറ്റൊരു സ്ഥാനമുണ്ട്. സ്വർഗ്ഗത്തിനോടുള്ള അത്യാഗ്രഹംകൊണ്ടോ നരകത്തിനോടുള്ള ഭയംകൊണ്ടോ ആകാതെ അല്ലാഹുവിനെ സ്വാഭാവികമായ നിലയിൽ സ്നേഹിക്കുക."

(മറ്റുള്ളവരോട് മനുഷ്യൻ ഇങ്ങനെ പെരുമാറാറുണ്ട്. സൽപെരുമാറ്റം കാണിക്കാത്തവരോട് ഉപരിയായി മനുഷ്യൻ സൽപെരുമാറ്റം കാണിക്കാറുണ്ട്. പക്ഷേ, ഇത് ബന്ധുത്വപരമായിട്ടുള്ളതാണ്. എന്നാൽ, അല്ലാഹുവിനോട് ഈ സ്ഥാനത്ത് എത്തുന്നതിന് എന്താണ് ചെയ്യേണ്ടത്? അല്ലാഹുവിനെ സ്വാഭാവികമായനിലയിൽ സ്നേഹിക്കുക. അവനെ സ്നേഹിക്കണം എന്നതുകൊണ്ടല്ല നാം അവനെ സ്നേഹിക്കുന്നത്. കാരണം നിരവധി സവിശേഷഗുണങ്ങൾ അവനുണ്ട്. അവന്റെ നന്മകളുണ്ട്. അതിനുപകരം നമുക്ക് സ്വർഗ്ഗം കിട്ടുമെന്നുള്ളതുകൊണ്ടോ അത് ചെയ്യാത്തതുകൊണ്ട് നരകത്തിൽ പോകുമെന്നുള്ള ഭയംകൊണ്ടോ അല്ല) "സ്വർഗം ലഭിക്കുമെന്നുള്ള അത്യാഗ്രഹംകൊണ്ടോ നരകത്തിൽ പോകുമെന്നുള്ള ഭയംകൊണ്ടോ അല്ലെന്ന കാര്യം മുന്നിൽവെച്ചുകൊണ്ട് അല്ലാഹുവിനെ സ്നേഹിക്കേണ്ടതാണ്. ഇത് അല്ലാഹുവി

ന്റെ ഈത്താഇദിൽഖുർബായുടെ സ്ഥാനമാണ്." ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: "ഇനി സ്വർഗവും നരകവുമില്ലെന്ന് സങ്കല്പിക്കുകയാണെങ്കിൽത്തന്നെ സ്നേഹാവേശത്തിലും അനുസരണത്തിലും വ്യത്യാസമൊന്നുമുണ്ടാകാൻ പാടില്ല. അത്തരം സ്നേഹം അല്ലാഹുവിനോടുണ്ടെങ്കിൽ അതിൽ ഒരു ആകർഷണമുണ്ടാകുന്നു. ഒരു വിള്ളലും ഉണ്ടാവുകയില്ല."

വീണ്ടും പറഞ്ഞു: "ദൈവസൃഷ്ടികളോട് നിങ്ങൾ അവരുടെ യഥാർഥ ബന്ധുക്കളാണെന്നപോലെ പെരുമാറുക. ഈ പദവി ഏറ്റവും ശ്രേഷ്ഠമാണ്. കാരണം പ്രത്യുപകാരത്തിൽ അഹംഭാവത്തിന്റെ ഒരു ബീജമുണ്ടാകാറുണ്ട്. ആരെങ്കിലും നന്ദികേട് കാണിക്കുകയാണെങ്കിൽ ഉപകാരം ചെയ്യുന്നവൻ ഞാൻ നിനക്ക് ഉപകാരം ചെയ്തിരുന്നുവെന്ന് ക്ഷണത്തിൽ വിളച്ചു പറയുന്നു. എന്നാൽ, മാതാവിന് കുട്ടിയോടെന്നപോലെയുള്ള സ്വാഭാവികമായ സ്നേഹമാണെങ്കിൽ അതിൽ നന്ദികേടൊന്നുമുണ്ടാവുകയില്ല." (മറ്റുള്ളവരെ കാണിക്കുന്നതിനുവേണ്ടി ചെയ്യുകയില്ല. എന്തെങ്കിലും ഉദ്ദേശ്യത്തിനുവേണ്ടിയും ചെയ്യുകയില്ല). "എന്നല്ല ഒരു രാജാവ് നീ നിന്റെ കുട്ടിയെ കൊല്ലുക എന്ന് ഒരു മാതാവിനോട് കല്പിക്കുകയും നീ ചോദ്യം ചെയ്യപ്പെടുകയില്ലെന്ന് പറയുകയും ചെയ്താലും അവർ ഒരിക്കലും അത് കേൾക്കാൻതന്നെ ഇഷ്ടപ്പെടുകയില്ല. ആ രാജാവിനെ ചീത്തപറയുകയും ചെയ്യും. വാസ്തവത്തിൽ അവൻ യുവത്വം പ്രാപിക്കുമ്പോഴേക്കും താൻ മരിക്കുമെന്ന് മാതാവിന്നറിയാം. എന്നിട്ടും വ്യക്തിഗതമായ സ്നേഹം കാരണത്താൽ ആ കുട്ടിയുടെ പരിപാലനം ഉപേക്ഷിക്കുകയില്ല." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "അധികവും മാതാപിതാക്കൾ വൃദ്ധരായിത്തീരുന്നു. അവർക്ക് മക്കളുണ്ടെങ്കിലും ബാഹ്യമായി അവരിൽനിന്ന് ഫലം കിട്ടുമെന്ന പ്രതീക്ഷയൊന്നും ഉണ്ടാകുന്നില്ല. എന്നിട്ടും അവർ അവനെ സ്നേഹിക്കുകയും വളർത്തുകയും ചെയ്യുന്നു. ഇത് സ്വാഭാവികമായ ഒരു കാര്യമാണ്. സ്നേഹം ഈ പദവിയിലെത്തുമ്പോൾ അതിന്റെ സൂചനയാണ് ഈത്താഇദിൽഖുർബായിൽ നല്കപ്പെട്ടിരിക്കുന്നത്. ഇത്തരത്തിലുള്ള സ്നേഹമാണ് അല്ലാഹുവിനോട് ഉണ്ടാകേണ്ടത്. സ്ഥാനമാനത്തിന്റെ ആഗ്രഹവുമില്ല നിന്ദ്യനാകുമെന്ന ഭയവുമില്ല." (മൽഫൂദാത്ത്, വാല്യം 7, പേജ് 181–182. 1985 ലണ്ടൻ പതിപ്പ്)

ഈ ഉദ്ധരണിയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) അങ്ങേയറ്റം സൂക്ഷ്മമായരീതിയിൽ നമുക്ക് നമ്മുടെ രണ്ടുതരത്തിലുള്ള കടമകളുടേയും ഉയർച്ച കരസ്ഥമാക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. അല്ലാഹുവിനോടുള്ള കടമയും അവനോടുള്ള സ്നേഹത്തിന്റെ പ്രകടനവും അൽഹംദുലില്ലായുടെ യഥാർഥ ഗ്രാഹ്യത്തിന്റേയും അല്ലാഹുവിനോട് നന്ദിപ്രകടിപ്പിക്കേണ്ട രീതിയും പറഞ്ഞുതന്നിരിക്കുന്നു. ഇപ്രകാരംതന്നെ അല്ലാഹുവിന്റെ ദാസരോടുള്ള സൽപെരുമാറ്റത്തിന്റേയും ബന്ധങ്ങളുടേയും ശ്രേഷ്ഠതയും പറഞ്ഞുതന്നിരിക്കുന്നു. ഈ അടിസ്ഥാനപരമായ കാര്യമാണ് ദുൻയാവിലെ യഥാർഥമായ സന്തോഷങ്ങളുടേയും ശാന്തിയുടേയും ജാമ്യക്കാരനാകുന്നത്.

പിന്നീട് സൃഷ്ടികളോടുള്ള കടമകളേയും അല്ലാഹുവുമായുള്ള ബന്ധത്തേയും കൂടുതൽ വ്യക്തമായി മറ്റൊരു രീതിയിൽ വിവരിച്ചിരിക്കുന്നു. കാര്യങ്ങൾപറഞ്ഞതുതന്നെയാണ്. പക്ഷേ, ചില വാക്കുകൾ പുതിയ വശങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. അവിടന്ന് പറയുന്നു: "അല്ലാഹു നിങ്ങളിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നത്? നിങ്ങൾ മനുഷ്യകുലത്തോട് നീതിയോടെ പെരുമാറുക എന്നുതന്നെ! അതിനേക്കാളുപരി നിങ്ങളോട് നന്മയോടെ പെരുമാറാത്തവരോടും നിങ്ങൾ നന്മയോടെ പെരുമാറുക. അതിലുമുപരി അല്ലാഹുവിന്റെ സൃഷ്ടികളോട് നിങ്ങളുടെ രക്തബന്ധുക്കളോടെന്നപോലെ സഹതാപത്തോടെ പെരുമാറുക."

നന്മകളുടെ ഉയർച്ച എന്താണ് പറഞ്ഞത്? നന്മയോടെ പെരുമാറാത്തവനോടും നന്മയോടെ പെരുമാറുക. ഇത് യഥാർഥ സത്യവിശ്വാസിയുടെ സവിശേഷതയാണ്. ആരാണോ നിങ്ങളോട് നന്മയോടെ വർത്തിക്കുന്നത് നിങ്ങളോട് ഔദാര്യത്തോടെ പെരുമാറുന്നത് അവനോട് നിങ്ങൾ എന്തായാലും നന്മയോടെ പ്രവർത്തിക്കണം. പക്ഷേ, നന്മ ചെയ്യാത്തവനോടും നിങ്ങൾ നന്മ പ്രവർത്തിക്കുന്നതാണ് യഥാർഥ നന്മ.

പിന്നീട് പറഞ്ഞു:"യഥാർഥ ബന്ധുക്കളോടെന്നപോലെ നിങ്ങൾദൈവസൃഷ്ടികളോട് പെരുമാറുക. മാതാവ് തന്റെ മക്കളോട് പെരുമാറുന്നതുപോലെ!" നന്മയോടെ വർത്തിക്കാത്തവനോട് വെറും നീതി കാണിച്ചാൽപോരാ, മറിച്ച് അവർക്ക് നന്മയും ചെയ്യണം. പിന്നെ നന്മയേക്കാളുപരി അവിടന്ന് പറഞ്ഞു മാതാവ് തന്റെ കുട്ടികളോടെന്നപോലെ അവരോട് പെരുമാറുക. "കാരണം നന്മയിൽ ഒരു അഹംഭാവത്തിന്റെ വിത്ത് മറഞ്ഞിരിക്കുന്നുണ്ട്. നന്മചെയ്യുന്നവൻ ചിലപ്പോൾ താൻ ചെയ്യുന്നത് എടുത്ത് പറയുകയും ചെയ്യും. എന്നാൽ, അമ്മയെപോലെ സ്വാഭാവികമായും നന്മ ചെയ്യുന്നവന് ഒരിക്കലും അഹങ്കരിക്കാൻ സാധിക്കുകയില്ല. അതിനാൽ നന്മകളുടെ അവസാനപദവി അമ്മയെപോലെ സ്വാഭാവികമായ ആവേശമാണ്. ഈ ഖുർആനിക വചനം സൃഷ്ടികളെ കുറിച്ച് മാത്രമല്ല, മറിച്ച് അല്ലാഹുവിനെകുറിച്ചുമാണ്. അല്ലാഹുവിനോടുള്ള നീതി എന്നു പറയുന്നത് അവന്റെ അനുഗ്രഹങ്ങൾ ഓർത്തുകൊണ്ട് അവനെ അനുസരിക്കലാണ്."(പറഞ്ഞതുതന്നെ വീണ്ടും ആവർത്തിച്ചിരിക്കുന്നു)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അവനോടുള്ള ഉപകാരമെന്നത് അവനെ കാണുന്നു എന്ന നിലയിൽ ദൃഢമായി വിശ്വസിക്കുക. അല്ലാഹുവിനോടുള്ള ഈത്താഇദിൽഖുർബ എന്നത് സ്വർഗം കിട്ടണമെന്ന അത്യാഗ്രഹത്തോടെയും നരകത്തിൽപോകുമെന്ന ഭയത്തോടെയും അവനെ ആരാധിക്കാതിരിക്കുക എന്നതാണ്. സ്വർഗവും നരകവുമില്ലെങ്കിലും സ്നേഹാവേശശക്തിയിലും അനുസരണത്തിലും വ്യത്യാസം വരാതിരിക്കുക." (കശ്തിയെനൂഹ്, റൂഹാനിഖസാഇൻ, വാല്യം 19, പേജ് 30–31)

ചെറിയ ചെറിയ കാര്യങ്ങൾ ഉണ്ടാകുമ്പോൾ അല്ലാഹു ദുആ സ്വീകരിച്ചില്ലെന്ന് ആളുകൾ പറയുന്നു. ഇങ്ങനെ പ്രശ്നമുണ്ടായി! അത് അങ്ങനെയായി! ഇങ്ങനെ അല്ലാഹുവിനെതിരിൽ പരാതിപ്പെടാൻ തുടങ്ങുന്നു. അവന്റെ ഔദാര്യങ്ങൾ ഓർക്കുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: അവന്റെ ഔദാര്യങ്ങൾ ഓർക്കുക. അവന്റെ അനുഗ്രഹങ്ങൾ ഓർക്കുക. സ്വാഭാവികമായ ആവേശത്തോടെ അവനെ സ്നേഹിക്കുക. ഈ രണ്ടുനിലവാരമാണ് നമ്മൾ കരസ്ഥമാക്കേണ്ടത്.ഇത് കരസ്ഥമാകുമ്പോഴാണ് യഥാർത്ഥമായ സന്തോഷം നമുക്കുണ്ടാകുന്നത്.

നമ്മുടെമേൽ അല്ലാഹുവിന്റെ അസംഖ്യം ഔദാര്യങ്ങളാണുള്ളത്. നിത്യവും നാം ഈ അസംഖ്യം അനുഗ്രഹങ്ങളിൽനിന്ന് ഓഹരി എടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. അവ സ്മരിച്ചുകൊണ്ട് അല്ലാഹുവിനെ അനുസരിക്കുക എന്നത് ഒരു ഭാഗത്ത്. അൽഹംദുലില്ലാഹ് എന്ന് പറഞ്ഞിട്ട് അവന് നന്ദി കാണിക്കാത്തവരും ധാരാളമുണ്ട്. അതായത് അൽഹംദുലില്ലാഹ് എന്നുപോലും പറയുന്നില്ല. അല്ലെങ്കിൽ ഏതെങ്കിലും രീതിയിൽ ഏതെങ്കിലും വാക്കുകൊണ്ടുപോലും നന്ദി പ്രകടിപ്പിക്കുന്നില്ല. സന്തോഷങ്ങളുടെ അവസരത്തിൽ അല്ലാഹു നമ്മളിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നതെന്നുപോലും മറന്നുപോകുന്നു.

പിന്നെ അല്ലാഹുവിനോടു മനുഷ്യൻ എന്ത് ഔദാര്യം കാണിക്കാനാണ്. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ) എല്ലാ അവസരത്തിലും നമുക്ക് മാർഗദർശനവും ശിക്ഷണവും നല്കുന്നു. അവിടന്ന് പറഞ്ഞു: "അല്ലാഹുവുമായിട്ടുള്ള നമ്മുടെ ബന്ധമെന്നത്, അവന്റെ ഔദാര്യങ്ങൾ സ്മരിച്ചുകൊണ്ട് അവനുമായിട്ടുള്ള ബന്ധത്തിൽ അല്ലാഹുവിനെ കണ്ടുകൊണ്ടിരിക്കുന്നു എന്ന നിലയിലേക്ക് ഉയരുക. യഥാർഥ മുഅ്മിന്റെ അടയാളമിതാണ്." അല്ലാഹു ഈ അവസ്ഥ നമ്മുടെ ഉള്ളിലുണ്ടാക്കാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. നിസ്വാർഥരായിക്കൊണ്ടും ആത്മാർഥമായി അല്ലാഹുവിനോടുള്ള സ്നേഹംകൊണ്ടും നമ്മൾ അവനെ ആരാധിക്കുന്നവരാകട്ടെ. അവന്റെ സൗന്ദര്യവും ഔദാര്യവും മുന്നിൽവെച്ചുകൊണ്ട് അവനോട് നന്ദി കാണിക്കുന്നതിനുവേണ്ടി മാത്രമാകാതിരിക്കട്ടെ.

ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: കാര്യങ്ങൾ നല്ലവണ്ണം വ്യക്തമാകുന്നതിനുവേണ്ടി കൂടുതൽ ഉദ്ധരണികൾ വായിക്കുന്നതാണ്. അവിടന്ന് ഒരിടത്ത് പറയുന്നു: "നിങ്ങൾക്കുള്ള അല്ലാഹുവിന്റെ കല്പന നിങ്ങൾ അവനോടും അവന്റെ സൃഷ്ടികളോടും നീതിപൂർവ്വം പെരുമാറുക എന്നതാണ്. അതായത് അല്ലാഹുവിനോടുള്ള കടമകളും അവന്റെ സൃഷ്ടികളോടുള്ള കടമകളും നിറവേറ്റുക. അതിനേക്കാൾ കൂടുതൽ സാധിക്കുമെങ്കിൽ നീതിമാത്രമല്ല മറിച്ച് നന്മയും ചെയ്യുക. അതായത് നിർബന്ധകടമകളെക്കാൾ അധികം. അവനെ കാണുന്നുവെന്നപോലെ അവനുമായി ബന്ധം സ്ഥാപിക്കുക. ആരാധനകളുടെ നിർബന്ധകടമകൾ അല്ലാഹുവിൽ നിർബന്ധമാക്കിയിരിക്കുന്നു. അഞ്ചുനേര നമസ്കാരമുണ്ട്. ഈദും നിർബന്ധമാക്കിയിരിക്കുന്നു. ജുമുഅയും നിർബന്ധമാക്കിയിരിക്കുന്നു. നന്മ അതായത് അവന്റെ ആരാധനയോടുള്ള കടമ നിർവഹിക്കുക എന്നത് എന്താണെന്നാൽ നഫ്ലുകളിലേക്കും ശ്രദ്ധിക്കുക. ദിക്റുകളിലേക്കും ശ്രദ്ധയുണ്ടാകുക. കടമകളേക്കാൾ അധികമായി ജനങ്ങളോടു പെരുമാറുക. ഒരാൾക്ക് അവകാശപ്പെട്ടതിനേക്കാൾ അധികം അവരോടു സ്നേഹത്തോടും വാത്സല്യത്തോടും പ്രീതിയോടുംകൂടി പെരുമാറുക."അതിനേക്കാൾ കൂടുതൽ ചെയ്യാൻ കഴിയുമെങ്കിൽ, രക്തബന്ധങ്ങളുടെ ആവേശത്താൽ ചെയ്യുന്നതുപോലെ നിസ്വാർഥമായി അല്ലാഹുവിനെ ആരാധിക്കുകയും ദൈവസൃഷ്ടികൾക്ക് സേവനം ചെയ്യുകയും ചെയ്യുക." (ശഹ്നയെഹഖ്, റൂഹാനീഖസായിൻ, വാല്യം 2, പേജ് 361–362)

മനുഷ്യകുലത്തോടുള്ള സഹതാപത്തിന്റേയും സൽപെരുമാറ്റത്തിന്റേയും വിശുദ്ധഖുർആനിന്റെ അധ്യാപനം വ്യക്തമാക്കിക്കൊണ്ട് ഒരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നിങ്ങളുടെ സഹോദരങ്ങളോടും മനുഷ്യകുലത്തോടും നീതിപുലർത്തുക. സ്വന്തം അവകാശങ്ങളേക്കാൾ കൂടുതൽ അവരിൽനിന്ന് അധികമായി ഒന്നും എടുക്കരുത്. നീതിയിൽ നിലകൊള്ളുക. ഒരുതരത്തിലുള്ള അതിക്രമവും അവരോടു ചെയ്യരുത്. നിങ്ങൾക്ക് അവകാശപ്പെട്ടതു മാത്രം എടുക്കുക. എന്നാൽ, അതിനേക്കാൾ കൂടുതൽ അവരോട് അതിക്രമം ചെയ്ത് സ്വന്തം അവകാശം പിടിച്ചെടുക്കുന്നതിന് അവരുടെ അവകാശം ധ്വംസിക്കരുത്. കാരണം അത് നീതിയല്ല. അതുകൊണ്ടു നീതിയിൽ നിലകൊള്ളുന്നതാണ് നീതി. അവകാശപ്പെട്ടതിനേക്കാൾ കൂടുതൽ ഒരു വസ്തുവും ആഗ്രഹിക്കരുത്. ചിലയാളുകൾ കേസുകളിൽ അതിക്രമം കാണിക്കുന്നു." അവിടന്ന് പറഞ്ഞു: "പ്രത്യുപകാരത്തിന്റെ ദർജയാണ് പിന്നീട് വരുന്നത്. ആ പദവിയിലൂടെ അഭിവൃദ്ധി നേടാനാഗ്രഹിക്കുക. അതെന്താണെന്നാൽ, നീ നിന്റെ സഹോദരനോടു തിന്മയ്ക്കു പകരം നന്മ ചെയ്യുക." മുമ്പേ നന്മ ചെയ്തിട്ടില്ലാത്തവനോടും നന്മ ചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: "നിന്നോടു തിന്മ ചെയ്തുകൊണ്ടിരിക്കുന്നവരോടും ദോഷം ചെയ്തുകൊണ്ടിരിക്കുന്നവരോടും നഷ്ടം വരുത്തിക്കൊണ്ടിരിക്കുന്നവരോടും നീ നന്മ ചെയ്യുക. ഇതാണ് ഇഹ്സാൻ അഥവാ നന്മ. അവൻ ദ്രോഹിക്കുന്നതിനുപകരമായി നീ അവന് സൗഖ്യം പകരുക. അവൻ നിന്നെ വിഷമിപ്പിക്കുന്നു; നീ അവന് സന്തോഷം നല്കുക. നിങ്ങൾ അവന് സൗഖ്യം നല്കുക." മനുഷ്യത്വവും നന്മയും എന്ന നിലയിൽ സഹായിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: അതിനുശേഷം ഈത്താഇദിൽഖുർബായുടെ സ്ഥാനമാണ്. നിനക്ക് എത്രത്തോളം നിന്റെ സഹോദരനോടു നന്മ പ്രവർത്തിക്കാൻ കഴിയുമോ

അല്ലെങ്കിൽ എത്രത്തോളം മനുഷ്യകുലത്തിന് നന്മ ചെയ്യാൻ കഴിയുമോ ചെയ്യുക. അതിൽനിന്ന് മറ്റുതരത്തിലുള്ള നന്മ ആഗ്രഹിക്കരുത്. മറിച്ച്, സ്വാഭാവികമായ നിലയിൽ, ഒരു ഉദ്ദേശ്യവും കൂടാതെയുള്ള നന്മ നിന്നിൽനിന്നുണ്ടാകണം; അടുത്തബന്ധം കാരണത്താൽ ഉത്സാഹത്തോടെ നന്മ ചെയ്യുന്നതുപോലെ." ഒരു അടുത്ത ബന്ധു മറ്റു ബന്ധുക്കളോടു ചെയ്യുന്നതുപോലെ നന്മ ചെയ്യുക. ഇതാണ് സ്വഭാവപരമായ അഭിവൃദ്ധിയുടെ അവസാനത്തെ അത്ഭുതം. സ്വഭാവപരമായ അഭിവൃദ്ധിയുടെ അത്ഭുതത്തിന്റെ പരമമായ അവസ്ഥ ഇങ്ങനെ നന്മ ചെയ്യുക എന്നതാണ്. അതാണ് അല്ലാഹു കല്പിച്ചിട്ടുള്ളത്. സൃഷ്ടികളോടുള്ള സഹതാപത്തിൽ സ്വാർഥപരമായ ഒരു ഉദ്ദേശ്യവും ഉണ്ടാകരുത്. മറ്റു ലക്ഷ്യമോ സ്വാർഥതയോ ഒന്നും ഇടയിൽ വരാൻ പാടില്ല. പ്രത്യുത സാഹോദര്യത്തിന്റേയും മാനുഷികമായ ബന്ധത്തിന്റേയും ആവേശം ഉന്നതനിലയിൽ പ്രകടമാകേണ്ടതാണ്. അത് ഒരു ബുദ്ധിമുട്ടും കൂടാതെ സ്വാഭാവികമായ നിലയിൽ ഉണ്ടാകേണ്ടതാണ്. ഏതെങ്കിലും തരത്തിലുള്ള നന്ദിയോ പ്രാർഥനയോ അല്ലെങ്കിൽ മറ്റെന്തെങ്കിലുമോ ആഗ്രഹിച്ചുകൊണ്ടാകരുത്. സ്വയമേവ പ്രകൃതിയുടെ ആവേശത്തിൽ ഉണ്ടാകേണ്ടതാണ്." (ഇസാലയെ ഔഹാം, റൂഹാനീ ഖസായിൻ, വാല്യം 3, പേജ് 551-552) അതിൽ ബുദ്ധിമുട്ടൊന്നും തോന്നരുത്. ആഗ്രഹമൊന്നുമുണ്ടാകരുത്; ഈ മനുഷ്യൻ തന്നോടു നന്ദി കാണിക്കുന്നുവനാകുമെന്ന് വിചാരിക്കരുത്. ഇവനോടു നന്മ ചെയ്താൽ അവൻ എനിക്കുവേണ്ടി പ്രാർഥിക്കുമെന്നും ആശിക്കരുത്. അങ്ങനെ നന്മ ചെയ്യുമ്പോഴാണ് യഥാർഥ നന്മയാകുന്നത്; അത് സ്വാഭാവികമായ ആവേശത്താലുണ്ടാകുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) സൃഷ്ടികളോടുള്ള സഹതാപത്തെ കുറിച്ച് ആവർത്തിച്ചാവർത്തിച്ച് നിരവധി സ്ഥലങ്ങളിൽ നമ്മെ ഉപദേശിച്ചിട്ടുണ്ട്. എന്നല്ല ഒരിടത്ത് ഇങ്ങനേയും പറഞ്ഞു: ചിലയാളുകൾ അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റാറുണ്ട്. നമസ്കരിക്കുന്നവരുമുണ്ട്. നോമ്പുപിടിക്കുന്നവരുമുണ്ട്. ബാഹ്യമായി നോക്കുമ്പോൾ വലിയ ആരാധകനും നന്മ ചെയ്യുന്നവനുമായി കാണുന്നു. പക്ഷേ, സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റേണ്ട കാര്യം വരുമ്പോൾ അവിടെ ഇവരുടെ കാഴ്ചപ്പാട് മാറിപ്പോകുന്നു. അവരുടെ നന്മകളുടെ നിലവാരം മാറിപ്പോകുന്നു. ഇത് വസ്തുതയാണ്. എനിക്കും ചിലപ്പോൾ ആളുകൾ എഴുതാറുണ്ട്. ആളുകളുടെ യഥാർഥ പെരുമാറ്റത്തിൽനിന്ന് ഇതുതന്നെയാണ് പ്രകടമാകുന്നത്. മറ്റുള്ളവരിൽനിന്ന് എന്തായാലും ഇങ്ങനെയൊക്കെയുണ്ടാകും. ചില സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരെ കുറിച്ചും ഇങ്ങനെ എഴുതാറുണ്ട്. ഇതിനേക്കാളുപരി ചില കുട്ടികൾ തങ്ങളുടെ പിതാക്കന്മാരെകുറിച്ച് എഴുതാറുണ്ട്; ഞങ്ങളുട ഭർത്താവ് അല്ലെങ്കിൽ പിതാവ് മസ്ജിദിൽ പോകുന്നു, ജമാഅത്തിന്റെ ജോലിയും ചെയ്യുന്നു. പക്ഷേ, വീടുകളിലുള്ള അവരുടെ പെരുമാറ്റം അങ്ങേയറ്റം മോശമാണെന്ന്! എന്നല്ല അതു കണ്ട് ചില കുട്ടികളിൽ നെഗറ്റീവായ പ്രതികരണമുണ്ടാകുകയും അവർ ദീനിൽനിന്ന് അകലുകയും ചെയ്യുന്നു. ജമാഅത്തിന്റെ ആക്റ്റിവിറ്റികളിൽനിന്നും അകന്നുപോകുന്നു. ഭാര്യമാരേയും മക്കളേയും കുറിച്ച് ഏതെങ്കിലും പുരുഷന് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ദ്രോഹിക്കുന്നതിനുപകരം അവർക്ക് സമാധാനപരമായി മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. മനുഷ്യരോടുള്ള കടമയെന്നാൽ, മറ്റുള്ളവരുടെ അടുക്കൽപോയി പറഞ്ഞ് ആരെയെങ്കിലും സഹായിക്കുകയോ സേവിക്കുകയോ ചെയ്യുക എന്നതു മാത്രമല്ല. മറിച്ച് വീടുകളിലെ കടമകളും നിറവേറ്റേണ്ടതും പ്രഥമവും നിർബന്ധവുമാണ്. പുറത്തുപോയി അന്യരോടു അടുത്തബന്ധുക്കളോടെന്നപോലെ ആരെങ്കിലും പെരുമാറുന്നതും, അടുത്തവരോടു അന്യരോടെന്നപോലെ പെരുമാറുന്നതും ഒരുരീതിയിലും അനുവദനീയമല്ല. അല്ലാഹു സൽപെരുമാറ്റത്തിന്റെ ക്രമം പറഞ്ഞതിലും ഏറ്റവുമാദ്യം അടുത്തബന്ധുക്കളിൽനിന്നാണ് തുടങ്ങുന്നത്.

"നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. മറ്റൊന്നിനേയും അവന്റെകൂടെ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നിങ്ങൾ നന്മ ചെയ്യുക. അടുത്തബന്ധുക്കൾ അനാഥർ, അഗതികൾ, അടുത്ത ബന്ധുവായ അയൽവാസി, അകന്ന അന്യനാ യ അയൽവാസി, തൊട്ടടുത്തുള്ള കൂട്ടുകാരൻ, യാത്രക്കാരൻ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ എന്നിവർക്കും നന്മ ചെയ്യുക. അഹംഭാവിയും പൊങ്ങച്ചക്കാരനുമായവനെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല." (4:37)

അതിനാൽ ഈ ക്രമമാണ് നമ്മൾ മുന്നിൽവെക്കേണ്ടത്. മാതാപിതാക്കൾക്കുശേഷം അടുത്തുള്ളവർ ഭാര്യയും മക്കളുമാണ്. സഹോദരിസഹോദരന്മാരാണ്. പിന്നീടുള്ളത് സൃഷ്ടികളോടുള്ള സഹതാപമാണ്. അതും പല തരത്തിലുണ്ട്. അയൽവാസികൾ, ബന്ധുക്കളായ അയൽവാസികൾ, ബന്ധുക്കളല്ലാത്ത അയൽവാസികൾ. എന്നല്ല, അയൽവാസികളുടെ ദീർഘമായ ലിസ്റ്റ് അവിടന്ന് ഒരു സ്ഥലത്ത് വിവരിക്കുകയുണ്ടായി. നിങ്ങളുടെ നാല്പത് വീടുവരെ, നൂറുവീടു വരെയുള്ളവർ അയൽവാസികളാണെന്ന് പറഞ്ഞു. (മൽഫൂദാത്ത്, വാല്യം 7, പേജ് 280, 1985 ലണ്ടൻപതിപ്പ്)

പിന്നീടുള്ളത് മജ്‌ലിസുകളിൽ ഒപ്പമിരിക്കുന്നവരാണ്. മസ്ജിദുകളിൽ വരുന്നവരാണ്. ജുമുഅയിൽ വരുന്നവരാണ്. ഇവരെല്ലാവരും അയൽവാസികളായിത്തീരുന്നു. യാത്ര ചെയ്യുമ്പോൾ കൂടെയുള്ളവർ അയൽവാസികളുടെ സ്ഥാനത്താണുള്ളത്. അവരോടും നല്ലരീതിയിൽ പെരുമാറണം. ആരുടെ ഉടമസ്ഥരാണോ അവരോടും നല്ലരീതിയിൽ പെരുമാറണം. അവരോടെല്ലാം അനുകമ്പ കാണിക്കണം. ഈ ക്രമംകൊണ്ട് എല്ലാ ഓരോരുത്തരുടേയും അവകാശവും നിലനിറുത്തി എന്ന കാര്യവും ഓർക്കേണ്ടതാണ്. ഒരാളോടുള്ള കടമ നിറവേറ്റി മറ്റുള്ളവരോടുള്ള കടമ നിറവേറ്റിയില്ല എന്നതല്ല. മറിച്ച്, എല്ലാവരുടേയും കടമ നിലനിറുത്തേണ്ടതാണ്. ആരുടേയും അവകാശം ധ്വംസിക്കാൻ പാടില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. അവനോട് ആരേയും പങ്കാളിയാക്കരുത്. നിങ്ങളുടെ മാതാപിതാക്കളോട് നല്ലരീതിയിൽ പെരുമാറുക. നിങ്ങളുടെ അടുത്ത ബന്ധുക്കളോടും നന്മ ചെയ്യുക. ഇത് വിശദീകരിച്ചുകൊണ്ട് പറഞ്ഞു: ഈ വാക്യത്തിൽ മക്കളും സഹോദരനും അടുത്തതും അകന്നതുമായ എല്ലാ ബന്ധുക്കളും ഉൾപ്പെട്ടിരിക്കുന്നു. (വീട്ടുകാരും മക്കളും സഹദോരനും ഇതിൽപെടുന്നു. അടുത്തതും അകന്നതുമായ എല്ലാ ബന്ധുക്കളേയും ഉൾപ്പെടുത്തിയിരിക്കുന്നു) പറഞ്ഞു: "യതീംകളോടും നന്മ ചെയ്യുക. അഗതികളോടും നന്മ ചെയ്യുക. അടുത്തതും അകന്നതുമായ അയൽവാസികളോടും നന്മ ചെയ്യുക. ഏതെങ്കിലും ജോലിയിൽ പങ്കാളികളായവരോടും യാത്രയിൽ കൂടെയുണ്ടായിരുന്നവരോടും നമസ്കാരത്തിൽ ഒപ്പം പങ്കെടുത്തവരോടും മതവിദ്യാഭ്യാസത്തിൽ പങ്കാളികളായവരോടും എല്ലാ ജീവജാലങ്ങളോടും നന്മ ചെയ്യുക. അഹങ്കാരികളേയും പൊങ്ങച്ചംകാണിക്കുന്നവരേയും മറ്റുള്ളവരുടെമേൽ കരുണ കാണിക്കാത്തവരേയും അല്ലാഹു സുഹൃത്തുക്കളാക്കുകയില്ല."(ചശ്മയെ മഅ്‌രിഫ, റൂഹാനീ ഖസാഇൻ, വാല്യം 23, പേജ് 208-209)

പിന്നീടൊരിടത്ത് ഇത് കൂടുതൽ വ്യക്തമാക്കി. "നിങ്ങൾ മാതാപിതാക്കൾക്കു നന്മ ചെയ്യുക. അടുത്ത ബന്ധുക്കളേയും അഗതികളേയും അശരണരേയും നിങ്ങളുടെ ബന്ധുക്കളായ അയൽവാസികളേയും ബന്ധുവല്ലാത്ത അയൽവാസികളേയും യാത്രക്കാരേയും ജോലിക്കാരേയും വീട്ടുജോലിക്കാരേയും (പിന്നീട് വരുന്നത് മൃഗങ്ങളെ കുറിച്ചുള്ള വിശദീകരണമാണ്. ആദ്യം മൃഗങ്ങളെ കുറിച്ചു പറഞ്ഞിരുന്നു. പിന്നീട് വിശദീകരിക്കുകയും ചെയ്തു).കുതിര, ആട്, കാള, പശുക്കളേയും നിങ്ങളുടെ കൈയിലുള്ള മൃഗങ്ങളേയും സ്നേഹിക്കുക. കാരണം നിങ്ങളുടെ ദൈവത്തിന് ഈ ശീലമാണ് ഇഷ്ടമായിട്ടുള്ളത്. അവൻ ശ്രദ്ധ ഇല്ലാത്തവരേയും സ്വാർഥമതികളേയും സ്നേഹിക്കുന്നില്ല. (ഇസ്‌ലാമീ ഉസ്വൂൽ കി ഫിലോസഫി റൂഹാനീ ഖസാഇൻ വാല്യം 10 പേജ് 358)

സഹതാപത്തിന്റെ ഈ വികാരങ്ങളേയും നന്മ ചെയ്യുന്നതിനേയും അവിടന്ന് മൃഗങ്ങൾവരെ വിപുലമാക്കി. പേരെടുത്തുകൊണ്ടും വ്യക്തമാക്കി. അങ്ങനെ മൃഗങ്ങളോടും സഹതാപം കാണിക്കേണ്ടിവരുമ്പോൾ നമുക്ക് നമ്മുടെ വീടിനും ഭാര്യാമക്കൾക്കും എത്രമാത്രം പ്രാധാന്യം നല്കണം. ഇപ്രകാരംതന്നെ ഓരോ സ്ഥാനവുമനുസരിച്ച് മറ്റുള്ളവരോടും.

ഈ കടമ നിറവേറ്റാത്തവരോടു അവരിൽ അഹങ്കാരമുണ്ടെന്ന് അല്ലാഹു പറയുന്നു. അവർ അഭിമാനിക്കുന്നവരാണ്. പിന്നീട് ഇവർ നന്ദികെട്ടവരായിത്തീരുന്നു. അല്ലാഹുവിനോടും നന്ദികേടു കാണിക്കാൻ തുടങ്ങുന്നു. അല്ലാഹു ഭാര്യേയേയും മക്കളേയും നല്കി. മനുഷ്യൻ അവരോടു നല്ലരീതിയിൽ പെരുമാറുന്നില്ലെങ്കിൽ അത് അല്ലാഹുവിനോടുള്ള നന്ദികേടാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)അല്ലാഹുവിനോടുള്ള കടമകളെ കുറിച്ചും മനുഷ്യരോടുള്ള കടമകളെ കുറിച്ചും ഒരു സ്ഥലത്ത് പറയുന്നു: "ശരീഅത്തിന്റെ രണ്ടുതരത്തിലുള്ള കടമകളാണുള്ളത്. അല്ലാഹുവിനോടുള്ള കടമകളും ദാസരോടുള്ള കടമകളും."അവിടന്ന് പറഞ്ഞു: "ദൗർഭാഗ്യവാനല്ലെങ്കിൽ (ദൗർഭാഗ്യവാനായ മനുഷ്യനാണെങ്കിൽ ഒന്നും പറയാനില്ല)അല്ലാഹുവിനോടുള്ള കടമ നിറവേറ്റുക എന്നത് എളുപ്പമാണ്." (അല്ലാഹുവിനോടുള്ള കടമ നിറവേറ്റുക എന്നത് എളുപ്പമുള്ള ജോലിയാണ്). "കാരണം അവൻ നിങ്ങളോടു ഭക്ഷണം ചോദിക്കുന്നില്ല. ഒരു തരത്തിലുള്ള ആവശ്യവും അവനില്ല."(അവന് ആവശ്യമില്ല. അതുകൊണ്ട് നിങ്ങളുടെ ആവശ്യം നിങ്ങളോടു പറയുന്നില്ല). അവൻ ആഗ്രഹിക്കുന്നത് നിങ്ങൾ അവനെ പങ്കുകാരനില്ലാത്ത ദൈവമായി മനസിലാക്കുക എന്നാണ്. അവന്റെ സമ്പൂർണമായ വിശേഷഗുണങ്ങളിൽ വിശ്വസിക്കുക. അവന്റെ ദൂതന്മാരിൽ വിശ്വസിച്ചുകൊണ്ട് അവരെ പിൻപറ്റുക. പക്ഷേ, മനുഷ്യരോടുള്ള കടമകളിലെത്തുമ്പോൾ പ്രയാസങ്ങൾ ഉണ്ടാകുന്നു. അവിടെ ആത്മാവ് വഞ്ചിക്കുന്നു."(മൽഫൂദാത്ത് വാല്യം 8 പേജ് 19 1985 ലണ്ടൻ പതിപ്പ്) അതുകൊണ്ട് കഴിയുന്നിടത്തോളം സൃഷ്ടികളോടുള്ള കടമകൾ വളരെ സൂക്ഷിണ്ടേതാണ്. മറ്റുള്ള കടമകൾ ഇല്ലാതാക്കു

## കലാമുൽ ഇമാം:-

**"ദുഃഖമുണ്ടാകുമ്പോഴും വിപത്ത് വരുമ്പോഴും ക്ഷണത്തിൽ നമസ്കാരത്തിന് നിൽക്കുക എന്ന കുറിപ്പടി എപ്പോഴും ഓർത്തു കൊള്ളുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്തുകൊള്ളുക."**

**(മൽഫൂദാത്ത്, വാല്യം 5, പേജ് 96).**

**ത്വാലിബെ ദുആ:**
**റഹ്മാൻ ശക്കീറും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)**

## കലാമുൽ ഇമാം:-

**"ആരെയണോ ഏതെങ്കിലും കച്ചവടമോ ക്രയവിക്രയമോ അല്ലാഹുവിനെ സ്മരരിക്കുന്നതിൽനിന്ന് തടയാത്തത് അവരായിരിക്കണം നിങ്ങളുടെ മാതൃകയായിട്ടുള്ളവർ എന്ന് അല്ലാഹു പറയുന്നു."**

**(മൽഫൂദാത്ത്, വാല്യം 5, പേജ് 104)**

**ത്വാലിബെ ദുആ:**
**പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)**

ന്നവൻ ആകാനിടവരരുത്. അതിനാൽ ഒരു സത്യവിശ്വാസിയ്ക്കുള്ള നിബന്ധന അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകളും സമ്പൂർണമായ നിലയിൽ നിറവേറ്റാൻ ശ്രമിക്കുക എന്നതാണ്. പ്രത്യേകിച്ചും അവരോടുള്ള കടമകൾ നിർവഹിക്കേണ്ടത് ഒന്നാമത്തേതാണ്. അതിന്റെ ഉത്തരവാദിത്വവും അല്ലാഹു അവരിൽ ഇട്ടിരിക്കുന്നു. വെറും സാമ്പത്തികമായ കടമ നിറവേറ്റലല്ല. വികാരപരമായ കടമകളും നിറവേറ്റേണ്ടത് നിർബന്ധമണ്. തങ്ങളുടെ വീട്ടുകാരുടെ സാമ്പത്തികമായ ആവശ്യങ്ങൾ പൂർത്തിയാക്കാറുണ്ടെന്ന് ചിലയാളുകൾ പറയാറുണ്ട്;എന്നിട്ടും അവർ നന്ദികേട് കാണിക്കുന്നു. അവർ ഭൗതികവും സാമ്പത്തികവുമായ ആവശ്യങ്ങൾ പൂർത്തിയാക്കിക്കൊടുക്കുന്നുണ്ടെങ്കിൽ ഭാര്യയും മക്കളും പ്രത്യേകിച്ചും അതിന്റെ അടിസ്ഥാനത്തിൽ ഭർത്താക്കന്മാരോടും പിതാക്കന്മാരോടും നന്ദി കാണിക്കേണ്ടതാണ്. പക്ഷേ, വികാരങ്ങളും ശ്രദ്ധിക്കണമെന്ന കാര്യം പുരുഷന്മാരും ഓർക്കേണ്ടതാണ്. ഇതും കടമ നിർവഹണമാണ്. സൽപെരുമാറ്റവും ആവശ്യമാണ്. ഭക്ഷണത്തിനും പാനീയത്തിനുമുള്ള ഏർപാട് ചെയ്തു അതോടെ എല്ലാം കഴിഞ്ഞി എന്നു കരുതാൻ മനുഷ്യൻ മൃഗമല്ല. മനുഷ്യന് വികാരപരമായ സൽപെരുമാറ്റവും നിർബന്ധമാണ്. അതിനാൽ ഇക്കാര്യവും ശ്രദ്ധിക്കേണ്ടതാണ്. ഈമാൻ സമ്പൂർണമാക്കുന്നതിന് രണ്ടുതരം കടമകളും നിർവേറ്റേണ്ട ആവശ്യമുണ്ടെന്ന് വിശദീകരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: ദീനിന് രണ്ടേരണ്ട് സമ്പൂർണ ഭാഗമാണുള്ളത്. ഒന്ന് അല്ലാഹുവിനെ സ്നേഹിക്കുക. രണ്ടു മനുഷ്യകുലത്തെ എത്രത്തോളം സ്നേഹിക്കണമെന്നാൽ അവർക്കുണ്ടാകുന്ന വിപത്തുകൾ സ്വന്തം വിപത്തായി മനസിലാക്കുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുക. (നസീമെ ദഅ്വത്ത്, റൂഹാനീ ഖസാഇൻ വാല്യം 19 പേജ് 464)

ഇവിടെ വീണ്ടും സാമീപ്യത്തിന്റെ നിലകളുടെ അടിസ്ഥാനത്തിൽ മനുഷ്യകുത്തോടുള്ള സ്നേഹപ്രകടനത്തിൽ അതേ ക്രമം വരുന്നതായിരിക്കും. പിന്നീട് പൊതുവായ നിലയിൽ എല്ലാവരോടും സ്നേഹമുണ്ട്. അവർക്കുണ്ടാകുന്ന വിപത്ത് തനിക്കുണ്ടാകുന്ന വിപത്താണെന്ന് മനസ്സിലാക്കുന്നത്ര സ്നേഹിക്കുക. നമ്മൾ ഉയർത്തുന്ന എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ് എന്ന മുദ്രാവാക്യത്തിന്റെ യാഥാർഥ്യവും ഇതുതന്നെയാണ്. മനുഷ്യകുലത്തോടുള്ള സഹതാപത്തിലും സ്നേഹത്തിലും അവരുടെ പ്രയാസങ്ങളെ സ്വന്തം പ്രയാസമായി മനസിലാക്കുന്നത്ര സ്നേഹിക്കുക. സ്വന്തം ബന്ധുക്കളോടുള്ള ബന്ധങ്ങളിൽ വിള്ളലുണ്ടെങ്കിൽ മറ്റുള്ളവരോടു എന്ത് സ്നേഹം പ്രകടിപ്പിക്കാനാണ്.

ഇതിന്റെ അടിസ്ഥാനത്തിലും ഈ പെരുന്നാളിൽ കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധ ഉണ്ടാകേണ്ടതാണ്. എല്ലാ ഓരോരുത്തരും അത് ചെയ്യേണ്ടതാണ്. തങ്ങളുടെ വീടുകളിലും ബന്ധുക്കളിലും ചുറ്റുപാടിലും എവിടെയെങ്കിലുമൊക്കെ ബന്ധങ്ങളിൽ കാർക്കശ്യമുണ്ടെങ്കിൽ അത് അകറ്റുന്നതിനുവേണ്ടി ശ്രമിക്കേണ്ടതാണ്. കാർക്കശ്യവും അകൽച്ചയും മൃദുലതയിലേക്കും സാമീപ്യത്തിലേക്കും മാറ്റാൻ ശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ വിശേഷഗുണങ്ങൾ പരിപൂർണമാണ്. പക്ഷേ, അല്ലാഹു ഇങ്ങനേയും പറഞ്ഞിരിക്കുന്നു, എന്റെ വിശേഷഗുണങ്ങളുടെ രശ്മികളാകുക. അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുക. അവരവരുടെ കഴിവനുസരിച്ച് ആ വിശേഷ ഗുണങ്ങൾ സ്വായത്തമാക്കാൻ ശ്രമിക്കുന്നതും എല്ലാവിധത്തിലും മനുഷ്യന്റെ കഴിവുകളനുസരിച്ച് സൗന്ദര്യത്തിന്റേയും ഉപകാരത്തിന്റേയും മാതൃകകാണിക്കുക എന്നതും അല്ലാഹുവിനോടുള്ള നന്ദിയാണ്;പെരുന്നാളിന്റെ സന്തോഷം തന്നിൽമാത്രവും തന്റെ പരിമിതമായ ചുറ്റുവട്ടത്തും മാത്രം ഒതുങ്ങിനില്ക്കാതെ അതിനു വെളിയിൽ കടന്ന് സമൂഹത്തിലും വ്യാപിക്കാൻവേണ്ടി. ഓരോരുത്തരും പരസ്പരം കടമകൾ നിർവഹിക്കുന്നവർ ആയിത്തീരാൻവേണ്ടി. പിന്നീട് ജമാഅത്തിന്റെ ഒത്തൊരുമ നില നിറുത്തുന്നതിനും കടമകൾ നിറവേറ്റേണ്ടത് വളരെ നിർബന്ധമാണ്. ഇത് യഥാർഥമായ സന്തോഷം നല്കുന്നതിനോടൊപ്പം ജമാഅത്തിന്റെ അഭിവൃദ്ധിയുടെ പ്രകടനവും ഇക്കാര്യത്തിലുണ്ടാകും. ഇതുസംബന്ധമായി നമുക്ക് മാർഗദർശനം നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

ബലഹീനരായ സഹോദരങ്ങളെ സഹായിക്കുക എന്ന രീതിയായിരിക്കണം ഉണ്ടാകേണ്ടത്. അവർക്ക് ശക്തി പകരണം. എത്രമാത്രം അനുചിതമായ കാര്യമാണണിത്. രണ്ടു സഹോദരന്മാരുണ്ട്. ഒരാൾക്ക് നീന്താനറിയാം. രണ്ടാമത്തവന് അറിയില്ല. ആദ്യത്തവന്റെ നിർബന്ധ കടമയല്ലെ രണ്ടാമത്തവനെ മുങ്ങിത്താഴുന്നതിൽനിന്ന് രക്ഷിക്കേണ്ടത്. അല്ലാതെ അവനെ മുങ്ങിത്താഴാൻ വിടണോ? അവനെ മുങ്ങിത്താഴുന്നതിൽനിന്ന് രക്ഷിക്കേണ്ടത് അവന്റെ നിർബന്ധ കടമയാണ്. അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ തആവനൂ *അലൽ ബിർറി വത്തഖ്വാ* എന്നു പറഞ്ഞത്. ബലഹീനനായ സഹോദരന്റെ ഭാരമേറ്റുക. കർമപരവും വിശ്വാസപരവും സാമ്പത്തികവുമായ ബലഹീനതയിലും പങ്കാളിയാകുക. ശാരീരികമായ ബലഹീനതയിലും ചികിത്സിക്കുക. ദുർബലനെ ബലവാൻ സഹായിക്കാത്തിടത്തോളം ഒരു ജമാഅത്തും ജമാഅത്താകുകയില്ല. അതിന്റെ രീതി ദൗർബല്യങ്ങൾ മറച്ചുവെക്കുക എന്നതാണ്. പുതുമുസ്ലീംകളുടെ ദൗർബല്യങ്ങൾ കണ്ട് ദ്വേഷപ്പെടരുതെന്നായിരുന്നു സ്വഹാബാക്കൾക്കു കിട്ടിയ പാഠം. കാരണം നിങ്ങളും അവരെപ്പോലെ ദുർബലരായിരുന്നു. ഇപ്രകാരം വലിയവർ ചെറിയവരെ സേവിക്കുക. സ്നേഹത്തോടും മൃദുഭാവത്തോടുംകൂടി പെരുമാറുക. പരസ്പരം പറിച്ചുകീറി തിന്നുന്ന ജമാഅത്ത് യഥാർഥ ജമാഅത്താകുകയില്ല.(പരസ്പരം നഷ്ടംവരുത്താൻ ശ്രമിക്കരുത്).“നാലുപേർ കൂടിയിരിക്കുമ്പോൾ ഒരുവൻ തന്റെ ബലഹീനനായ സഹോദരനെ കുറിച്ച് ദൂഷണം പറയുന്നു. വിമർശിക്കുന്നു. ബലഹീനരേയും ദരിദ്രരേയും ഇകഴ്ത്തുന്നു. അവരെ പരിഹാസത്തിന്റേയും നിന്ദ്യതയുടേയും ദൃഷ്ടിയോടെ നോക്കുന്നു. അങ്ങനെ ഒരിക്കലും പാടില്ല. മറിച്ച് കൂട്ടായ്മയിൽ ശക്തി കൈവരേണ്ടതാണ്. ഐക്യമുണ്ടാകണം. അതുമുഖേന സ്നേഹമുണ്ടാകുന്നു. അനുഗ്രഹങ്ങളുണ്ടാകുന്നു......ധാർമികമായ ശക്തികളെ എന്തുകൊണ്ട് വിപുലപ്പെടത്തിക്കൂട.” നിങ്ങളുടെ ധാർമികതയെ വിശാലമാക്കുക. ഒരുപാട് വ്യാപിപ്പിക്കുക. ഈ ധാർമികത എങ്ങനെയാണ് വ്യാപിക്കുക.“ഇതു വ്യാപിക്കുന്നത് സഹതാപവും സ്നേഹവും മാപ്പും കരുണയും സാധാരണയാക്കുമ്പോഴാണ്.” സ്വന്തം സഹതാപം എല്ലാവർക്കു പൊതുവാക്കുക. സ്വന്തം സ്നേഹം എല്ലാവർക്കു പൊതുവാക്കുക. മാപ്പും വിട്ടുവീഴ്ചയും എല്ലാവർക്കു പൊതുവാക്കുക. മറ്റുള്ളവർക്ക് ഫലമെത്തിക്കുക എന്നത് എല്ലാവർക്കു പൊതുവാക്കുക. “എല്ലാ ശീലങ്ങളിലും ദയയേയും സഹതാപത്തേയും തെറ്റുകൾ മറച്ചു വെക്കുന്നതിനേയും മുന്തിക്കുക.” മറ്റുള്ളവരോടു കരുണ കാണിക്കുക. അവരോടു അനുകമ്പയോടെ വർത്തിക്കുക. കഴിയുന്നിത്തോളം അവരുടെ തെറ്റുകുറ്റങ്ങൾ പൊറുത്തുകൊടുക്കുക. മറ്റുള്ളവരുടെ ദോഷം കണ്ട് തുള്ളിച്ചാടുക എന്നത് എല്ലാവരുടേയും പണിയല്ല. ദോഷം ജമാഅത്തുപരമായ നിറം സ്വീകരിക്കുകയും ജമാഅത്തിന്റെ ദോഷമാക്കിത്തീർക്കാൻ ശ്രമിക്കുകയുമാണെങ്കിൽ ഉത്തരവാദപ്പെട്ടവരോടു പറയേണ്ടതാണ്. അല്ലാതെ അതെല്ലായിടത്തും പറഞ്ഞു നടക്കുക എന്നതല്ല. പറഞ്ഞു: നിസാരമായ കാര്യങ്ങളിൽ ഹൃദയത്തെ വ്രണപ്പെടുത്തുകയും വിഷമത്തിന് കാരണമാക്കുകയും ചെയ്യുന്ന കടുത്ത നടപടികൾ ഉണ്ടാകരുത്. ചിലർ ചിലരോടു അനുകമ്പ കാണിച്ച് തെറ്റുകൾ മറച്ചുവെക്കുമ്പോഴാണ് ജമാഅത്ത്, ജമാഅത്തായി തീരുന്നത്. ഈ അവസ്ഥ ഉണ്ടാകുമ്പോൾ ഒറ്റശരീരമായിക്കൊണ്ട് പരസ്പരം അവയവങ്ങളായിത്തീരുന്നു. സ്വന്തംതന്നെ യഥാർഥ സഹോദരനെക്കാളുപരിയായി മനസ്സിലാക്കുന്നു. അല്ലാഹു സ്വഹാബാക്കളേയും ഈ സാഹോദര്യബന്ധത്തിന്റെ അനുഗ്രഹമാണ് ഓർമിപ്പിച്ചത്. അവർ സ്വർഗത്തിന്റെ മല തന്നെ ചെലവഴിച്ചാലും നബി(സ)തിരുമേനി മുഖേന അവർക്കു കിട്ടിയ ആ സാഹോദര്യം അവർക്കു കിട്ടുമായിരുന്നില്ല. ഇതേ രീതിയിലാണ് അല്ലാഹു ഈ ജമാഅത്ത് രൂപീകരിച്ചിട്ടുള്ളത്. ഇത്തത്തിലുള്ള സാഹോദര്യം അവൻ ഇവിടെ സ്ഥാപിക്കുന്നതാണ്.”(മൽഫൂദാത്ത് വാല്യം 3 പേജ് 347–349, 1985 ലണ്ടൻ പതിപ്പ്)

അതിനാൽ നമുക്ക് എല്ലാ തലങ്ങളിലും സ്നേഹം, പ്രീതി, സാഹോദര്യവും കാണുക്കുന്നതിനും കടമകൾ നിറവേറ്റുന്നതിനും ശ്രമിക്കേണ്ടതാണ്. യഥാർഥത്തിൽ ഇക്കാര്യങ്ങളാണ് പെരുന്നാളിന്റെ യഥാർഥമായ സന്തോഷങ്ങൾ കരസ്ഥമാക്കുന്നവരാക്കുന്നത്. അല്ലാഹുവിനോടു നമ്മൾ യഥാർഥമായ നന്ദി കാണിക്കുന്നവരാകട്ടെ. അവനോടുള്ള ആരാധനയുടെ കടമകൾ നിറവേറ്റുന്നവരാകട്ടെ. അവന്റെ ദാസരോടുള്ള കടമകളും നിറവേറ്റുന്നവരാകട്ടെ.

രണ്ടാമത്തെ ഖുത്ബയ്ക്കുശേഷം നമ്മൾ ദുആ ചെയ്യുന്നതാണ്. യഥാർഥ ആരാധകനാകുന്നതിനും അല്ലാഹുവിന്റെ ദാസരോടുള്ള കടമ നിർവഹിക്കുന്ന മുഅ്മിൻ ആകുന്നതിനും ദുആ ചെയ്യുക. ചില ജമാഅത്തുകളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ അല്ലാഹു അകറ്റുമാറാകട്ടെ. ജമാഅത്തിയായ നിലയിൽ ബുദ്ധിമുട്ടിൽ അകപ്പെട്ടവരുടെ ബുദ്ധിമുട്ടുകൾ അല്ലാഹു നീക്കുമാറാകട്ടെ. കേസുകളിൽ കുടുങ്ങിയിട്ടുള്ളവരുടെ പ്രയാസങ്ങൾ അകറ്റുമാറാകട്ടെ. ആ കേസുകളിൽനിന്നെല്ലാം അവർ മോചിതരാകട്ടെ. പാകിസ്താനിൽ പ്രത്യേകിച്ചും ചില തടവുകാരുണ്ട്. അൽജീരിയായിലും തടവുകാരുണ്ട്. അല്ലാഹു എത്രയും വേഗം അവരെ മോചിതരാക്കുന്നതിന് നിങ്ങൾ ദുആ ചെയ്യുക. ഏതെങ്കിലും രീതിയിൽ ഏതെങ്കിലും വിഷമത്തിൽ അകപ്പെട്ടിട്ടുള്ളവരുടെ വിഷമങ്ങളും അവൻ അകറ്റുമാറാകട്ടെ.

രണ്ടാമത്തെ ഖുത്ബയ്ക്കും കൂട്ട ദുആയ്ക്കും ശേഷം അമീറുൽ മുഅ്മിനീൻ പറഞ്ഞു: അസ്സലാമു അലയ്ക്കും വ റഹ്ത്തുല്ലാഹി വ ബറകാത്തുഹു എല്ലാവർക്കും ഈദുമുബാറക് എം ടി എ മുഖേന മുഴുവൻ ലോകത്തിനും ഈദു മുബാറക്. അല്ലാഹു നിങ്ങൾക്കെല്ലാവർക്കും ഈദിന്റെ യഥാർഥ സന്തോഷം നല്കുമാറാകട്ടെ. അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹ്

★★★

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: “ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

## ഹദീസുന്നബ്‌വി(സ)

**നബി(സ) പറഞ്ഞു: “നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക.” (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

# 2017 യൂ കെ ജൽസ സാലാനയുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ തിരക്കുകൾ

**അഹ്മദിയ്യാ ജമാഅത്ത് മനുഷ്യകുലത്തിന് ഒരു മാതൃകയാണ്.**

**ഹുദൂറിന്റെ മഹത്ത്വം കണക്കുകൂട്ടാൻ പറ്റുകയില്ല.**
**ഹുദൂറുമായി കാണുമ്പോൾ ഒരു ആത്മീയശക്തി പ്രദാനം ചെയ്യപ്പെടുന്നു.**

**യൂ കെ ജൽസസാലാനയിൽ പങ്കെടുത്ത അതിഥികളുടെ ഹുദൂറുമായി കൂടിക്കാഴ്ച.**
**തുടർന്ന് വിശ്വാസം ദൃഢീകരിക്കുന്ന അവരുടെ അനുഭവ വിവരണം**

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

പരിഭാഷ:മൗലവി അമീൻ മുഹമ്മദ്, മാത്ര

(തുടർച്ച).....
മുഴുലോകത്തുനിന്നുമുള്ള വിവിധ ജനതകളും വർഗക്കാരും വർണക്കാരുമാണ് പങ്കെടുത്തത്. പക്ഷേ, എല്ലാവരും ഒരു നേതാവിന്റെ ആംഗ്യത്തിലാണ് നടക്കുന്നത്. ഇക്കാര്യം എന്നിൽ അഗാധമായ സ്വാധീനമാണ് ഉണ്ടാക്കിയത്. ഞാൻ കരുതുന്നത് അല്ലാഹു നേരിട്ട് സഹായിച്ചുകൊണ്ടിരിക്കുന്ന ഒരു മതവും ജമാഅത്തും ഇതുതന്നെയാണെന്നാണ്. മുഴുലോകവും നിങ്ങളെ സ്വീകരിക്കുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു; അവസാനം നിങ്ങൾ തന്നെയായിരിക്കും വിജയിക്കുന്നത്.' രാജ്യത്തിന്റെ അവസ്ഥയെക്കുറിച്ച് ഹുദൂർ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'കുറെ കാലത്തെ പ്രശ്നങ്ങൾക്കുശേഷം ഇപ്പോൾ രാജ്യത്തിന്റെ അവസ്ഥ മെച്ചപ്പെടാൻ തുടങ്ങിയിട്ടുണ്ട്.' മഡ്ഗാസ്കറിൽ പര്യടനം നടത്താൻ അദ്ദേഹം ഹുദൂറിനെ ക്ഷണിച്ചു. അപ്പോൾ ഹുദൂർ പറഞ്ഞു: 'രാജ്യം രാഷ്ട്രീയാടിസ്ഥാനത്തിൽ stable ആണെങ്കിൽ വരുന്നതിൽ ഒരു പ്രശ്നവുമില്ല.' മഡ്ഗാസ്കർ സംഘത്തിന്റെ ഹുദൂറുമായുള്ള ഈ കൂടിക്കാഴ്ച 1.25ന് അവസാനിച്ചു. അവസാനം അതിഥികൾ ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനുള്ള ഭാഗ്യം കരസ്ഥമാക്കി.

## ലൈബീരിയൻ സംഘവുമായുള്ള കൂടിക്കാഴ്ച

തുടർന്ന് ലൈബീരിയായിൽനിന്നുവന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

- ലൈബീരിയായിൽനിന്നുവന്ന സംഘത്തിൽ ഒരു അതിഥി Hon Senator Jonathan Lambert Kaipay-ഉം ഉണ്ടായിരുന്നു. ലൈബീരിയായിൽ, വരാൻ പോകുന്ന തിരഞ്ഞെടുപ്പിനെക്കുറിച്ച് പറഞ്ഞുകൊണ്ട് അദ്ദേഹം ഹുദൂറിനോടു ദുആക്ക് അപേക്ഷിച്ചു. അപ്പോൾ ഹുദൂർ പറഞ്ഞു: 'അല്ലാഹു കൃപ ചൊരിയുമാറാകട്ടെ. ഇലക്ഷൻ നന്നായി നടക്കട്ടെ.' അദ്ദേഹം പറഞ്ഞു: 'ജൽസസാലാന യു.കെ സംഘടിപ്പിക്കുന്നതിനും എനിക്ക് പങ്കെടുക്കാൻ അവസരം നല്കിയതിനും ഞാൻ വളരെ നന്ദിയുള്ളവനാണ്. ജൽസയുടെ ഒരുക്കങ്ങളും പ്രവർത്തകരുടെ ആത്മാർഥതയും കണ്ട് വളരെയധികം ആകർഷിതനായിരുന്നു. ഞാൻ ക്രിസ്ത്യാനിയായ കാരണത്താൽ, ദൈവത്തെ സ്നേഹിക്കുന്നതിന്റെ ധാരാളം അനുഭവങ്ങൾക്കും മാർഗങ്ങൾക്കും സാക്ഷിയാണ്. പക്ഷേ, നിങ്ങൾ ദൈവത്തെ സ്നേഹിക്കുന്നതും നിങ്ങളുടെ ദൈവപ്രീതി കരസ്ഥമാക്കുന്നതിനുമുള്ള മാർഗവും എന്നെ അത്ഭുതപ്പെടുത്തുന്നു. അതെന്നെ ഹഠാദാകർഷിച്ചു. മുഴുവൻ ലോകത്തുമുള്ള അഹ്മദികളോടു സദുദ്ദേശ്യം പ്രകടിപ്പിക്കുകയും ഞാൻ അവർക്കുവേണ്ടി ദുആ ഇരക്കുകയും ചെയ്യുന്നു.' കൂടിക്കാഴ്ചയുടെ അവസാനം അദ്ദേഹം ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനുള്ള ഭാഗ്യവും കരസ്ഥമാക്കി. ലൈബീരിയൻ സംഘവുമായുള്ള ഈ കൂടിക്കാഴ്ച 1.33 വരെയായിരുന്നു.

## കാമറോൺ സംഘവുമായുള്ള കൂടിക്കാഴ്ച

തുടർന്ന് കാമറോണിൽനിന്നുവന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. കാമറോണിൽനിന്ന് ഈ വർഷം ജൽസസാലാന യു.കെയിൽ പങ്കെടുത്ത സംഘത്തിൽ ഒരു ജേർണലിസ്റ്റ് മുഹമ്മദ് അസീസ് സാഹിബും ഉണ്ടായിരുന്നു. അദ്ദേഹം ജൽസാസാലാനയെ കുറിച്ച് പറഞ്ഞു: 'ഇത്തരത്തിലുള്ള ഇന്റർനാഷണൽ സമ്മേളനം ഞാൻ എന്റെ ജീവിതത്തിൽ ഒരിക്കലും കണ്ടിട്ടില്ല. ഇവിടെ ലോകത്തിലെ എല്ലാ കോണുകളിൽനിന്നുമുള്ള ആളുകളും പങ്കെടുക്കുന്നു. ജൽസയുടെ ഒരുക്കങ്ങൾ എന്നെ അത്ഭുതപ്പെടുത്തി. ഓരോ പ്രവർത്തകനും തങ്ങളുടെ കർത്തവ്യം ദ്വേഷമോ കോപമോ ഒന്നും കൂടാതെ ചിരിച്ചുകൊണ്ട് ചെയ്തുകൊണ്ടിരുന്നു. നൂറുക്കണക്കിന് പ്രവർത്തകർ ഒരു വേതനവും കൂടാതെ രാപകൽ പണിയെടുക്കുന്നതും എന്നെ അത്ഭുതപ്പെടുത്തി. ജൽസയിലെ പ്രഭാഷണങ്ങൾ ലോകത്തിന്റെ നിലവിലുള്ള അവസ്ഥകൾക്കനുസരിച്ചുതന്നെയായിരുന്നു. ആ പ്രസംഗങ്ങളിലൂടെ എന്റെ അറിവുകൾ ഒരുപാട് വർധിച്ചു. പ്രത്യേകിച്ചും ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണങ്ങൾ വളരെ പ്രധാനപ്പെട്ടതായിരുന്നു. ലോകത്തിന്റെ അവസ്ഥകൾ മാറ്റുന്നതിന് ഈ പ്രഭാഷണങ്ങൾ വളരെ അനിവാര്യമാണ്. സ്ത്രീകളോടു ചെയ്ത അദ്ദേഹത്തിന്റെ പ്രഭാഷണവും സുപ്രധാനമായിരുന്നു. വീടുകളിൽനിന്ന് കുട്ടികൾക്ക് നല്ല ശിക്ഷണം ലഭിക്കുകയാണെങ്കിൽ ലോകത്തിന്റെ ഭാവിയും നന്നായിരിക്കുന്നതാണ്. ഇല്ലെങ്കിൽ നമ്മുടെ മക്കൾ ഭീകരവാദികളുടെ കൈകളിൽ ചെന്നുപെടുന്നതാണ്. നമ്മൾ അഹ്മദിയ്യാ ജമാഅത്തിന്റെ ഓരോ ഉപദേശവും അനുസരിച്ച് പ്രവർത്തിക്കേണ്ടിവരും. എങ്കിലേ നമുക്ക് ലോകത്ത് നല്ല അന്തരീക്ഷവും സമാധാനവും ഉണ്ടാക്കാൻ കഴിയുകയുള്ളൂ.'

ഈ കൂടിക്കാഴ്ച 1.40വരെ നിന്നു. അവസാനം ഹുദൂറുമൊത്ത് അദ്ദേഹം ഫോട്ടോ എടുത്തു.

## ഹോണ്ടറോസ്(Hondros) സംഘവുമായുള്ള കൂടിക്കാഴ്ച

അതിനുശേഷം ഹോണ്ടറോസ് രാജ്യക്കാരുമായുള്ള കൂടിക്കാഴ്ച നടന്നു. അഞ്ച് പേരടങ്ങുന്ന സംഘമാണ് ഇവിടെനിന്ന് വന്നത്. അവരിൽ താഴെ പറയുന്ന മൂന്ന് നവ അഹ്മദിയുമുണ്ടായിരുന്നു.

- Nelson Rafael Nunez സാഹിബ്. ഇദ്ദേഹം ഹോണ്ടറോസ് രാജ്യത്തെ ആദ്യത്തെ അഹ്മദിയാണ്.
- Maurillo Osorio Persy Danief സാഹിബ്. ഇദ്ദേഹം ആരംഭകാല അഹ്മദികളിൽപ്പെട്ടയാളാണ്. ഇദ്ദേഹം തന്റെ നഗരത്തിലെ ആദ്യ അഹ്മദിയാണ്.
- Blanca Lidia Antunez Flores സാഹിബ. ഇവർ ഹോണ്ടറോസിലെ ആദ്യത്തെ വനിത അഹ്മദിയാണ്.

ഈ എല്ലാ നവ അഹ്മദികളും ജൽസ സാലാനയിൽ പങ്കെടുത്ത് വളരെ സന്തോഷവും തങ്ങളുടെ സൽവികാരങ്ങളും പ്രകടിപ്പിച്ചു. അവർ പറഞ്ഞു: 'ഇത്രയധികം വിവിധ ജനതകളിൽപെട്ട ആളുകൾ ഒരിടത്ത് സമ്മേളിക്കുന്നത് ഞങ്ങൾ ഞങ്ങളുടെ ജീവിതത്തിൽ ആദ്യമായാണ് കാണുന്നത്. ഓരോരുത്തരും പരസ്പരം സ്നേഹിക്കുന്നു. പരസ്പരം സഹായിക്കുന്നു.' ഹുദൂർ പറഞ്ഞു: 'ഇസ്ലാമിന്റെ അധ്യാപനം എത്രമാത്രം സമാധാനപരമാണെന്ന് നിങ്ങൾ ഇവിടെ കണ്ടുകഴിഞ്ഞു. ഇപ്പോൾ നിങ്ങൾ ഇവിടെ വന്ന് റിചാർജായിക്കഴിഞ്ഞിരിക്കുകയാണ്. ഇനി നിങ്ങൾ തിരിച്ചുപോയി ഇസ്ലാമിന്റെ സന്ദേശം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കേണ്ടതാണ്.'

നവ അഹ്മദി വനിത Blanca Lidia Antunez Flores സാഹിബ പറഞ്ഞു: 'ജൽസയിൽ ആതിഥ്യത്തിന്റെ വ്യവസ്ഥിതി വളരെ നല്ലതായിരുന്നു. ഞാൻ വീട്ടിൽതന്നെയുള്ളതുപോലെയാണ് എനിക്ക് തോന്നിയത്. ഹുദൂറിന്റെ പ്രഭാഷണങ്ങൾ വളരെ ഇഷ്ടപ്പെട്ടു. പ്രത്യേകിച്ചും അവിടന്ന് വനിതകളോടു ചെയ്ത പ്രഭാഷണം. അതിൽ സ്ത്രീകളോടുള്ള ഉത്തരവാദിത്തങ്ങളും കുട്ടികളുടെ ശിക്ഷണത്തേയും പരിപാലനത്തെയും കുറിച്ച് ഉപദേശം നല്കി. ആഗോളബയ്അത്തിന്റെ പരിപാടിയും വളരെ ആകർഷകമായിരുന്നു; എല്ലാ അംഗങ്ങളും എത്രമാത്രം സംഘടിതരും ഐക്യമുള്ളവരുമാണ്. ഇത്തരം ദൃശ്യം ഞാനെന്റെ ജീവിതത്തിൽ ഒരിക്കലും കണ്ടിട്ടില്ല. ഹുദൂറിനോടുള്ള ആളുകളുടെ സ്നേഹത്തിന്റേയും ആദരവിന്റേയും മാതൃക വളരെ വ്യക്തമായിരുന്നു. ഇപ്രകാരംതന്നെ ജമാഅത്തംഗങ്ങളുടെ പരസ്പര സ്നേഹവും സാഹോദര്യവും നല്ലവണ്ണം പ്രകടമായിരുന്നു. ഒരു ദിവസം ഒരു സ്ത്രീ രാത്രി ഭക്ഷണത്തിന് മത്സ്യം തിന്നാൻ ആഗ്രഹിച്ചത് എനിക്കോർമയുണ്ട്. അടുത്തദിവസം രാത്രിഭക്ഷണത്തിന് മത്സ്യം കിട്ടി. ഇതിൽനിന്ന് ജമാഅത്ത് അതിഥികളെ പരിപൂർണമായും നല്ലനിലയിൽ നോക്കുന്നവരാണെന്ന് എനിക്ക് മനസ്സിലായി. ഹുദൂറുമായി കൂടിക്കാഴ്ചയ്ക്കു അവസരം കിട്ടിയത് എന്റെ മഹാഭാഗ്യമായിരുന്നു. കൂടിക്കാഴ്ചയ്ക്കു മുമ്പേ ഞാൻ






**"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)**


**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം– 689 695. Phone: 9744653179.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 03 May 2018 Issue-18

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

വല്ലാതെ പരിഭ്രമിച്ചിരുന്നു. പക്ഷേ, ഞാൻ മുറിയിൽ പ്രവേശിച്ചപ്പോൾ ഹുദൂർ വളരെ വാത്സല്യത്തോടെ ഞങ്ങളോടു ഇരിക്കാൻ പറഞ്ഞു. അപ്പോൾതന്നെ എന്റെ എല്ലാ പരിഭ്രമവും പൊയ്പ്പോയി. എനിക്ക് സമാധാനം കിട്ടി. കാരണം എനിക്ക് ഹുദൂറിന്റെ വാത്സല്യം വ്യക്തമായനിലയിൽ കാണാൻ കഴിഞ്ഞിരുന്നു. എനിക്കു പുറമെ ഞങ്ങളുടെ സംഘത്തിൽ രണ്ട് പുരുഷന്മാരുമുണ്ടായിരുന്നു. ഹുദൂർ ഞങ്ങളെല്ലാവരോടും ഒരേരീതിയിൽ പെരുമാറി. നിത്യജീവിതത്തിൽ ഒരിടത്തും കാണാൻ കിട്ടാത്ത കാര്യമാണിത്. കൂടിക്കാഴ്ചയ്ക്കുശേഷം എനിക്ക് മനസ്സമാധാനം കിട്ടി. ഞാൻ ദുആ ചെയ്യുന്നു. ഹുദൂറിന് ആരോഗ്യപരവും സമാധാനപരവുമായ ദീർഘായുസ്സ് കിട്ടണമെന്നാണ് എന്റെ ആഗ്രഹം. ഈ ഉണ്ടായ അനുഭവങ്ങളെല്ലാം എന്നെ സംബന്ധിച്ചിടത്തോളം അത്ഭുതകരവും വേറിട്ട നിലയിലുള്ളതുമാണ്.

ഹോണ്ടറോസ് സംഘത്തിന്റെ ഈ കൂടിക്കാഴ്ച 1.55 വരെ തുടർന്നു. കൂടിക്കാഴ്ചയുടെ അവസാനം സംഘാംഗങ്ങൾ ഹുദൂറുമൊത്ത് ഫോട്ടോയെടുക്കാനുള്ള ഭാഗ്യം കരസ്ഥമാക്കി.

അതിനുശേഷം ഗ്യാനയിൽനിന്നു വന്ന സംഘം ഖലീഫത്തുൽ മസീഹുമായി കൂടിക്കാഴ്ച നടത്തി. ഗ്യാനയിൽനിന്നു അഞ്ചുപേരടങ്ങുന്ന സംഘമാണ് ജൽസയിൽ പങ്കെടുത്തത്. ഈ സംഘത്തിൽ ഒരു പണ്ഡിറ്റ് Deodatt Muridall Tilack സാഹിബും ഉണ്ടായിരുന്നു. ഒരു ജേർണലിസ്റ്റ് ബീബി ശഹ്നാസ് ഖാൻ സാഹിബയുമുണ്ടായിരുന്നു.

- അതിഥികൾ പറഞ്ഞു: ഞങ്ങൾ ജൽസയുടെ ഏർപ്പാടുകൾ കണ്ട് വളരെ ആകർഷിതരായിരിക്കുന്നു. ഇത്ര വലിയ ജനക്കൂട്ടം പങ്കെടുത്ത ജൽസയിലാണ് ഞങ്ങൾ വന്നത്. ഈ വൻജനാവലിയുടെ പ്രവർത്തനങ്ങൾ വളരെ സുഗമമായരീതിയിൽ നടന്നു. ഒരിടത്തും ഒരു പ്രശ്നവുമുണ്ടായില്ല. ഇക്കാര്യം ഞങ്ങളെ വളരെ അത്ഭുതപ്പെടുത്തി. ഇത് അഹ്മദിയ്യാ ജമാഅത്തിലല്ലാതെ മറ്റെവിടെയും കാണാൻ കഴിയുകയില്ല.

- പണ്ഡിറ്റ് Deodatt Muridall Tilack സാഹിബ് തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ മോട്ടോ "എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്" എന്നതിനെ പ്രതിനിധാനം ചെയ്യുന്നത് എന്റെ അന്തസ്സായി മനസ്സിലാക്കുന്നു. ഏറ്റവും പ്രധാനപ്പെട്ട കാര്യം ഞാൻ നിങ്ങളോട് പറയാനാഗ്രഹിക്കുന്നത് ബയ്അത്ത് നിബന്ധനകളുടെ ഒമ്പതാമത്തെ നിബന്ധന എന്റെ മനസ്സിന്റെ ശബ്ദമാണെന്നാണ്. ഞാൻ ഈ നിബന്ധനയനുസരിച്ച് കൂടുതൽ ജീവിക്കാൻ പരിശ്രമിക്കുന്നതായിരിക്കും. കാരണം ജൽസസാലാനയുടെ അതിഥി സൽക്കാരം ഇതേ നിബന്ധനയുടെ ഫലമാണ്. ഞാൻ ദുആ ചെയ്യുന്നു. അല്ലാഹു അവന്റെ സമാധാനവും അനുഗ്രഹങ്ങളും ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനിയുടെമേൽ വർഷിക്കുമാറാകട്ടെ. അവിടത്തെ ജമാഅത്തിന്റെ മേലും വർഷിക്കട്ടെ. അഹ്മദിയ്യാ ജമാഅത്ത് ദൈവികാനുഗ്രഹങ്ങളോടെ നിത്യവും അഭിവൃദ്ധിപ്പെടുമാറാകട്ടെ. അല്ലാഹു നിങ്ങൾക്ക് മാർഗദർശനം നല്കുമാറാകട്ടെ. നിങ്ങളെ സംരക്ഷിക്കുമാറാകട്ടെ.

- ജേർണലിസ്റ്റ് ശഹനാസ്ഖാൻ സാഹിബ തന്റെ അഭിപ്രായം പ്രകടിപ്പിച്ചത് ഇങ്ങനെയാണ്. ജൽസാസാലാന വളരെ ഗംഭീരമായിരുന്നു. ഞാൻ ഒരിക്കലും ഇത്രവലിയതോതിൽ മുസ്ലിംകൾ സംഘടിക്കുന്നതോ ഐക്യപ്പെട്ടിരിക്കുന്നതോ കണ്ടിട്ടില്ല. ആഗോള ബയ്അത്തിന്റെ ദൃശ്യം അങ്ങേയറ്റം ഗംഭീരമായിരുന്നു. ആളുകൾ ഒരു പുതിയ ശക്തി സംഭരിക്കുകയായിരുന്നു. അല്ലാഹുവിനെ തങ്ങളുടെ അടുത്ത് പ്രാപിക്കുകയായിരുന്നു. ഹുദൂർ അൻവറിന്റെ പ്രഭാഷണങ്ങൾ വളരെ ആകർഷണീയമായിരുന്നു. താമസം, ഭക്ഷണം തുടങ്ങിയവ എല്ലാം ഗംഭീരമായിരുന്നു. ഖുർആൻ പാരായണത്തിന്റെ ശബ്ദം കേട്ട് എനിക്ക് എന്റെ പിതാമഹനെ ഓർമവന്നു. വളരെ നല്ല ഏർപ്പാടായിരുന്നു. ചെറിയ ചെറിയ കുട്ടികളും ജോലി ചെയ്യുന്നതുകണ്ട് ഏറെ സന്തോഷമുണ്ടായി. ഗ്യാന സംഘത്തിന്റെ ഹുദൂറുമായുള്ള ഈ കൂടിക്കാഴ്ച 2.05വരെ തുടർന്നു. കൂടിക്കാഴ്ചയ്ക്കുശേഷം സംഘാംഗങ്ങൾ ഹുദൂറുമായി ഫോട്ടോയെടുത്തു.

**അഞ്ച് ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുവന്ന നാഷണൽ ടിവി ചാനലുകാരുടെ ഡയറക്ടറും പ്രതിനിധികളും ജേർണലിസ്റ്റുകളുമായി ഹുദൂറിന്റെ കൂടിക്കാഴ്ച**

- അതിനുശേഷം പരിപാടിയനുസരിച്ച് എം.ടി.എ ആഫ്രിക്കയുടെ കീഴിൽ 5 ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നുള്ള ഘാന, ഗാമ്പിയ, സിയിറ ലിയോൺ, റുവാണ്ട, ബെനിനിൽനിന്നുവന്ന വിവിധ സർക്കാർ നാഷണൽ ടി വി ചാനലുകാരുടെ ഡയറക്ടേഴ്സ്, പ്രതിനിധികൾ, ജേർണലിസ്റ്റുമാർ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ആ ഡയരക്ടർമാരുടെയും പ്രതിനിധികളുടെയും മൊത്തം എണ്ണം 13 ആയിരുന്നു. ആ പ്രതിനിധികൾ ഇവിടെനിന്ന് ജൽസാസാലാനയുടെ തൽസമയ സംപ്രേഷണം അവരവരുടെ രാജ്യങ്ങളിലേക്ക് നല്കിയിരുന്നു. ഈ പ്രതിനിധികളുമായുള്ള കൂടിക്കാഴ്ച 2.15 വരെ തുടർന്നു. അവസാനം എല്ലാവരും ഹുദൂറുമൊത്ത് ഫോട്ടോയെടുക്കാനുള്ള ഭാഗ്യം കരസ്ഥമാക്കി. അതുകഴിഞ്ഞ് ഹുദൂർ മസ്ജിദ് ഫള്ലിലെത്തി ളുഹ്ർ അസ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാര നിർവഹണത്തിനുശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്ക് പോയി.

### വ്യക്തിപരവും കുടുംബപരവുമായ കൂടിക്കാഴ്ചകൾ

പരിപാടിയനുസരിച്ച് ഇന്ന് വൈകുന്നേരം 5.15 ന് വിവിധ രാജ്യങ്ങളിൽനിന്നുവന്ന ജമാഅത്തംഗങ്ങളും കുടുംബങ്ങളും ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ തുടങ്ങി. ഇന്ന് 46 കുടുംബങ്ങളിലെ 230 അംഗങ്ങളും അതിനുപുറമെ 24 പേരും വ്യക്തിപരമായ നിലയിൽ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഇങ്ങനെ മൊത്തം 254 പേരാണ് കൂടിക്കാഴ്ചയ്ക്ക് ഭാഗ്യം കണ്ടെത്തിയത്. കൂടിക്കാഴ്ച നടത്തിയ ഈ കുടുംബാംഗങ്ങൾ താഴെ പറയുന്ന 21 രാഷ്ട്രങ്ങളിൽനിന്ന് വന്നവരാണ്.

പാക്കിസ്താൻ, അമേരിക്ക, ബുർക്കിനോഫാസോ, കനഡ, സൗദിഅറേബ്യ, ആസ്ത്രേലിയ, ആസ്ട്രിയ, നോർവെ, ദുബായ്, നൈജീരിയ, അബൂദാബി, യു.കെ, ഇന്ത്യ, ഷാർജ, മൊറേഷ്യസ്, ഹോളണ്ട്, ലൈബിരിയ, ചൈന, മലേഷ്യ, സ്വീഡൻ, ഇറ്റലി, ബംഗ്ലാദേശ്.

ഇവരിൽ ഓരോരുത്തരും തങ്ങളുടെ പ്രിയങ്കരനായ ഇമാമുമൊത്ത് ഫോട്ടോയെടുത്തു. ഹുദൂർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനകളും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി. കൂടിക്കാഴ്ചയുടെ ഈ പരിപാടി വൈകുന്നേരം 8.45 വരെ നീണ്ടുനിന്നു. പിന്നീട് ഹുദൂർ മസ്ജിദ് ഫള്ലിലെത്തി മഗ്രിബും ഇശായും ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്ക് പോയി.

## 2017 ആഗസ്ത് 2 ബുധനാഴ്ച

ഇന്ന് പരിപാടിയനുസരിച്ച് ബെനിൻ, ഐവറികോസ്റ്റ്, മൊറേഷ്യസ്, കരിബാത്തി, മാർഷൽ ഐർലന്റ്, മൈക്രോനേഷ്യ, മൊറോക്കോ, ഗ്വാട്ടിമാല, ഗിനികൊണാർക്രി, മെക്സിക്കോ, തുർക്കുമാനിസ്താൻ, കസാക്കിസ്താൻ, നൈജീരിയ തുടങ്ങിയ രാജ്യങ്ങളിൽനിന്നുവന്ന സംഘങ്ങളുമായിട്ടായിരുന്നു ഹുദൂറിന്റെ കൂടിക്കാഴ്ചാ പരിപാടി.

ഇതിനുപുറമെ വിവിധ രാജ്യങ്ങളിൽനിന്നുവന്ന ഇലക്ട്രോണിക് പ്രിന്റ് മീഡിയായുടെ ജേർണലിസ്റ്റ്മാരുമായും ഹുദൂറിന്റെ പ്രസ് കോൺഫറൻസ് പരിപാടിയുമുണ്ടായിരുന്നു.

- കൂടിക്കാഴ്ചയുടെ ഈ പ്രോഗ്രാം രാവിലെ 10.30 ന് തുടങ്ങി. ഏറ്റവുമാദ്യം ബെനിനിൽനിന്നുവന്ന സംഘമാണ് കൂടിക്കാഴ്ചയ്ക്ക് ഭാഗ്യം കരസ്ഥമാക്കിയത്.

### ബെനിനിൽ നിന്നുവന്ന സംഘവുമായി കൂടിക്കാഴ്ച

ബെനിനിൽനിന്ന് ഈ വർഷം മൂന്നുപേരടങ്ങുന്ന സംഘമാണ് വന്നത്. ഇവരിൽ മുൻവിദേശകാര്യമന്ത്രിയും രാഷ്ട്രപതിയുടെ ഉപദേഷ്ടാവും ഇപ്പോൾ ഒരു സീനിയർമന്ത്രിയുടെ ഉപദേഷ്ടാവുമായ മർയം ബോനി ജയാലുസാഹിബയുമുണ്ടായിരുന്നു. ഇപ്രകാരംതന്നെ ബെനിനിലെ നാഷണൽ ടി വിയുടെ ഡയരക്ടർ Catray Jemima സാഹിബയും സംഘത്തിലുണ്ടായിരുന്നു.

- മർയം ബോനി ദയാലു സാഹിബ പറഞ്ഞു: ഇവിടെ ലോകത്തുള്ള 115 രാഷ്ട്രങ്ങളിൽനിന്ന് പ്രതിനിധികൾ സംഘടിച്ചു. 30,000ൽ ഏറെ ആളുകൾ ജൽസയിൽ പങ്കെടുത്തു. പക്ഷേ, ഇവിടെ ഒരുതരത്തിലുള്ള കലഹമോ വഴക്കോ ഉണ്ടാകാതിരുന്നത് ഞങ്ങളെ അത്ഭുതപ്പെടുത്തി. ഇത്തരം സമധാനനിർഭരവും സ്നേഹവും സാഹോദര്യവുമുള്ള അന്തരീക്ഷം ഞങ്ങൾ മുമ്പേ ഒരിക്കലും കണ്ടിട്ടില്ല.

- ഹുദൂർ നാഷണൽ ടെലിവിഷന്റെ ഡയരക്ടറോട് പറഞ്ഞു: വാർത്താമാധ്യമങ്ങൾ ജൽസാസാലാനയുടെ വളരെ നല്ല കവറേജാണ് നല്കിയത്. ഇവിടത്തെ ദേശീയപത്രങ്ങളും ലോകത്തുള്ള വലിയ പത്രങ്ങളും കവറേജ് നല്കി. അപ്പോൾപിന്നെ ബെനിൻ എന്തുകൊണ്ടാണ് പിന്നിലായിപോയത്. അപ്പോൾ അവർ പറഞ്ഞു: ബെനിനിലും കവറേജുണ്ടായിരിക്കുന്നതായിരിക്കും. ഞങ്ങൾ ആഗ്രഹിക്കുന്നത് എം.ടി.എ ഇന്റർനാഷണലും ബെനിനിലെ ടിവിയും പരസ്പരം കോ-ഓഡിനേഷൻ ആയിരിക്കണമെന്നാണ്. പ്രസിഡണ്ട് അവരെ ഇവിടെ ജൽസയിൽ പങ്കെടുക്കാൻ അയച്ചതാണെന്ന് അവർ പറഞ്ഞപ്പോൾ, ഹുദൂർ പറഞ്ഞു: നിങ്ങൾ പങ്കെടുത്തതിന് നന്ദി. രാഷ്ട്രപതിക്കും നന്ദി പറയുക. അവർ പറഞ്ഞു: ഹുദൂറിന്റെ പ്രഭാഷണങ്ങളിൽ ഞാൻ വളരെ ആകർഷിതയാണ്. ഹുദൂറിന്റെ സന്ദേശം ലോകം മനസ്സിലാക്കട്ടെ. എന്നാൽ, കലഹങ്ങൾ അവസാനിക്കും. അപ്പോൾ ഹുദൂർ പറഞ്ഞു: ആദ്യം നിങ്ങൾ നിങ്ങളുടെ രാജ്യത്തെ ജനങ്ങൾക്ക് മനസ്സിലാക്കികൊടുക്കുക. സ്ത്രീകൾ, കുട്ടികൾ, യുവാക്കൾ, വൃദ്ധർ എല്ലാവരും മനുഷ്യകുലത്തിനെ സേവിക്കാൻ അർപ്പണം ചെയ്യുക. വെറും ബെനിനിൽ മാത്രമല്ല മുഴുവൻ ആഫ്രിക്കൻ രാജ്യങ്ങളിലും ഈ സന്ദേശം പ്രചരിപ്പിക്കുക. കുറഞ്ഞപക്ഷം ഫ്രാങ്കോഫോൺ രാജ്യങ്ങളിൽ ഇതിന്റെ വിശാലമായ നിലയിൽ കവറേജുണ്ടാകണം.

- ബോക്കോഹറാമിന്റെ ഭാഗത്തുനിന്ന് ആഫ്രിക്കയിലെ ചില രാജ്യങ്ങളിൽ ഭീകരസംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതുസംബന്ധമായി അവർ പറഞ്ഞു: ഇപ്പോൾ അയൽരാജ്യമായ ബുർക്കിനോഫാസോയിലും ഭീകരപ്രവർത്തനത്തിന്റെ സംഭവമുണ്ടായിട്ടുണ്ട്. ഹുദൂർ പറഞ്ഞു: മാലിയിലും ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. നിങ്ങൾക്ക് നിങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി പൂർണമായും ശ്രമിക്കേണ്ടതായി വരും. അവർ ഹുദൂറിന്റെ വനിതകളോടു ചെയ്ത പ്രഭാഷണം ഉദ്ധരിച്ച് പറഞ്ഞു: ഹുദൂറിന്റെ ഈ പ്രഭാഷണം എന്നെ വല്ലാതെ ആകർഷിച്ചു. സ്ത്രീകൾ അധ്യാപികമാരാണെന്ന് ഹുദൂർ പറഞ്ഞു. അതുപോലെ രാഷ്ട്രത്തിന്റേയും ജനതയുടേയും ശില്പികളുമാണ്. ഭാവികാലത്തെ തലമുറകളുടെ ഉത്തരവാദിത്തം സ്ത്രീകളുടെമേലാണ്. അവർ പറഞ്ഞു: നമ്മുടെ നാട്ടിൽ സ്ത്രീകൾക്ക് അവരുടെ അവകാശങ്ങൾ നല്കപ്പെടുന്നില്ല.

(തുടരും)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin